

‘‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ’’
ഉല്പ. 41: 55

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 90 ലക്കം 11 മെയ് 2018

# ഉള്ളടക്കം

പരിശുദ്ധ പിതാവിന്റെ സന്ദേശം ..................................... 5
സർക്കുലർ Ref: 18 Ch.195-270 ....................................... 9
സർക്കുലർ 18 Ch.196-271 .......................................... 12
സർക്കുലർ 18 Ch.197-272 .......................................... 16
സർക്കുലർ 18 Ch.198-273 .......................................... 19
CBCI പ്രസ്താവന ..................................................... 22
കച്ചേരിക്കാര്യം ........................................................... 28
15-ാമത് പ്രസ്ബിറ്ററൽ കൗൺസിൽ ................................ 36
പഞ്ചവത്സര അജപാലനപദ്ധതി .................................... 38
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി ............................. 42
പാസ്റ്ററൽ കൗൺസിൽ .................................................. 43
സന്ദേശനിലയം ........................................................... 45
ചെറുപുഷ്പ മിഷൻലീഗ് .............................................. 48
ഫാമിലി അപ്പോസ്തലേറ്റ്. ............................................... 50
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ........... 51
യുവദീപ്തി .................................................................. 53
ജീവകാരുണ്യനിധി ട്രസ്റ്റ് ............................................... 56
ആവേമരിയ ................................................................. 60
ഫ്രാൻസിസ്കൻ അല്മായസഭ ....................................... 61
ചാസ് ........................................................................... 63
ആത്മതാകേന്ദ്രം ......................................................... 71
ദലിത് കത്തോലിക്കാ മഹാജനസഭ ............................... 73
വിൻസെൻഷ്യൻ വേദി .................................................. 76
കെയർ ഹോംസ് ........................................................... 78
കത്തോലിക്കാ കോൺഗ്രസ് .......................................... 80
പൗരോഹിത്യ ആദ്ധ്യാത്മികത ....................................... 83
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............................... 89
Engagements. ............................................................ 95

Annual Subscription: Rs. 120/-

ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3061/K-5/KCBC/OL/DS

# 2018 ലോകദൈവവിളി ദിനാചരണം

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരേ,

മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ സമ്മേളനം അടുത്ത ഒക്ടോബറിൽ നടക്കും. അതിൽ ചർച്ചചെയ്യുന്ന പ്രമേയം യുവജനങ്ങൾ, വിശ്വാസം, ദൈവവിളി എന്നിവ തമ്മിലുള്ള ബന്ധം എന്നതാണ്. സന്തോഷത്തിലേക്ക് ദൈവം നല്കുന്ന വിളി എങ്ങനെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളതായിരിക്കുന്നുവെന്ന് കൂടുതൽ ആഴത്തിൽ ചിന്തിക്കാനുള്ള ഒരവസരമായിരിക്കും അത്. ഈ വിളി ഓരോ "യുഗത്തിലെയും സ്ത്രീപുരുഷന്മാരെ സംബന്ധിച്ച ദൈവിക പദ്ധതിയായിരിക്കുമെന്നും" ചിന്തിക്കാനുള്ള അവസരം തന്നെ (Synod of Bishops, XV Ordinary Genral Assembly, Young People, The Faith and Vocational Discernment, Introduction).

ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ അമ്പത്തി അഞ്ചാം ലോകദിനം ഒരിക്കൽകൂടി ഉറപ്പോടെ ഈ സദ്വാർത്ത നമ്മെ അറിയിക്കുന്നു. നാം ആകസ്മികതയുടെ ഇരകളോ പരസ്പര ബന്ധമില്ലാത്ത സംഭവങ്ങളുടെ പരമ്പരയിൽ തൂത്തുവാരപ്പെട്ടവരോ അല്ല. നേരേമറിച്ച്, ഈ ലോകത്തിലെ നമ്മുടെ ജീവിതവും സാന്നിധ്യവും ദൈവികവിളിയുടെ ഫലമാണ്!

ദൈവം നമ്മെ കണ്ടുമുട്ടാൻ നിരന്തരം വരുന്നുവെന്ന് പ്രയാസങ്ങൾ നിറഞ്ഞ ഈ കാലഘട്ടങ്ങളിലും മനുഷ്യാവതാര രഹസ്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. മിക്കപ്പോഴും നമ്മുടെ ജീവിതത്തിന്റെ പൊടിപടലം നിറഞ്ഞ വഴികളിലൂടെ സഞ്ചരിക്കുന്ന, നമ്മോടു കൂടെയുള്ള ദൈവമാണ് അവിടുന്ന്. സ്നേഹത്തിനുവേണ്ടിയുള്ള ഉത്കണ്ഠനിറഞ്ഞ നമ്മുടെ ആഗ്രഹം അവിടുന്ന് അറിയുന്നു. അവിടുന്ന് നമ്മെ വിളിക്കുന്നു. വ്യക്തിപരവും സഭാപരവുമായ ഓരോ വിളിയുടെയും വൈവിധ്യത്തിലും അനന്യതയിലും ഒരു കാര്യം ആവശ്യമുണ്ട്: വചനം ശ്രവിക്കുക, വേർതിരിച്ചറിയുക, ജീവിക്കുക. ഈ വചനം ഉന്നതത്തിൽനിന്ന് നമ്മെ വിളിക്കുന്നു; നമ്മുടെ കഴിവുകളെ വികസിപ്പിക്കാൻ സഹായിക്കുന്നു; ലോകത്തിൽ രക്ഷയുടെ ഉപകരണങ്ങളാക്കുന്നു; നമ്മെ സമ്പൂർണ സന്തോഷത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ശ്രവിക്കുക, വിവേചിച്ചറിയുക, ജീവിക്കുക എന്നീ മൂന്നു വശങ്ങളും ഈശോയുടെ തന്നെ ദൗത്യത്തിന്റെ ആരംഭത്തിൽ ഉണ്ടായിരുന്നു - പ്രാർത്ഥനയ്ക്കും മരുഭൂമിയിലെ പോരാട്ടത്തിനുംശേഷം അവിടുന്ന് നസ്രത്തിലെ സിനഗോഗു സന്ദർശിച്ചപ്പോൾത്തന്നെ. അവിടെ അവിടുന്ന് വചനം ശ്രവിച്ചു. പിതാവ് തന്നെ ഏല്പിച്ച ദൗത്യത്തിന്റെ ഉള്ളടക്കം തിരിച്ചറിഞ്ഞു. ആ ദൗത്യം "ഇന്ന്" പൂർത്തീകരിക്കാൻ താൻ വന്നിരിക്കുന്നുവെന്ന് അവിടന്നു പ്രഘോഷിക്കുകയും ചെയ്തു (ലൂക്കാ 4:16-21).

**ശ്രവിക്കൽ**

തുടക്കത്തിൽത്തന്നെ ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ: കർത്താവിന്റെ വിളി നമ്മുടെ അനുദിനജീവിതത്തിൽ കേൾക്കുകയും കാണുകയും സ്പർശിക്കുകയും ചെയ്യുന്ന മറ്റു കാര്യങ്ങളെപ്പോലെ വ്യക്തമല്ല. ദൈവം നിശ്ശബ്ദനായി, രഹസ്യമായി, നമ്മുടെ സ്വാതന്ത്ര്യത്തെ തടയാതെ വരുന്നു. അതുകൊണ്ട് നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും നിറയ്ക്കുന്ന അനേകം ആകുലതകളിലും താത്പര്യങ്ങളിലും അവിടത്തെ വിളി മുങ്ങിപ്പോയെന്നു വരാം. അതുകൊണ്ട് അവിടത്തെ വചനവും അവിടത്തെ ജീവിതകഥയും ശ്രദ്ധാപൂർവം കേൾക്കേണ്ടത് എങ്ങനെയെന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു. അതേ സമയം, നമ്മുടെ അനുദിനജീവിതത്തിന്റെ വിശദാംശങ്ങളിൽ ശ്രദ്ധിക്കുകയും വേണം. വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കാര്യങ്ങളെ എങ്ങനെ കാണാമെന്നു പഠിക്കാനും പരിശുദ്ധാത്മാവിന്റെ വിസ്മയിപ്പിക്കലിലേക്ക് തുറവുള്ളവരായിരിക്കാനും വേണ്ടിത്തന്നെ.

നാം നമ്മിൽത്തന്നെ അടച്ചുപൂട്ടിയിരുന്നാൽ, നമ്മുടെ സാധാരണ കാര്യങ്ങളിൽത്തന്നെ വ്യാപരിച്ചാൽ, നമ്മുടെ ജീവിതത്തെ തങ്ങളുടെ ചെറിയ ലോകത്ത് ഒതുക്കിക്കളയുന്നവരായി നിലകൊണ്ടാൽ, നമ്മെ സംബന്ധിച്ച് ദൈവമനസ്സിലുള്ള സവിശേഷവും വ്യക്തിപരവുമായ വിളി നാം ഒരിക്കലും കേൾക്കുകയില്ല. വലിയ കാര്യങ്ങളെ സ്വപ്നം കാണാനുള്ള അവസരം നമുക്കു നഷ്ടമാകും. നമ്മോടൊത്ത് ദൈവം എഴുതാൻ ഉദ്ദേശിക്കുന്ന അനന്യമായ കഥയിൽ നമുക്ക് പങ്കില്ലാതാകും.

ഈശോയും വിളിക്കപ്പെട്ട് അയയ്ക്കപ്പെട്ടു. അതുകൊണ്ടാണ് നിശ്ശബ്ദതയിലുള്ള ധ്യാനം അവിടത്തേക്ക് ആവശ്യമായി വന്നത്. അവിടന്ന് സിനഗോഗിൽ വചനം ശ്രദ്ധിച്ചു കേൾക്കുകയും വായിക്കുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ പ്രകാശവും ശക്തിയുംകൊണ്ട് അവിടുന്ന് അതിന്റെ പൂർണമായ അർത്ഥം വെളിപ്പെടുത്തി. തന്നെത്തന്നെയും ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തെയും പരാമർശിക്കുന്ന പൂർണമായ അർത്ഥത്തെത്തന്നെ.

കേൾക്കുകയെന്നത് പ്രയാസമേറിയ കാര്യമായിത്തീരുകയാണ് ഇന്ന്. നമ്മൾ ശബ്ദംനിറഞ്ഞ സമൂഹത്തിൽ മുങ്ങിക്കിടക്കുന്നു. വിവരങ്ങൾ നമ്മെ അമിതമായി ഉദ്ദീപിപ്പിക്കുകയും ആക്രമിക്കുകയും ചെയ്യുന്നു. നമ്മുടെ നഗരങ്ങളിലും അയൽപ്രദേശങ്ങളിലും ചിലപ്പോഴെല്ലാം പ്രബലപ്പെടുന്ന ബാഹ്യശബ്ദത്തോടൊപ്പം മിക്കപ്പോഴും നമ്മുടെ ആന്തരികമായ ചിതറലും ആശയക്കുഴപ്പവുമുണ്ടാകും. സ്വസ്ഥതയോടെയിരുന്ന് ധ്യാനത്തിന്റെ രുചി ആസ്വദിക്കാൻ തടസ്സമുണ്ടാകുന്നു.

നമ്മുടെ ജീവിതസംഭവങ്ങളെപ്പറ്റി വ്യക്തമായി ചിന്തിക്കാൻ, ദൈവത്തിന്റെ സ്നേഹപൂർണമായ പദ്ധതികൾ വിശ്വസിച്ച് ആശ്രയിച്ച് നമ്മുടെ ജോലികൾ ചെയ്യാൻ, ഫലപൂർണമായ ഒരു തിരിച്ചറിയൽ നടത്താൻ തടസ്സമുണ്ടാകുന്നു.

എന്നാലും, നമുക്ക് അറിയാവുന്നതുപോലെ ദൈവരാജ്യം നിശ്ശബ്ദതയോടെ തടസ്സമില്ലാതെ വരുന്നു (cf ലൂക്കാ 17:21). അതിന്റെ വിത്തുകൾ ശേഖരിക്കാൻ ഏലിയാ പ്രവാചകനെപ്പോലെ നമ്മുടെ ആത്മാവിന്റെ ആഴങ്ങളിലേക്ക് ഇറങ്ങണം. ദൈവിക ഇളംകാറ്റിന്റെ മൃദുലശബ്ദം കേൾക്കാൻ നമ്മെത്തന്നെ തുറ

ക്കണം (cf 1 രാജാ 19:11-13).

**വിവേചിച്ചറിയൽ**

ഈശോ നസ്രത്തിലെ സിനഗോഗിൽ ഏശയ്യാപ്രവാചകന്റെ ഗ്രന്ഥത്തിലെ ഒരു ഭാഗം വായിച്ചപ്പോൾ താൻ അയയ്ക്കപ്പെട്ടിരിക്കുന്നത് ഏതു ദൗത്യത്തിനു വേണ്ടിയാണോ അതിന്റെ ഉള്ളടക്കം തിരിച്ചറിഞ്ഞു. മിശിഹായെ കാത്തിരിക്കുന്നവരുടെ മുമ്പിൽ അത് അവതരിപ്പിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19).

ഇതുപോലെ, നമ്മിൽ ഓരോരുത്തർക്കും ആധ്യാത്മിക തിരിച്ചറിവിലൂടെ മാത്രമേ സ്വന്തംവിളി തിരിച്ചറിയാൻ കഴിയുകയുള്ളൂ. "ഒരു വ്യക്തി മൗലികമായ തിരഞ്ഞെടുപ്പുകൾ നടത്തുന്ന ഒരു പ്രക്രിയയാണിത്- കർത്താവിനോട് സംഭാഷണം നടത്തിയും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രദ്ധാപൂർവം കേട്ടും നടത്തുന്ന തിരഞ്ഞെടുപ്പുകൾ. അവയുടെ തുടക്കം ജീവിതാവസ്ഥയുടെ തിരഞ്ഞെടുപ്പാണ്" (Synod of Bishops, XV Ordinary General Assembly, Youth, the Faith and Vocational Discernment, II 2).

അങ്ങനെ ക്രൈസ്തവവിളിക്ക് എപ്പോഴും പ്രവാചകപരമായ ഒരു മാനമുണ്ടെന്ന് നാം കണ്ടെത്തുന്നു. പ്രവാചകർ ജനങ്ങളിലേക്ക് അയയ്ക്കപ്പെട്ടത് ഭൗതികമായ വലിയ അരക്ഷിതത്വത്തിലും ആധ്യാത്മികവും ധാർമികവുമായ സംഘർഷാവസ്ഥയിലുമാണെന്നും അവരെ അയച്ചത് ദൈവനാമത്തിൽ മാനസാന്തരത്തിന്റെയും പ്രത്യാശയുടെയും ആശ്വാസത്തിന്റെയും സന്ദേശം അറിയിക്കാനാണെന്നും വിശുദ്ധ ഗ്രന്ഥം നമ്മോടു പറയുന്നുണ്ട്. കർത്താവിന്റെ വചനം മറന്നുകഴിഞ്ഞ മനസ്സാക്ഷികളുടെ മിഥ്യയായ പ്രശാന്തതയെ പ്രവാചകൻ ചുഴലിക്കാറ്റുപോലെ തകർക്കുന്നു. അദ്ദേഹം ദൈവത്തിന്റെ വാഗ്ദാനത്തിന്റെ വെളിച്ചത്തിൽ സംഭവങ്ങളെ വകതിരിച്ചറിയുന്നു. ചരിത്രത്തിന്റെ ഇരുണ്ട നിഴലുകൾക്കിടയിൽ പ്രഭാതത്തിന്റെ അടയാളങ്ങൾ കാണാൻ ജനങ്ങളെ ശക്തരാക്കുകയും ചെയ്യുന്നു.

ഇന്നും നമുക്ക് തിരിച്ചറിയലിന്റെയും പ്രവചനത്തിന്റെയും വലിയ ആവശ്യമുണ്ട്. ആദർശവാദത്തിന്റെയും നിഷേധാത്മകതയുടെയും പ്രലോഭനങ്ങളെ നാം തടഞ്ഞുനിറുത്തണം. കർത്താവിനോടുള്ള നമ്മുടെ ബന്ധത്തിൽ, അവിടന്നു നമ്മെ വിളിക്കുന്ന സ്ഥലങ്ങളെയും മാർഗങ്ങളെയും സാഹചര്യങ്ങളെയും നാം കണ്ടെത്തുകയും വേണം. ഓരോ ക്രൈസ്തവനും തന്റെ ജീവിതത്തെ "അതിൽത്തന്നെ" വായിച്ചറിയാൻവേണ്ട കഴിവ് വളർത്തണം. കർത്താവ് തന്റെ ദൗത്യം വഹിക്കാൻ വിളിക്കുന്നത് എവിടെയാണ്, എന്തിലേക്കാണ് എന്നൊക്കെ മനസ്സിലാക്കാനുള്ള കഴിവും വളർത്തണം.

**ജീവിക്കൽ**

അവസാനമായി, അനേകരെ ആവേശംകൊള്ളിക്കുകയും മറ്റനേകരുടെ ഹൃദയം കഠിനമാക്കുകയും ചെയ്യുന്ന ഈ മണിക്കൂറിന്റെ പുതുമ ഈശോ അറിയിക്കുന്നു. സമയത്തിന്റെ പൂർണത വന്നുകഴിഞ്ഞു. അവിടുന്നാണ് ഏശയ്യാ

പ്രവചിച്ച മിശിഹാ. ബന്ധിതരെ സ്വതന്ത്രരാക്കാനും അന്ധർക്കു കാഴ്ചനല്കാനും ഓരോ സൃഷ്ടിയോടും ദൈവത്തിന്റെ കരുണാപൂർണമായ സ്നേഹം പ്രഘോഷിക്കാനും വന്ന മിശിഹാതന്നെ. യഥാർത്ഥത്തിൽ ഈശോ പറയുന്നു: "ഇന്ന് നിങ്ങൾ കേൾക്കെത്തന്നെ ഈ വിശുദ്ധലിഖിതം നിറവേറിയിരിക്കുന്നു" (ലൂക്കാ4:21).

ദൈവത്തെയും നമ്മുടെ സഹോദരീസഹോദരന്മാരെയും കണ്ടുമുട്ടാൻ നമ്മെ തുറവുള്ളവരാക്കുന്ന സുവിശേഷത്തിന്റെ സന്തോഷം നമ്മുടെ അലസതയെയും മന്ദതയെയും നിലനിർത്തുകയില്ല. തീരുമാനമെടുക്കുന്നതിന്റെ സാഹസികത ഇന്നുതന്നെ സ്വീകരിക്കാതിരുന്നാൽ, ശരിയായ സമയം കാത്തിരിക്കുന്നുവെന്ന ഒഴിവുകഴിവു പറഞ്ഞ് ജനലിനരുകിൽ നിന്നാൽ അത് നമ്മുടെ ഹൃദയത്തെ നിറയ്ക്കുകയില്ല. വിളി ഇന്നാണ്! ക്രൈസ്തവദൗത്യം ഇന്നാണ്! നമ്മിൽ ഓരോരുത്തരും വിളിക്കപ്പെടുന്നു. അത് വിവാഹം ചെയ്തുകൊണ്ടുള്ള അല്മായ ജീവിതത്തിലേക്കായാലും കൈവയ്പ്പ് സ്വീകരിച്ച് വൈദിക ജീവിതത്തിലേക്കായാലും സവിശേഷമായ സമർപ്പണത്തിലേക്കായാലും നാം വിളിക്കപ്പെടുന്നു - ഇവിടെ, ഇപ്പോൾ കർത്താവിന്റെ സാക്ഷിയാകാൻ തന്നെ.

ഈശോ പ്രഘോഷിച്ച ഈ 'ഇന്ന്' ഒരു കാര്യം ഉറപ്പുതരുന്നു. നമ്മുടെ മനുഷ്യവംശത്തെ രക്ഷിക്കാനും തന്റെ ദൗത്യത്തിൽ നമ്മെ പങ്കാളികളാക്കാനും ദൈവം തന്റെ 'ഇറങ്ങിവരവ്' തുടർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ആ കാര്യം. പ്രത്യേകമായ അടുപ്പത്തോടെ തന്നോടൊത്തു ജീവിക്കാനും തന്നെ അനുഗമിക്കാനും മറ്റുള്ളവരെ വിളിക്കൽ കർത്താവ് തുടർന്നുകൊണ്ടിരിക്കുന്നു. തന്നെ നേരിട്ടു സേവിക്കാൻ അവിടന്ന് മറ്റുള്ളവരെ വിളിച്ചുകൊണ്ടിരിക്കുന്നു. അവിടത്തെ രാജ്യത്തിനുവേണ്ടി നമ്മെത്തന്നെ പൂർണമായി സമർപ്പിക്കാൻ അവിടന്നു നമ്മെ വിളിക്കുന്നുവെന്നു തിരിച്ചറിയാൻ അവിടന്ന് അനുവദിച്ചാൽ നാം ഒട്ടും ഭയപ്പെടരുത്. പൂർണമായും എന്നേക്കും ദൈവത്തിനും നമ്മുടെ സഹോദരീസഹോദരന്മാർക്കുമായുള്ള സേവനത്തിനുംവേണ്ടി സ്വയം സമർപ്പിക്കുകയെന്നത് മനോഹരമാണ് - വലിയ ദൈവകൃപയുമാണ്.

തന്നെ അനുഗമിക്കാൻ കർത്താവ് ഇന്ന് തന്റെ വിളി തുടർന്നുകൊണ്ടിരിക്കുന്നു. ഉദാരതയോടെ സമ്മതം പറയുന്നതിന് നാം പൂർണതയുള്ളവരാകാൻ കാത്തിരിക്കേണ്ടതില്ല; നമ്മുടെ പരിമിതികളും പാപങ്ങളും ഓർത്ത് ഭയപ്പെടുകയും വേണ്ട. മറിച്ച്, നമ്മുടെ ഹൃദയങ്ങളെ കർത്താവിങ്കലേക്കു തുറക്കണം. ആ ശബ്ദം കേൾക്കാൻ, സഭയിലും ലോകത്തിലുമുള്ള നമ്മുടെ ദൗത്യം തിരിച്ചറിയാൻ അവസാനമായി ദൈവം നമുക്കു നല്കുന്ന ഈ ദിവസം അതനുസരിച്ചു ജീവിക്കാൻ തന്നെ. അറിയപ്പെടാതെ ജീവിച്ചിരുന്ന ചെറുപ്പക്കാരിയായ ഏറ്റവും പരിശുദ്ധ കന്യകാമറിയം ശരീരമായിത്തീർന്ന ദൈവവചനത്തെ കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്തു. അവൾ നമ്മുടെ യാത്രയിൽ എപ്പോഴും നമ്മെ സംരക്ഷിക്കുകയും നമ്മോടൊപ്പമുണ്ടായിരിക്കുകയും ചെയ്യട്ടെ!

വത്തിക്കാനിൽ നിന്ന്, 3 ഡിസംബർ 2017,
ആഗമനകാലത്തിന്റെ ഒന്നാം ഞായറാഴ്ച

**ഫ്രാൻസിസ് മാർപാപ്പാ**

**സർക്കുലർ** 18 Ch. 195-270

# 131-ാമത് അതിരൂപതാദിനാഘോഷം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

131-ാമത് അതിരൂപതാദിനം ഈ വർഷം മെയ് 19-ന് നാം ആചരിക്കുകയാണ്. മെയ് 20 ഞായറാഴ്ചയായതിനാലാണ് മെയ് 19-ലേക്ക് ഈ ആചരണം മാറ്റാനിടയായത്. തുരുത്തി മർത്ത് മറിയം ഫോറോനാ പള്ളിയിൽവെച്ച് രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ നടക്കുന്ന അതിരൂപതാദിനാഘോഷത്തിലേക്ക് അതിൽ പങ്കെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന എല്ലാവരെയും ഞാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. "അതിരൂപതയിൽ നാം ഒരു കുടുംബം" എന്നത് അന്വർത്ഥമാകത്തക്കവിധം എല്ലാ വൈദികരും സമർപ്പിതരുടെ പ്രതിനിധികളും എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികളും മറ്റു ക്ഷണിതാക്കളും ആദ്യന്തം സംബന്ധിച്ച് അതിരൂപതാ കുടുംബസമ്മേളനം വിജയിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു. എല്ലാവരും കൃത്യസമയത്തെത്തുവാനും അവസാനം വരെ പങ്കെടുക്കാനും ബഹു. വികാരിയച്ചന്മാർ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്നും ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകണമെന്നും ഓർമ്മിപ്പിക്കുന്നു.

തുരുത്തി ആലഞ്ചേരി കുടുംബാംഗമായ വന്ദ്യ ബർണാർദ് തോമ്മാ ടി.ഒ.സി.ഡി. (1858-1940) അച്ചന്റെ അനുസ്മരണയ്ക്കായി സമ്മേളന സ്ഥലത്തിന് 'ഫാ. ബർണാർദ് തോമ്മാ നഗർ' എന്നാണ് പേരിട്ടിരിക്കുന്നത്. 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന പേരിൽ മാർത്തോമ്മാ നസ്രാണികളുടെ ബൃഹത്തായ ചരിത്രം രചിച്ച വിഖ്യാതനായ ചരിത്രകാരനും സുറിയാനിഭാഷാ മല്പാനും ദീപികയുടെ പത്രാധിപരും അധ്യാപകനും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന ബർണാർദച്ചൻ ചങ്ങനാശേരി അതിരൂപതയുടെ അഭിമാനപുത്രനും മാർത്തോമ്മാ നസ്രാണികൾക്ക് അവിസ്മരണീയനുമാണ്.

131-ാം അതിരൂപതാദിനാചരണം പല വിധത്തിൽ ശ്രദ്ധേയമാവുകയാണ്. കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഈ വർഷം യുവജനവർഷമായി ആചരിക്കയാണല്ലോ. യുവജനങ്ങൾ വിശ്വാസത്തിൽ അടിയുറച്ച് തങ്ങളുടെ വിളി തിരിച്ചറിഞ്ഞ്, സഭയോടൊത്ത് ചിന്തിക്കാനും സഭയോടൊത്ത് ജീവിക്കാനും സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കു ചേരാനും പ്രാപ്തരാകണം. അതനുസരിച്ചുള്ള പരിശീലനം

യുവജനങ്ങൾക്കു ലഭിക്കണം. ഓരോ ഇടവകയും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം. അതിരൂപതയിലെ യുവജനപ്രസ്ഥാനമായ യുവദീപ്തി യുടെ നേതൃത്വത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും അവയോട് എല്ലാവരും സഹകരിക്കണമെന്നും പ്രത്യേകം ഓർമ്മിപ്പി ക്കുന്നു. യുവജനവർഷം പ്രമാണിച്ച് മികവു തെളിയിച്ച യുവകർഷകൻ, യുവസംരംഭകൻ, യുവകലാകാരൻ എന്നിവരെ അതിരൂപതാദിനത്തിൽ അവാർഡുകൾ നൽകി ആദരിക്കുന്നതാണ്. വിവിധ മേഖലകളിൽ മികവു പുലർത്തുന്ന ഭിന്നശേഷിയുള്ള വ്യക്തികളെയും പ്രത്യേകമായി ആദരിക്കുന്നതാണ്.

പഞ്ചവത്സര അജപാലനപദ്ധതിയുടെ ഭാഗമായി 131-ാം അതിരൂപതാ ദിനം പ്രമാണിച്ച് കുറഞ്ഞത് 131 ഭവനങ്ങളെങ്കിലും വീടില്ലാത്തവർക്കായി നിർമ്മിച്ചു നൽകണമെന്നു തീരുമാനിച്ചിരുന്നു. എന്നാൽ പുതിയ 157 ഭവനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞു എന്നത് സന്തോഷകരമാണ്. കൂടാതെ 330 വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കാനും 63 പേർക്ക് ചുരുങ്ങിയത് 3 സെന്റ് സ്ഥലം വീതം നൽകാനും സാധിച്ചു. ആകെ 9 കോടിയോളം രൂപ ഇപ്രകാരം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സ്ഥലം നൽകിയും പണം നൽകിയും മറ്റു വിധത്തിലും സഹകരിച്ച ഇടവകക ളെയും വ്യക്തികളെയും നേതൃത്വം നൽകിയ വൈദികരെയും അഭിനന്ദി ക്കുകയും അവരോട് നന്ദി പറയുകയും ചെയ്യുന്നു.

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സർക്കാരുമായി ചേർന്ന് ഈ വർഷം 10 ലക്ഷം മരങ്ങൾ വച്ചുപിടിപ്പിക്കാൻ നിശ്ചയിച്ചിരി ക്കയാണ്. സണ്ടേസ്കൂൾ, റെഗുലർസ്കൂൾ, ചാസ്സിന്റെ അയൽക്കൂട്ടങ്ങൾ, സംഘടനകൾ തുടങ്ങിയവയിലൂടെ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടവകതലത്തിൽ ബഹു. വികാരിയച്ചന്മാർ ഇതിന് നേതൃത്വം നൽകണമെന്നഭ്യർത്ഥിക്കുന്നു. അതിരൂപതാദിനത്തിൽ പങ്കെടുക്കുന്ന എല്ലാ ഇടവകയ്ക്കും നാട്ടുമാവിന്റെ തൈ സമ്മാനമായി നൽകുന്നതാണ്.


**ഇടവകതല അതിരൂപതാദിനാചരണം മെയ് 13 ഞായറാഴ്ച**

മെയ് 13 ഞായറാഴ്ച ഇടവകതലത്തിൽ അതിരൂപതാദിനാചരണം നടത്തേണ്ടതാണ്. അന്നേദിവസം അതിരൂപതയുടെ പൊതുനിയോഗ ത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും അതിരൂപതാ ആന്തം ഇടവകസമൂഹം ഒന്നുചേർന്ന് ആലപിക്കുകയും അതിരൂപതയിൽ നാമൊരു കുടുംബം എന്ന സന്ദേശം പ്രഘോഷിച്ചുകൊണ്ട് പേപ്പൽ പതാക ഉയർത്തുകയും ചെയ്യേണ്ടതാണ്. മെയ് 20-ന് ഞായറാഴ്ച വിശുദ്ധ കുർബാ നയ്ക്കുശേഷം ദൈവസ്തുതിഗീതവും അതിരൂപതാ ആന്തവും ആലപിച്ച് പതാക താഴ്ത്തേണ്ടതുമാണ്.

മെയ് 19-ന് അതിരൂപതാദിനം ആചരിച്ച് പെന്തക്കുസ്താ തിരുനാളാഘോഷത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. പെന്തക്കുസ്താ തിരുനാളിലാണല്ലോ സഭാപ്രവർത്തനം ഔദ്യോഗികമായി ആരംഭിച്ചത്. സഭാകൂട്ടായ്മ ദൃശ്യമായത് അന്നാണ്. ഒരു വിധത്തിൽ സഭയുടെ ജന്മദിനമായിരുന്നു അത്. ഈ വർഷം പെന്തക്കുസ്താതിരുനാൾ മെയ് 20 ആയതുകൊണ്ട് നമ്മുടെ അതിരൂപതയുടെ ജന്മദിനവുമായി ഒത്തുവന്നിരിക്കുന്നു. നമ്മുടെ അതിരൂപതയ്ക്ക് ഇതൊരു പുതിയ പെന്തക്കുസ്താ അനുഭവം ആകാൻ നമുക്കു പ്രാർത്ഥിക്കാം.

എല്ലാവർക്കും പെന്തക്കുസ്തായുടെയും അതിരൂപതാദിനത്തിന്റെയും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ഈ സർക്കുലർ മെയ് 6-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

**സർക്കുലർ** 18 Ch. 196-271

വന്ദ്യ വൈദികരേ, പ്രിയ സഹോദരങ്ങളേ,

നവീന കാലഘട്ടത്തിന്റെ ആശ്ചര്യജനകവും ത്വരിതവളർച്ച കൈവരിച്ചതുമായ പ്രതിഭാസമാണ് മാധ്യമലോകം. വിവരസാങ്കേതിക വിദ്യയുടെ വിന്യാസം അഭൂതപൂർവമായ വളർച്ച കൈവരിക്കുകയും പുതിയ അറിവിനും ചിന്താധാരകൾക്കും വഴിതുറക്കുകയും പണ്ടൊരിക്കലുമില്ലാത്ത തരത്തിലുള്ള ബന്ധങ്ങൾ രൂപവത്ക്കരിക്കുന്നതിനും കൂട്ടായ്മ വളർത്തുന്നതിനും വേദിയൊരുക്കുകയും ചെയ്യുന്ന സംവിധാനമായി മാറി. അടുത്തകാലംവരെ അചിന്തനീയമായിരുന്ന അറിവിന്റെ പുതിയ ചക്രവാളങ്ങൾ മാധ്യമരംഗത്തെ വളർച്ചയിലൂടെ മാനവരാശിക്ക് സ്വായത്തമായി.

ആശയവിനിമയ പ്രക്രിയയിൽ അതിവേഗം കൈവന്ന വളർച്ചയിലൂടെ മാധ്യമലോകം സ്വാധീന ശേഷിയുടെ അമരത്തേക്ക് എത്തിച്ചേർന്നു. സ്വാധീനശേഷിയിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്ന രാഷ്ട്രീയ-ഭരണസംവിധാനങ്ങൾ കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ വളരെ നിർണായകമായ ഇടപെടലുകൾ നടത്താൻ ശേഷി തെളിയിച്ച ഒരു നവരൂപമാണ് ഇന്നിന്റെ മാധ്യമങ്ങളെന്ന് യാഥാർത്ഥ്യബോധത്തോടെ ഇനിയെങ്കിലും നാം തിരിച്ചറിയണം. മാധ്യമങ്ങളെ ഉപയോഗിച്ചുള്ള ഈ നൂതന ബലതന്ത്രത്തിന്റെ സാധ്യതകൾ ഇന്ന് ആശയവിനിമയ ശാസ്ത്രത്തിലുള്ള മനുഷ്യന്റെ താത്പര്യം വർദ്ധിപ്പിക്കുകയും ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും പൊതുതീരുമാനങ്ങളെ സ്വാധീനിക്കാൻ ഉപയോഗിക്കുകയും ചെയ്യുന്നു. ആ സാഹചര്യത്തിലാണ് രാഷ്ട്രീയ പാർട്ടികളും സംഘടനകളും പ്രസ്ഥാനങ്ങളും സമുദായങ്ങളും സ്വന്തമായ മാധ്യമങ്ങൾ ആരംഭിക്കുകയും അതീവ ശ്രദ്ധയോടും താത്പര്യത്തോടുംകൂടി സർവശക്തിയും ഉപയോഗിച്ച് അതിനെ വളർത്തിയെടുക്കാൻ പരിശ്രമം നടത്തുകയും ചെയ്യുന്നത്.

കഴിഞ്ഞ 132 വർഷങ്ങളായി ദീപിക ദിനപത്രവും അനുബന്ധ പ്രസിദ്ധീകരണങ്ങളുമാണ് കേരള കത്തോലിക്കാ സഭയുടെ സാമൂഹ്യ ആശയ വിനിമയ മാധ്യമങ്ങൾ. ഓരോ ദിവസവും സഭയുടെ മനസ് സഭാംഗങ്ങളെ അറിയിക്കാൻ സഭയ്ക്ക് ഇന്നു ദീപിക ദിനപത്രം മാത്രമേയുള്ളു. അതിനാൽ, നിരന്തരമായ മാധ്യമജാഗ്രതയിലേക്ക് ഒരു സമൂഹമെന്ന നിലയിൽ ഇനിയും ഉണർന്ന്, ദീപികയുടെ പ്രസക്തി നാം തിരിച്ചറിയേണ്ടതുണ്ട്.

## ദീപിക - കേരപ്രചാരണ ജാഥ (1995)

പഴയ തലമുറയ്ക്ക് നേരിടേണ്ടിവന്ന കഷ്ടപ്പാടുകളിലും ദാരിദ്ര്യ- ദുഃഖങ്ങളിലും സാമ്പത്തിക പരാധീനതകളിലും സഭ എന്നും അവരോടൊപ്പമുണ്ടായിരുന്നു. പിന്നീട് വെല്ലുവിളികളും വിലത്തകർച്ചയും കാർഷിക വിരുദ്ധ നയങ്ങളുമായപ്പോൾ ദീപിക എന്ന സ്വരമുപയോഗിച്ചാണ് നാം അതിനെ പ്രതിരോധിച്ചത്. കേരളത്തിലെ കാർഷിക സമൂഹം പ്രതിസന്ധികളിൽ അകപ്പെട്ടപ്പോഴെല്ലാം അവർക്ക് ആശാദീപമായത് ദീപിക മാത്രമാണ്. നാളികേരത്തിന്റെ വില ഒരു രൂപയിലും താഴ്ന്ന അവസരത്തിൽ കാസർഗോഡ് ജില്ലയിലെ രാജപുരത്തുനിന്നും തിരുവനന്തപുരം വരെ 'കേരപ്രചാരണ ജാഥ' നടത്തി ദീപിക കർഷകരോടുള്ള പ്രതിബദ്ധത തുറന്നുകാട്ടിയത് കേരള കാർഷിക ചരിത്രത്തിലെ സുവർണ സ്മരണയാണ്.

## ദീപിക - കുടിയേറ്റ ജനതയോടൊപ്പം

റബ്ബറിന്റെയും മറ്റു കാർഷികോത്പന്നങ്ങളുടെയും വിലസ്ഥിരതയ്ക്കുവേണ്ടി ദീപിക നടത്തിയ പോരാട്ടങ്ങളും ഓർമിക്കത്തക്കതാണ്. മലയോര കർഷകർ കുടിയിറക്കിന്റെ ഭീഷണിയിലായപ്പോഴെല്ലാം അവർക്കൊപ്പം നിന്ന് പടവെട്ടിയത് ദീപിക മാത്രമായിരുന്നു. മലയോര ഹൈവേ, മലയോര വികസന അഥോറിറ്റി എന്നിവയെല്ലാം യാഥാർഥ്യമാക്കുന്നതിനു ദീപിക നടത്തിയ മുന്നേറ്റങ്ങൾ ചരിത്രമാണ്. കസ്തൂരിരംഗൻ, മാധവ്ഗാഡ്ഗിൽ റിപ്പോർട്ടുകളുടെ പേരിൽ കർഷകർക്കെതിരെ നടന്ന കുപ്രചാരണങ്ങളെ പ്രതിരോധിക്കുന്നതിനും കർഷകശബ്ദം അധികാരകേന്ദ്രങ്ങളിലെത്തിക്കുന്നതിനും അവർക്കു നീതി ഉറപ്പുവരുത്തുന്നതിനുമായി ദീപിക നടത്തുന്ന പരിശ്രമങ്ങൾ നാം തിരിച്ചറിയണം.

## സമുദായത്തിലെ മാധ്യമ അധിനിവേശം തിരിച്ചറിയുക

യാഥാർഥ്യങ്ങൾ ഇതൊക്കെയാണെങ്കിലും ഇന്നു കത്തോലിക്കാ സമുദായത്തിൽ വലിയൊരു വിഭാഗം അംഗങ്ങൾ വാർത്തകൾ അറിയുന്നത് പൊതുവേ സഭാവിരുദ്ധ മനോഭാവവും പക്ഷാഭേദനിലപാടും പുലർത്തുന്ന മാധ്യമങ്ങളിലൂടെയാണെന്നുള്ളത് നമ്മൾ ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതുണ്ട്. നിഷ്പക്ഷവും സത്യസന്ധവും ക്രിയാത്മകവുമായ മാധ്യമങ്ങളെയാണ് നമ്മൾ ആശ്രയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത്. സ്ഥാപിത താല്പര്യങ്ങളോടെ നീതിബോധമില്ലാതെ പ്രവർത്തിക്കുന്ന മാധ്യമങ്ങളെ തിരിച്ചറിയാനും വഞ്ചിതരാകാതിരിക്കാനുമുള്ള വിവേകം നമുക്കുണ്ടാകണം. കത്തോലിക്കാ സഭയ്ക്ക് പൂർണ നിയന്ത്രണമുള്ളതും നമ്മുടെ സ്വന്തം ജിഹ്വയുമായ ദീപിക ദിനപത്രത്തെ സ്വന്തമായി കണ്ട് സ്നേഹിക്കാനും വളർത്തി ശക്തിപ്പെടുത്താനും നമുക്കു കഴിയണം.

കാർഷികമേഖലയും ഇടത്തരം കച്ചവട-വ്യവസായ മേഖലകളും കോർപറേറ്റുകളുടെ വികസന നിലപാടുകളിലൂടെ തകർന്നടിയുന്നു. അതിനാൽ, ഈ കാലഘട്ടത്തിൽ തഴയപ്പെടുന്ന സാധാരണക്കാർക്കുവേണ്ടി നിലപാടെടുക്കണമെന്ന് സമൂഹത്തോട് സംസാരിക്കാൻ ദീപികയെ ശക്തിപ്പെടുത്തിയേ പറ്റൂ. ഡി.എഫ്.സി.യിലൂടെ ദീപിക ശക്തമായ മുന്നേറ്റത്തിന്റെ പാതയിലാണെന്ന് അഭിമാനത്തോടെ തിരിച്ചറിയണം. മെയ് 26-ാം തീയതി പാലായിൽവെച്ചു നടക്കുന്ന സംസ്ഥാന കൺവൻഷനും കാസർഗോഡ് വെള്ളരിക്കുണ്ടിൽനിന്നു പുറപ്പെടുന്ന കർഷക ജാഥയും സഭയുടെ ഐക്യത്തിന്റെയും മാധ്യമ അവബോധത്തിന്റെയും പ്രകടനമാവട്ടെ.

**ഒരു കോടി ഒപ്പ് - ഒരു പുതു ചരിത്രം**

ഇതിനു മുന്നോടിയായി വെള്ളരിക്കുണ്ടിൽ മെയ് രണ്ടിന് ആരംഭിച്ച് മെയ് 23-നു തിരുവനന്തപുരത്ത് സമാപിക്കുന്ന ജാഥയിൽ കേരള കാർഷിക മേഖലയുടെ ആശങ്കകളും ആവശ്യങ്ങളും ഉന്നയിക്കുന്ന, ഒരു കോടി കർഷകർ ഒപ്പിട്ട, നിവേദന സമർപ്പണവും നടത്തുന്നു. മെയ് 21, 22, 23 തീയതികളിലാണ് നമ്മുടെ അതിരൂപതയിലൂടെ കർഷക ജാഥ കടന്നുപോകുന്നത്. ഇതിന് എല്ലാവിധ പിന്തുണയും കൊടുക്കുക എന്നത് നമ്മുടെ ധാർമ്മിക ഉത്തരവാദിത്വവും ആവശ്യവും ആണല്ലോ. ഇതിനോടൊപ്പം കത്തോലിക്കാസഭയുടെയും കാർഷിക മേഖലയുടെയും സ്വരമായ ദീപികയെ ശക്തിപ്പെടുത്തേണ്ട മാർഗങ്ങൾ താഴെ കൊടുക്കുന്നു.


**നമ്മൾ ചെയ്യേണ്ടത്**

1. ഇടവക സംഘടനാതലങ്ങളിൽ ഉത്തരവാദിത്വം വഹിക്കുന്ന കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ സ്വഭവനങ്ങളിൽ ദീപിക വരുത്തുന്നു എന്ന് ഉറപ്പുവരുത്തുക. മറ്റു കുടുംബങ്ങളിൽ ദീപികയെത്തിക്കുവാൻ പരിശ്രമിക്കുക.
2. നമ്മുടെ രൂപതയുടെ എല്ലാ സ്ഥാപനങ്ങളിലും സേവനം ചെയ്യുന്നവർ ദീപിക വരിക്കാരാകുക.
3. എല്ലാ വിശ്വാസികളും സ്വഭവനങ്ങളിൽ ദീപിക വരുത്തി സഭയുടെ മാധ്യമപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുക.
4. ഒരു മാധ്യമത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വരിസംഖ്യയോടൊപ്പം പരസ്യങ്ങളും അനിവാര്യമാണ്. നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെ സംരഭങ്ങളുടെയും, കുടുംബങ്ങളുടെയും പരസ്യങ്ങൾ ദീപികയ്ക്കു നൽകുവാൻ തീരുമാനിക്കുക.
5. കത്തോലിക്കാ സ്ഥാപനങ്ങളിൽ ഇടവകാംഗങ്ങളുടെ സ്ഥാപനങ്ങൾ, കടകൾ, തുടങ്ങിയ ഇടങ്ങളിൽ ദീപികയുടെ സാന്നിധ്യം എല്ലാവർക്കും കാണത്തക്കവിധം ഉറപ്പുവരുത്തി മറ്റുള്ളവരിലേക്കും കർഷകകരുടെ ശബ്ദം എത്തിക്കുക.

ഇതുവഴി ദീപികയുടെ വളർച്ചയ്ക്കും കാർഷിക മേഖലയുടെ ഉന്നമനത്തിനും ധാർമിക കാഴ്ചപ്പാടുകളുടെ കൈമാറ്റത്തിനും സഭാസംരക്ഷണത്തിനുമുള്ള വിശ്വാസി സമൂഹത്തിന്റെ ധാർമിക ഉത്തരവാദിത്വം നിറവേറ്റാൻ കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു.

അതുകൊണ്ട്, സമയവും സാഹചര്യവും ആവശ്യപ്പെടുന്നതുപോലെ, മാധ്യമ ജാഗ്രതയുടെ അനിവാര്യത തിരിച്ചറിഞ്ഞ്, സഭയുടെ സ്വന്തം മാധ്യമമായ ദീപികയുടെ വളർച്ചയ്ക്കായി സഭാതനയരായ നമുക്ക് ഒറ്റക്കെട്ടായി ഉത്സാഹപൂർവ്വം പരിശ്രമിക്കാം. പ്രസ്തുത കാര്യത്തിലേക്ക് നിങ്ങളുടെ ആത്മാർത്ഥവും ക്രിയാത്മകവുമായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും സഭയുടെ മാധ്യമശുശ്രൂഷയ്ക്കായി ചെയ്യുന്ന എല്ലാ സേവനങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും

ആശീർവ്വാദത്തോടെ,



**ആർച്ചുബിഷപ്പ്  ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ഈ സർക്കുലർ മെയ് 20-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

**സർക്കുലർ** 18 Ch. 197-272

# പെന്തക്കുസ്താ തിരുനാളിന് ഒരുങ്ങാം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ,

തിരുസഭയിലെ പ്രധാന തിരുനാളുകളിലൊന്നായ പെന്തക്കുസ്താ സമാഗതമായിരിക്കുന്നു. ഈ വർഷം ഈ തിരുനാൾ മെയ് 20-.നായതിനാൽ നമ്മുടെ അതിരൂപതയുടെ ജന്മദിനവും പെന്തക്കുസ്താതിരുനാളും ഒരുമിച്ചു വന്നിരിക്കുകയാണ്. റൂഹാദ്ക്കുദശായാൽ നിറഞ്ഞ് ശ്ലീഹന്മാരും അവരുടെ സുവിശേഷസാക്ഷ്യംവഴി മറ്റുള്ളവരും ഏകമനസ്സോടെ ഒരു കൂട്ടായ്മയായി രൂപപ്പെടുകയും ദൃശ്യസഭയായി ഈ ലോകത്തിൽ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. ഇപ്രകാരം രൂപംകൊണ്ട തിരുസഭയുടെ പ്രാദേശിക ഘടകമായി നമ്മുടെ അതിരൂപത 1887 മെയ് 20-ന് ജന്മം കൊണ്ടു. സത്യത്തിന്റെയും ഐക്യത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ദൈവികശക്തിയുടെയും ആത്മാവാണ് റൂഹാദ്ക്കുദശാ. ഈശോ വാഗ്ദാനം ചെയ്ത റൂഹാദ്ക്കുദശായെ സ്വീകരിക്കുന്നതിനുവേണ്ടി ശ്ലീഹന്മാർ പരിശുദ്ധ മറിയത്തോടും മറ്റുള്ളവരോടുംകൂടി തിരുവത്താഴശാലയിൽ പ്രാർത്ഥനാനിരതരായി കഴിഞ്ഞു. പത്താംദിവസം റൂഹാദ്ക്കുദശാ അവരുടെമേൽ ഇറങ്ങിവരികയും അവർ ശക്തിയോടെ കർത്താവിനു സാക്ഷ്യം വഹിക്കുകയും ചെയ്തു.

പ്രതികൂല ശക്തികളെയും പീഡനങ്ങളെയും അതിജീവിച്ചു മുന്നേറാൻ സഭയ്ക്ക് ശക്തി പകർന്നത് റൂഹാദ്ക്കുദശായായിരുന്നു. ആന്തരികവും ബാഹ്യവുമായ എതിർശക്തികൾ ഇന്ന് സഭയ്ക്കെതിരേ പ്രവർത്തിക്കുന്നുണ്ട്. അവയെ വിജയപൂർവ്വം നേരിടാനും ഏകമനസ്സോടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കാനും റൂഹാദ്ക്കുദശായുടെ കൃപാവരത്തിനായി നമുക്കും തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം.

ഈശോയുടെ സ്വർഗ്ഗാരോഹണം മുതൽ പെന്തക്കുസ്താവരെയുള്ള ദിനങ്ങളിൽ പ്രാർത്ഥനാനിരതരായിരുന്ന ശ്ലീഹാന്മാരെപ്പോലെ ഈ വർഷം സ്വർഗ്ഗാരോഹണത്തിരുനാളായ മെയ് 10 മുതൽ പെന്തക്കുസ്താതിരുനാളായ മെയ് 20 വരെയുള്ള 10 ദിവസം കഴിയുന്നിടത്തോളം പ്രാർത്ഥനാരൂപിയിൽ ചെലവഴിക്കാൻ നമുക്കു പരിശ്രമിക്കാം. ഈ ദിവസങ്ങളിൽ ഓരോ മണിക്കൂറെങ്കിലും പ്രത്യേക പ്രാർത്ഥനയ്ക്കായി മാറ്റിവയ്ക്കാൻ എല്ലാവരും പരിശ്രമിക്കണമെന്ന് താല്പര്യപ്പെടുന്നു. താഴെപ്പറയുന്ന നിയോഗങ്ങൾക്കായി എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

1. നുണ പറഞ്ഞും വ്യാജാരോപണങ്ങൾ ഉന്നയിച്ചും സത്യം മറച്ചുവച്ചും സഭയിൽ തെറ്റിദ്ധാരണയും അനൈക്യവും ഭിന്നതയും ശത്രുതയും വളർത്തി സഭയെ തകർക്കാൻ ശ്രമിക്കുന്ന തിന്മയുടെ ശക്തിയെ പരാജയപ്പെടുത്തി സ്നേഹവും ഐക്യവും സമാധാനവും വളർത്താൻ സത്യത്തിന്റെയും ഐക്യത്തിന്റെയും അരൂപിയാൽ എല്ലാവരും നയിക്കപ്പെടുന്നതിന്.
2. അധികാരികളെ ധിക്കരിച്ചും അനാദരിച്ചും സഭാപ്രബോധനങ്ങളെ അവഗണിച്ചും സഭയിൽ അച്ചടക്കരാഹിത്യം വളർത്തുന്നതിനെതിരേ ദൈവാരൂപിയുടെ പ്രചോദനത്തിന് വിധേയപ്പെട്ട് അച്ചടക്കവും അനുസരണയും വിനയവും സഭാമക്കളിൽ വളർത്താൻ റൂഹാദ്ക്കുദശായുടെ കൃപ ലഭിക്കുന്നതിന്.
3. ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും കൊലപാതകങ്ങളും മനുഷ്യജീവനെതിരെയുള്ള ഭീഷണികളും അരങ്ങേറുന്ന സമൂഹത്തിൽ ശരിയായ മനുഷ്യബന്ധങ്ങളും ധാർമ്മികതയും പരസ്പരസ്നേഹവും ജീവനോടുള്ള ആദരവും സംജാതമാക്കാൻ ദൈവകൃപ ലഭിക്കുന്നതിന്.
4. കുടുംബങ്ങളെയും സമൂഹത്തെയും താറുമാറാക്കുന്ന മദ്യ-മയക്കുമരുന്നുകൾ, മാധ്യമങ്ങളുടെ ദുരുപയോഗങ്ങൾ തുടങ്ങിയ വിപത്തുകളിൽനിന്ന് മോചിതരായി സമാധാനപരമായ ജീവിതം നയിക്കുന്നതിനു കർത്താവിന്റെ അരൂപിയാൽ നിറയുന്നതിന്.

പഞ്ചവത്സര അജപാലനപദ്ധതിയുടെ ഭാഗമായി, ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനങ്ങൾ ചിന്താവിഷയമാക്കുന്ന ശ്ലീഹാക്കാലത്ത്, പ്രത്യേകം ശ്രദ്ധവയ്ക്കേണ്ട അജപാലന മേഖലകളായ പ്രേഷിതദൗത്യം, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് ഈ വർഷം നടപ്പിലാക്കേണ്ട കാര്യങ്ങൾ പഞ്ചവത്സര അജപാലന മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നവ ചുവടെ ചേർക്കുന്നു:

**പ്രേഷിത ദൗത്യം**

1. അല്മായർ അവരുടെ പ്രവർത്തനമണ്ഡലങ്ങളിൽ സത്യം, നീതി, കരുണ തുടങ്ങിയ സുവിശേഷ മൂല്യങ്ങളിലടിയുറച്ചു പ്രവർത്തിച്ച് സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ മുഖമാകണം.
2. അതിരൂപതയിലെ തെക്കൻമേഖലയ്ക്ക് പ്രത്യേകം അജപാലന പദ്ധതി തയ്യാറാക്കുക.
3. വീടുകളിലെയും ഇടവകയിലെയും ആഘോഷാവസരങ്ങൾ ക്രൈസ്തവ സാക്ഷ്യത്തിനുള്ള അവസരമായി മാറ്റി പരിപാടികൾ ക്രമീകരിക്കാനും ചടങ്ങുകളിലുടനീളം ലാളിത്യം പുലർത്താനും ശ്രദ്ധിക്കുക.
4. സമർപ്പിത ദൈവവിളി, പ്രത്യേകിച്ച് സന്ന്യാസിനീസമൂഹങ്ങളിലേ

ക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കാൻ ഇടവകകളും കുടുംബങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

5. നവമാധ്യമങ്ങളിലൂടെയുള്ള സുവിശേഷ പ്രഘോഷണത്തിനു ഇന്ന് ഏറെ പ്രാധാന്യമുണ്ട്. അതിനാൽ നവമാധ്യമങ്ങളിൽ കാര്യക്ഷമമായും വിവേകത്തോടെയും ഇടപെടാനുള്ള പ്രായോഗിക പരിശീലനം യുവജനങ്ങൾക്കു നല്കണം.

**വിദ്യാഭ്യാസം**

1. എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം; കാലോചിതമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും പരിശീലന ക്ലാസുകളും കരിയർ ഓറിയന്റേഷൻ പരിപാടികളും ക്രമീകരിച്ചും സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുക.
2. എയ്ഡഡ് സ്കൂളുകൾ നിലവിലുള്ള സ്ഥലങ്ങളിൽ ഇടവകകളും സന്ന്യാസസമൂഹങ്ങളും പുതുതായി അൺഎയ്ഡഡ് സ്കൂളുകൾ തുടങ്ങാതിരിക്കാൻ ശ്രദ്ധിക്കുക.
3. വിദ്യാഭ്യാസസ്ഥാപനങ്ങളുടെമേലുള്ള രാഷ്ട്രീയ ഇടപെടലുകൾ ചെറുക്കുന്നതിനും വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു സഭയ്ക്കുള്ള അവകാശസംരക്ഷണത്തിനുമായി ഇടവകകളിൽ ജാഗ്രതാസമിതികൾ ഉണ്ടാകണം.
4. നമ്മുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിശ്വാസപരിശീലനവേദികളാണ്. അതിനാൽ ക്രൈസ്തവ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വാർഷികധ്യാനവും ഇതരമതസ്ഥർക്ക് ധാർമ്മികമൂല്യ പരിശീലനത്തിനുള്ള പ്രത്യേക പരിപാടികളും ഉണ്ടാകണം.
5. സാമ്പത്തിക പരാധീനതമൂലം ചില കുട്ടികൾക്കെങ്കിലും ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ മനസ്സിലാക്കി വേണ്ടവിധം സഹായിക്കുന്നതിന് ഇടവകകൾ നടപടികൾ സ്വീകരിക്കുക.

പ്രിയപ്പെട്ട സഹോദരങ്ങളേ പ്രിയമക്കളേ, ഈ വർഷത്തെ പെന്തക്കുസ്താ നമുക്കു വ്യക്തിപരമായും കുടുംബങ്ങൾക്കും ഇടവകകൾക്കും അതിരൂപതയ്ക്കു മുഴുവനും ഒരു പുതിയ പെന്തക്കുസ്താ അനുഭവമാകാൻ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചൊരുങ്ങാം. കർത്താവിന്റെ കൃപ നമ്മോടൊപ്പം ഉണ്ടായിരിക്കട്ടെ.

സ്നേഹത്തോടെ,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ഈ സർക്കുലർ മെയ് 13-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

**സർക്കുലർ** 18 Ch. 198-273

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപിതാവിന്റെ 93–ാം ചരമവാർഷികം

2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ഓർഡിനറി ജനറൽ അസംബ്ലിക്കുള്ള പ്രാരംഭരേഖയുടെ അവതരണ സന്ദർഭത്തിൽ ഫ്രാൻസിസ് പാപ്പാ യുവജനങ്ങൾക്കായി എഴുതി "നിങ്ങൾ എന്റെ ഹൃദയത്തിലുള്ളതിനാലാണ് നിങ്ങൾ ശ്രദ്ധാകേന്ദ്രമായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നത്". സഭയോടൊത്തു ചിന്തിക്കുകയും സഭാപഠനങ്ങൾക്കനുസൃതം ജീവിക്കുകയും ചെയ്യുന്ന യുവജനങ്ങൾക്ക് അനീതി സഹിക്കാനോ, വലിച്ചെറിയൽ സംസ്ക്കാരത്തിനു മുൻപിൽ കുമ്പിടാനോ നിസംഗതയുടെ ആഗോളവത്ക്കരണത്തിനു കീഴ്പ്പെടുവാനോ സാധിക്കുകയില്ല. "നിങ്ങളുടെ പരിശ്രമങ്ങളുടെയും പരിവർത്തനം ചെയ്യിക്കാനുള്ള നിങ്ങളുടെ ആഗ്രഹത്തിന്റെയും ഔദാര്യത്തിന്റെയും ഫലമായിട്ടും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകം നിങ്ങൾക്കു പടുത്തുയർത്തുവാൻ കഴിയും" എന്ന് പറഞ്ഞ് പരിശുദ്ധ പിതാവ് അവരെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

യുവജനങ്ങൾ എന്നും സഭാഗാത്രത്തിന്റെ ഹൃദയത്തിലാണെന്ന ചിന്ത എന്നും സഭാപിതാക്കന്മാർക്ക് ഉണ്ടായിരുന്നു. ഒരു നൂറ്റാണ്ടുമുൻപ് ജീവിച്ച ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവും തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതി കണ്ടെത്താൻ യുവജനങ്ങളുടെ സഹയാത്രികനായിരുന്നുവെന്നു കാണാം. വിശ്വാസം അതിന്റെ പൂർണ്ണതയിൽ നവീകരിക്കപ്പെട്ട ബോധ്യത്തോടും മനോവിശ്വാസത്തോടും പ്രത്യാശയോടുംകൂടെ ഏറ്റുപറയുവാനുള്ള ആഗ്രഹം യുവഹൃദയങ്ങളിൽ ഉണർത്തുവാനും പിതാവ് ശ്രദ്ധിച്ചിരുന്നു. പ്രത്യേകിച്ച് സഭയുടെ പ്രവർത്തനങ്ങളുടെയെല്ലാം അത്യുച്ചിയും അവളുടെ ശക്തി മുഴുവനും നിർഗളിക്കുന്ന ഉറവിടവുമായ വി. കുർബാനയിൽ വിശ്വാസത്തിന്റെ ആഘോഷം ആഴപ്പെടുത്തുന്നതിനുള്ള പരിശ്രമമായിരുന്നു പിതാവിന്റേത്.

പ്രാർത്ഥിക്കുക, അനുസരിക്കുക, പള്ളിക്കു സംഭാവന ചെയ്യുക എന്നതിൽ മാത്രം അത്മായ ചുമതലകൾ ഒതുങ്ങി നിൽക്കുകയും സഭയുടെ ദൗത്യം ഏതാണ്ട് പൂർണ്ണമായിത്തന്നെ ഹയരാർക്കിയുടെ ചുമതലയായി കരുതപ്പെടുകയും ചെയ്തിരുന്ന കാലഘട്ടത്തിലാണ്

കുര്യാളശ്ശേരിപിതാവ് അല്മായർക്ക് പ്രത്യേകിച്ച് യുവജനങ്ങൾക്ക് സഭാസമൂഹത്തിലുള്ള പങ്കാളിത്തത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തിയതും അവർക്ക് അർഹമായ സ്ഥാനം കൊടുക്കുവാൻ ശ്രമിച്ചതും. ദൈവരാജ്യ സ്ഥാപനത്തിൽ യുവജനങ്ങൾക്കുള്ള പങ്ക് ഒരിക്കലും വിസ്മരിക്കാൻ പാടില്ല. യുവജനപങ്കാളിത്വത്തെ പിതാവ് പ്രോത്സാഹിപ്പിച്ചത് പ്രാധാനമായും അല്മായ സംഘടനകളിലൂടെയാണ്. പ്രേഷിത തീക്ഷ്ണതയുള്ള യുവജനങ്ങളുടെ സേവനം മതബോധന രംഗത്ത് ലഭ്യമാക്കുന്നതിനായി പിതാവ് രൂപം കൊടുത്ത അല്മായ പ്രേഷിത സഖ്യമാണ് 1922-ൽ സ്ഥാപിതമായ "മാർ തോമാ ദാസസംഘം". പിതാവിന്റെ സ്വന്തം കൈപ്പടയിൽതന്നെയാണ് അതിന്റെ നിയമാവലി രേഖപ്പെടുത്തിയിരിക്കുന്നത്. ആത്മവിശുദ്ധീകരണത്തോടൊപ്പം സുവിശേഷപ്രചരണം, മതബോധനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ ഈ സംഘാംഗങ്ങൾ നിർവഹിച്ചുപോന്നു. മതപഠനത്തിനു സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ നാട്ടുകാരുടെ സഹകരണത്തോടെ ഷെഡുകൾ കെട്ടുന്നതിനും, മതബോധനക്ലാസുകൾ നടത്തുന്നതിനും വേണ്ടി ത്യാഗസന്നദ്ധതയോടെ പ്രവർത്തിച്ചിരുന്ന ഈ യുവമതബോധകരുടെ ആത്മസമർപ്പണത്തിന്റെ ആഴം എന്നും ശ്ലാഘനീയമാണ്.

അല്മായ പങ്കാളിത്വത്തെ പ്രോത്സാഹിപ്പിച്ച മറ്റു സംഘടനകളാണ് ഫ്രാൻസിസ്കൻ മൂന്നാം സഭ, കത്തോലിക്കാ വിദ്യാർത്ഥി പ്രസ്ഥാനം (ഇന്നത്തെ കെ.സി.എസ്.എൽ), കത്തോലിക്കാ കോൺഗ്രസ്, കത്തോലിക്കാ തത്വസമാജം, വിജ്ഞാനോദയ സഭ, തുടങ്ങിയവ. സഭയുടെയും സമുദായത്തിന്റെയും ശ്രേഷ്ഠമായ ഭാവിക്കുവേണ്ടി കത്തോലിക്ക ആദർശങ്ങൾക്ക് അനുസൃതമായ പരിശീലനം നൽകുക എന്നതാണ് ഈ സംഘടനകൾകൊണ്ട് ലക്ഷ്യം വച്ചത്.

സമുദായപുരോഗതിക്ക് ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു മാർഗമായി 1918-ൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമൻസ് സ്കൂളിൽ മാർ കുര്യാളശ്ശേരി പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആരംഭം കുറിച്ച കത്തോലിക്കാ കോൺഗ്രസ് ഈ വർഷം ശതാബ്ദി ആഘോഷിക്കുകയാണ്. ഈ അല്മായ സംഘടനയ്ക്ക് പ്രോത്സാഹനം നൽകി വളർത്തിയ പിതാവിനെ ഈ അവസരത്തിൽ ഏറെ നന്ദിയോടെ സ്മരിക്കാം.

തന്റെ അജഗണങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും ഐക്യത്തിനും ആവശ്യമായ പ്രബോധനങ്ങൾ നൽകുകയും സാമൂഹ്യതിന്മകൾക്കെതിരായി ജാഗ്രത പുലർത്തുവാൻ ആഹ്വാനം ചെയ്യുകയും തെറ്റായ ഏതു പ്രവൃത്തിയേയും അപലപിക്കുവാനുള്ള ധീരതയും വിവേകവും

ജാഗ്രതയും വ്യക്തിപരവും സാമൂഹികപരവുമായ ജീവിതത്തിൽ പ്രകടിപ്പിക്കുകയും ചെയ്ത കർമ്മയോഗിയാണ് മാർ കുര്യാളശ്ശേരി പിതാവ്.

ദൈവരാജ്യത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള പിതാവിന്റെ ഉൾക്കാഴ്ചകളും മാതൃകകളും പൂർണ്ണമായി ഉൾക്കൊണ്ട് പുതുതലമുറയ്ക്ക് കൈമാറുവാൻ പിതാവിന്റെ ചരമവാർഷികാചരണം സഹായകമാകട്ടെ. അഭിവന്ദ്യപിതാവിന്റെ അജപാലനശുശ്രൂഷയിലൂടെ സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ച് നമ്മുടെ അതിരൂപതയ്ക്കും ലഭിച്ചിട്ടുള്ള സത്ഫലങ്ങളും അനുഗ്രഹങ്ങളും നമുക്ക് നന്ദിപൂർവ്വം സ്മരിച്ച് ദൈവത്തെ സ്തുതിക്കാം.

പിതാവിന്റെ 93-ാം ചരമവാർഷികത്തിന് ഒരുക്കമായിട്ടുള്ള തിരുക്കർമ്മങ്ങൾ മെയ് 26-ാം തീയതി ശനിയാഴ്ച 3 മണിക്ക് പാറേൽ പള്ളിയിൽനിന്നു പിതാവിന്റെ പൂജ്യശരീരം അടക്കം ചെയ്തിരിക്കുന്ന ചങ്ങനാശ്ശേരി മർത്ത്മറിയം കബറിട പള്ളിയിലേക്ക് നടത്തുന്ന പദയാത്രയോടെ ആരംഭിക്കുന്നതായിരിക്കും. തുടർന്നുള്ള ദിവസങ്ങളിൽ 3.30 മുതൽ 4.30 വരെ പരി. കുർബാനയുടെ പരസ്യാരാധനയിലും 4.30 നുള്ള വി. കുർബാന, വചനപ്രഘോഷണം, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയിലും ജൂൺ 2-ാം തീയതി ശനിയാഴ്ച രാവിലെ മുതൽ വൈകിട്ടുവരെയുള്ള തിരുക്കർമ്മങ്ങളിലും പങ്കുചേർന്ന് പിതാവിന്റെ പ്രാർത്ഥനാസഹായം തേടാം. കഴിവതുംവേഗം സഭയിലെ വിശുദ്ധരുടെ ഗണത്തിലേക്ക് പിതാവ് ഉയർത്തപ്പെടുന്നതിനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ഈ സർക്കുലർ മെയ് 27-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# സിബിസിഐ

## 33-ാം ജനറൽബോഡി മീറ്റിങ്ങ്

### ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘം (സിബിസിഐ)

### ബാംഗ്ലൂർ, ഫെബ്രുവരി 2-9, 2018

കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്:

"യുഗാവസാനം വരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20).

## അന്തിമ പ്രസ്താവന

**മുഖവുര**

നമ്മുടെ ജനറൽ ബോഡി മീറ്റിങ്ങിന്റെ പ്രമേയം ത്രിത്വരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ നേരിട്ടു ക്ഷണിക്കുന്നു. നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികളിൽ ഐക്യപ്പെട്ടിരിക്കുന്ന ഏക ദൈവമെന്ന മഹാരഹസ്യമാണ്.

ഇന്ത്യയിലെ കത്തോലിക്കാസഭയുടെ അനന്യമായ സ്വഭാവത്തെ ഓർത്ത് ദൈവത്തിനു നാം നന്ദിപറയുന്നു. അത് മൂന്ന് സ്വയം ഭരണാധികാരമുള്ള (*sui iuris)* സഭകൾ ചേർന്നുണ്ടായതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയെക്കുറിച്ച് ജീവിതത്തിലും ദൗത്യത്തിലും ചിന്തിക്കാൻ ഈ സഭകൾ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ വീക്ഷണത്തിൽ വേരുറച്ചവരായി ഞങ്ങൾ, ഇന്ത്യയിലെ 184 മെത്രാന്മാർ സിബിസിഐയുടെ 33-ാം ജനറൽ ബോഡി മീറ്റിങ്ങിനായി സമ്മേളിച്ചു. ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2018 ഫെബ്രുവരി 2 മുതൽ 9 വരെയുള്ള ദിവസങ്ങളിലായിരുന്നു സമ്മേളനം. അത് പ്രാർത്ഥിക്കാനും താഴെപ്പറയുന്ന പ്രമേയത്തെപ്പറ്റി ചിന്തിക്കാനുമായിരുന്നു: "കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്: യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20). നമ്മുടെതന്നെ തനിമയെപ്പറ്റിയുള്ള ധാരണയെ ആഴപ്പെടുത്താനും രാഷ്ട്രനിർമിതിക്കായുള്ള നമ്മുടെ സംഭാവനയെ വർധിപ്പിക്കാനുമാണത്: "കണ്ടാലും, യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാൽ ഞങ്ങൾ - ഭാരതീയ കത്തോലിക്കാ മെത്രാന്മാർ - ഉറപ്പും ശക്തിയും കണ്ടെത്തി. 2017 നവംബർ 17 മുതൽ 19 വരെ സമ്മേളിച്ച കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സിസിഐ)യുടെ അന്തിമ പ്രസ്താവനകൾ ഞങ്ങൾ പരിഗണിച്ചു.

**ഈശോയുടെ ദൗത്യം**

മനുഷ്യവംശത്തെമുഴുവനും ദൈവത്തിന്റെ ഒറ്റ കുടുംബമായി ഐക്യപ്പെടുത്താനും അനുരഞ്ജിപ്പിക്കാനും വന്ന ഈശോ തന്നെയാണ് സദ്വാർത്ത. അവി

ടന്ന് എല്ലാവരെയും സ്നേഹിച്ചവിധത്തിൽ അതായത്, വിശക്കുന്നവരെ തീറ്റിപ്പോറ്റുന്നതിലും അസ്വസ്ഥരെ ആശ്വസിപ്പിക്കുന്നതിലും പാർശ്വവത്കരിക്കപ്പെട്ടവരുടെ മഹത്ത്വത്തെ വളർത്തുന്നതിലും, രോഗികളെ സുഖപ്പെടുത്തുന്നതിലും പ്രത്യാശ ഇല്ലാത്തവർക്ക് പ്രത്യാശ നല്കുന്നതിലും അടിമകൾക്കു സ്വാതന്ത്ര്യം നല്കുന്നതിലും പാപികൾക്കു പാപപ്പൊറുതി നല്കുന്നതിലും ദരിദ്രർക്ക് നീതി നല്കുന്നതിലും മരിച്ചവർക്ക് ജീവൻ നല്കുന്നതിലും ദൈവത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.

**ഭാരതത്തിലെ സഭ**

ഭാരതത്തിലെ സഭ ഈശോയുടെ അപ്പസ്തോലനായ വിശുദ്ധ തോമായിലൂടെ വിശ്വാസമെന്ന ദാനം സ്വീകരിച്ചു. പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലുള്ള മഹാന്മാരായ അനേകം വിശുദ്ധരുടെ പരിശ്രമങ്ങൾ വഴി നമ്മുടെ ക്രൈസ്തവവിശ്വാസം പോഷിപ്പിക്കപ്പെടുകയും ശക്തമാക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ക്രൈസ്തവവിശ്വാസം ക്രിസ്തുമതത്തോളം പഴക്കമുള്ളതാണെന്ന് ശക്തിയുക്തം ഉറപ്പിച്ചു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്ത്യ ഇന്ന് എന്തായിരിക്കുന്നുവോ അത് ഇന്ത്യയിലെ സഭയുടെ സംഭാവനകൊണ്ടുകൂടിയാണ്.

സഭ മാന്യവും കാര്യക്ഷമവുമായ സേവനം ചെയ്തിട്ടുണ്ടെന്നതിന് തെളിവുണ്ട്. അതുകൊണ്ട് സഭയെ ഇന്ത്യയ്ക്ക് ആവശ്യമുണ്ടെന്നതു വ്യക്തമാണ്. നമ്മുടെ ഗുരുവായ ഈശോയെ അനുകരിച്ച് സഭാംഗങ്ങൾ മാതൃരാജ്യത്തോടുള്ള സ്നേഹം തുടർന്നുകൊണ്ടിരിക്കുന്നു. അവൾ ഓരോ ദരിദ്രനിലേക്കും ഓരോ അധഃകൃതനിലേക്കും എത്തിച്ചേരുന്നുണ്ടല്ലോ. എല്ലാ ജനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണെന്ന് സഭ വിശ്വസിക്കുന്നു. ഈശോ തന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെതന്നെ: “നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം” (മത്താ 22:39). ദരിദ്രരെ ശക്തിപ്പെടുത്തൽ, മനുഷ്യമഹത്ത്വത്തെ വളർത്തൽ എന്നിവ നമ്മുടെ ഭരണഘടനയിൽ സൂക്ഷിച്ചിട്ടുള്ള മൂല്യങ്ങളാണ്. സഭയും തന്റെ ദൗത്യത്തിൽ അങ്ങനെ ചെയ്യുന്നുണ്ട്. സഭ തന്റെ പ്രവർത്തനങ്ങളിലൂടെ നിർവഹിക്കുന്ന ദൗത്യത്തിന് ഒരു ലക്ഷ്യമേ ഉള്ളൂ. സത്യം, നീതി, സ്നേഹം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള സമാധാനത്തിന്റെ നാലുസ്തംഭങ്ങളിൽ നമ്മുടെ രാഷ്ട്രത്തെ വളർത്തുകയെന്നതാണത് (cf വിശുദ്ധ ജോൺ 23-ാമൻ, “ഭൂമിയിൽ സമാധാനം”).

**യഥാർഥ ദേശീയതാവാദത്തെയും ഭരണഘടനാപരമായ മതേതരത്വത്തെയും മനസ്സിലാക്കൽ**

ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തെയോ മതത്തെയോ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ദേശീയതാവാദത്തെ വളർത്താനുള്ള ഏതു പരിശ്രമവും അപകടകരമാണ്. അത് ഐക്യരൂപത്തിലേക്കു നയിച്ചേക്കാം; പക്ഷേ ഒരിക്കലും യഥാർഥഐക്യത്തിലേക്കു നയിക്കുകയില്ല. മിഥ്യാധാരണാപരമായ അത്തരം പരിശ്രമങ്ങൾ നമ്മുടെ രാഷ്ട്രത്തെ സ്വയം നശീകരണത്തിന്റെ പാതയിലൂടെയേ നയിക്കുകയുള്ളൂ. സമാധാനം, പുരോഗതി, വികസനം എന്നിവയ്ക്കായുള്ള അന്വേഷണത്തിൽ ഏകസംസ്കാരവാദം ശരിയായ ഉത്തരമായിരുന്നിട്ടില്ല, ആയിരിക്കയുമില്ല. പ്രത്യേകിച്ച് സംസ്കാരവൈവിധ്യം, ഭാഷ, ദേശം, വംശം, മതം എന്നിവയുടെ സമ്പന്നമായ ഒരു രാജ്യത്ത് ഒരിക്കലുംഅങ്ങനെ ആവുകയില്ല. അക്രമം എപ്പോഴും അക്രമിയിലേക്കു തിരിച്ചുവരും - പെട്ടെന്നോ

പില്ക്കാലത്തോ അങ്ങനെ സംഭവിക്കും. "എന്തെന്നാൽ വാൾ എടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ 26:52). സ്ത്രീകൾക്കെതിരേ നടക്കുന്ന ക്രൂരകൃത്യങ്ങളെയും കൊലകളെയും വംശീയ മാത്സര്യങ്ങളെയും ക്രൈസ്തവസ്ഥാപനങ്ങൾക്കും സമുദായങ്ങൾക്കുമെതിരേയുള്ള സാമുദായിക അക്രമങ്ങളെയും ഞങ്ങൾ അപലപിക്കുന്നു. നമുക്ക് യഥാർഥമായ ദേശീയതാവാദത്തിന്റെ പാത പിന്തുടരാം. അത് നമ്മുടെ മാതൃരാജ്യത്തെ യഥാർഥ സമാധാനത്തിലേക്കും സമന്വയത്തിലേക്കും പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും നയിക്കും. യഥാർഥ ദേശീയതാവാദം ഓരോ പൗരന്റെയും മാനുഷിക മഹത്ത്വത്തെ ആദരിക്കുന്നു. സാമ്പത്തികസ്ഥിതിയോ സംസ്കാരമോ മതമോ ദേശമോ ഭാഷയോ പരിഗണിക്കാതെ അങ്ങനെ ചെയ്യുന്നു.

നമ്മുടെ ഭാരതീയ ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള നിയമവാഴ്ചയെ ഉയർത്തിപ്പിടിക്കാൻ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും നിർബന്ധിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അക്രമത്തിന്റെ അന്തരീക്ഷത്തിൽ സമാധാനത്തിനുവേണ്ടി ജനക്കൂട്ട സംസ്കാരവും ജനക്കൂട്ടം നിയമം കയ്യിലെടുക്കുന്നതും ഒഴിവാക്കാൻ നമ്മുടെ എല്ലാ സഹപൗരന്മാരോടും ഞങ്ങൾ അഭ്യർഥിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാവരുടെയും പുരോഗതിയും വികസനവും ഉറപ്പുവരുത്താനും പരിസ്ഥിതി സംരക്ഷിക്കാനും വേണ്ടി നിയമവും ക്രമസംവിധാനവും നിലനിറുത്താൻ സർക്കാർ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളെയും ഞങ്ങൾ വിലമതിക്കുകയും അവയോട് സഹകരിക്കുകയും ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമായ വാക്കുകളിലൂടെ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. " ഓരോ വ്യക്തിയുടെയും ആവശ്യത്തിനുവേണ്ടത് ലോകത്തിലുണ്ട്. എന്നാൽ ഓരോ വ്യക്തിയുടെയും അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത് ലോകത്തിലില്ല."

**മനുഷ്യജീവൻ എന്ന അമൂല്യദാനം**

ദൈവം തന്ന അമൂല്യദാനമായ മനുഷ്യജീവന്റെ പരിപൂർണവും അതിശായിത്വപരവുമായ മൂല്യത്തെ ക്രൈസ്തവസമൂഹം ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ട് മനുഷ്യജീവന് എതിരായ ഒരു ആക്രമണവും ഒരിക്കലും ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാവുകയില്ല. വ്യത്യസ്ത വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിൽ അത് ഒരിക്കലും നീതീകരിക്കാനും സാധ്യമല്ല. നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിലെ ഓരോ വ്യക്തിയുടെയും ജീവനെ വിലമതിക്കുകയും സംരക്ഷിക്കുകയും വേണം.

**സഭയുടെ കാരുണ്യദൗത്യം**

ദൈവത്തിന്റെ ഹൃദയത്തിൽനിന്നു മാത്രമാണ് കാരുണ്യം ഒഴുകുന്നത്. ഈശോമിശിഹായുടെ കുരിശിലൂടെ അത് ഒഴുകുന്നു. ആ കാരുണ്യത്തിനുമാത്രമേ മുറിവേറ്റ മനുഷ്യഹൃദയങ്ങളെ സുഖപ്പെടുത്താനും വ്യക്തികളും സമുദായങ്ങളും തമ്മിലുണ്ടാകുന്ന ബന്ധങ്ങളുടെ തകർച്ച പരിഹരിക്കാനും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരെ ദുരിതത്തിൽനിന്നു രക്ഷിക്കാനും സാധിക്കുകയുള്ളൂ. ഈശോമിശിഹായുടെ ശിഷ്യന്മാരായ ഞങ്ങൾ അപകടകരമായ ഈ അവസ്ഥ നേരിടുമ്പോൾ കാരുണ്യത്തിന്റെ യഥാർഥ സാക്ഷികളാകാൻ ശപഥംചെയ്യുന്നു. കാരുണ്യമാണ് സുവിശേഷത്തിന്റെ സത്തയും ക്രൈസ്തവശിഷ്യത്വത്തിന്റെ പ്രകാശനവും. കൽക്കട്ടയിലെ വിശുദ്ധ തെരേസയുടെ മൃദുലമായ കൈകളും ചുളിവുള്ള മുഖവും ഇൻഡോറിലെ വാഴ്ത്തപ്പെട്ട റാണിമരിയയുടെ രക്തസാക്ഷിത്വവം ഇതിനു സാക്ഷ്യം വഹിക്കുന്നു.

ക്രൈസ്തവരായ ഞങ്ങൾ രാഷ്ട്രത്തിനുവേണ്ടി - പ്രത്യേകിച്ച് ദളിതർ ഗോത്രവർഗക്കാർ, പിന്നോക്കം നില്ക്കുന്ന മറ്റു ജനസമൂഹങ്ങൾ എന്നിവർക്കുവേണ്ടി - ചെയ്യുന്ന സേവനത്തിൽ ഞങ്ങളുടെ സഹപൗരന്മാരുമായി കൈകോർത്തുപിടിക്കുന്നു. നമ്മുടെ ജനതയുടെ യഥാർഥ മാനുഷിക വികസനം ഉറപ്പാക്കാൻ വേണ്ടിയാണത്. ആ വികസനം കേവലം സാമ്പത്തിക മാനദണ്ഡങ്ങളനുസരിച്ചല്ല, പിന്നെയോ മാനുഷിക മാനദണ്ഡമനുസരിച്ചാണ് അളക്കപ്പെടുന്നത്.

ഏതു തരത്തിലുമുള്ള ഇടുങ്ങിയ ആഭ്യന്തര മതിൽക്കെട്ടുകൾക്ക് അപ്പുറത്തേക്ക് ഇറങ്ങാൻ നമുക്ക് എല്ലാവർക്കും ശപഥംചെയ്യാം. യഥാർഥത്തിൽ മതേതരത്വപരവും സോഷ്യലിസപരവും ജനാധിപത്യപരവുമായ ഒരു രാഷ്ട്രം സ്ഥാപിക്കാൻ വേണ്ടിയാണത്. ഇന്ത്യൻ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള തരത്തിലുള്ള രാഷ്ട്രം തന്നെ.

**സഭയിലും രാഷ്ട്രത്തിലും വൈവിധ്യങ്ങളുടെയിടയിൽ ഐക്യപ്പെട്ടു ജീവിക്കാൻ ഞങ്ങൾ താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു:**

1. ശിഷ്യത്വപരമായ നമ്മുടെ ക്രൈസ്തവജീവിതം എല്ലാ തലങ്ങളിലും ആഴപ്പെടുത്താനും തീവ്രതയുള്ളതാക്കാനും അതിനായി നിരന്തരം പ്രാർഥിക്കുന്ന സമുദായമായി നിലനിന്നുകൊണ്ട് ത്രിത്വാത്മകവിശ്വാസത്തിനുചേർന്ന വിധം എപ്പോഴും വൈവിധ്യത്തിൽ ഐക്യത്തോടെ ജീവിക്കണം.
2. അല്മായരും സന്ന്യസ്തരും വൈദികരും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തണം. എല്ലാതലങ്ങളിലും ആ കൂട്ടായ്മ സഭാജിവിതത്തന്റെ മാർഗമാണെന്ന് ഉറപ്പുവരുത്തണം.
3. ലഘുക്രൈസ്തവസമൂഹങ്ങളെയും (SCCs) കുടുംബയൂണിറ്റുകളെയും വളർത്തുകയും തീവ്രതരമാക്കുകയും വേണം. വിശ്വാസികളുടെ സമഗ്രമായ, സർവതലസ്പർശിയായ, പരിശീലനത്തിനും മതാന്തര സഹകരണത്തിനും സമാധാനത്തിനും സമന്വയത്തിനും വേണ്ടിയാണത്.
4. ലോകത്തിൽ കുടുംബങ്ങൾ നടത്തുന്ന സുവിശേഷവത്കരണ ദൗത്യത്തിൽ അവരോടൊപ്പമായിരിക്കുകയും അവ സഭയുടെ അജപാലനശുശ്രൂഷയുടെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ക്ലേശിച്ചു കഴിയുന്ന കുടുംബങ്ങളോട് സവിശേഷശ്രദ്ധയും സഹതാപവും കാണിക്കണം. ഉത്തരവാദിത്വപൂർണമായ പിതൃത്വത്തെക്കുറിച്ച് അവർക്ക് വെളിച്ചം നല്കണം.
5. നമ്മുടെ യുവജനത്തെ യഥാർഥ ക്രൈസ്തവജീവിതത്തെക്കുറിച്ചുള്ള ദർശനംകൊണ്ടു നിറയ്ക്കണം. സഭയിലും സമൂഹത്തിലും അവർക്കുള്ള ധർമം നിർവഹിക്കാൻ അവരെ ശക്തരാക്കണം. നമ്മുടെ യുവജനത്തെ ദൈവവചനത്തെയും സഭയുടെ പ്രബോധനങ്ങളെയും സംബന്ധിച്ച അറിവുള്ളവരാക്കിത്തീർത്തുകൊണ്ട് സഭയിൽ സജീവധർമം നിർവഹിക്കാൻ ശക്തിപ്പെടുത്തണം. ഇന്ത്യൻ കാത്തലിക് മൂവ്മെന്റ് (ICYM), മറ്റുള്ള കത്തോലിക്കാ യുവജനപ്രസ്ഥാനങ്ങൾ എന്നിവയിലൂടെ അങ്ങനെ ചെയ്യണം. നമ്മുടെ യുവജനങ്ങളെ ദൈവവിളി തിരിച്ചറിയാനും ജീവിതപാത തിരഞ്ഞെടുക്കാനും സഹായിക്കാനാണത്. യുവജനങ്ങളെ സംബന്ധിച്ച് 2018 ഒക്ടോബറിൽ നടത്താനിരിക്കുന്ന സിനഡിന്റെ പ്രഥമ പ്രമേയം അതാണ്.
6. നമ്മുടെ അല്മായരെയും യുവജനത്തെയും രാഷ്ട്രനിർമാണത്തിന് പ്രോത്സാ

ഹിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യണം. രാഷ്ട്രീയം, സിവിൽ സർവീസ്, രാജ്യരക്ഷ, നിയമം, ജുഡീഷ്യറി എന്നിങ്ങനെയുള്ള ദേശീയ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽ ഉൾപ്പെട്ടുകൊണ്ടാണ് അവർ അങ്ങനെ ചെയ്യേണ്ടത്.

7. സ്ത്രീകൾക്കുള്ള തുല്യമഹത്ത്വത്തെ അംഗീകരിക്കാനും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അല്മായർക്കുള്ള പങ്കിനെ വളർത്താനും ഉതകുന്ന പരിശീലനം സഭയുടെ പരിശീലന ഭവനങ്ങളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

8. സഭയുടെ എല്ലാ സംഘങ്ങളിലും സ്ത്രീകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

9. സഭയിലും സമൂഹത്തിലും കരുണയുടെ യഥാർഥ സാക്ഷികളായിരിക്കാൻ സെമിനാരി വിദ്യാർഥികളെയും വൈദികരെയും സന്ന്യസ്തരെയും സജ്ജീകൃതരാക്കണം.

10. മതാന്തര സംവാദം  വളർത്താനുള്ള എല്ലാ അവസരവും ഉപയോഗിക്കണം. ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തെ വളർത്താൻ ക്രൈസ്തവരായ നാം എല്ലാ പരിശ്രമവും ചെയ്താൽ നമ്മുടെ മതാന്തര സംവാദം കൂടുതൽ വിശ്വസനീയമാകും.

11. എക്യുമെനിക്കൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംവാദത്തിലൂടെയും പൊതുവായ എക്യുമെനിക്കൽ സേവനങ്ങൾ, പൊതുവായ പ്രാർഥനകൾ, പൊതുവായ പ്രവർത്തനങ്ങൾ എന്നിവയിലൂടെയും ക്രൈസ്തവർ തമ്മിൽ കൂടുതൽ നല്ല സഹകരണം വളർത്താൻ വിവിധ സംരംഭങ്ങൾ തുടങ്ങണം.

12. സഭയുടെയും സമുദായത്തിന്റെയും എല്ലാ മേഖലകളിലും ഇന്ത്യയുടെ ഭരണഘടന കൂടുതൽ വ്യാപകമായി അറിയപ്പെടാൻ പരിശ്രമിക്കണം. എല്ലാ പൗരന്മാരുടെയും തുല്യത, മതസ്വാതന്ത്ര്യം, മനസാക്ഷി സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നീ സുപ്രധാന സവിശേഷതകളെ ഉയർത്തിക്കാണിച്ചുകൊണ്ടും അങ്ങനെ ചെയ്യണം.

13. പൊതുസമൂഹത്തിൽ കൂടുതൽ സജീവമായി പ്രവർത്തിക്കാൻ അല്മായരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം. അവരുടെ വിളിയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് രാഷ്ട്രനിർമാണത്തിന് അവർ കാര്യക്ഷമമായ സംഭാവന നല്കാനാണത്.

14. വിദ്യാഭ്യാസ മണ്ഡലത്തിൽ കാരുണ്യത്തിന്റെ ദൗത്യം നിർവഹിക്കാനുള്ള നമ്മുടെ സേവനങ്ങൾ തുടരണം. സിബിസിഐയുടെ “All India Catholic Education Policy 2007” എന്ന നയം ബോധപൂർവം നിറവേറ്റാനാണത്. സുവിശേഷമൂല്യങ്ങളെ  നല്കാൻവേണ്ടിത്തന്നെ.

15. കത്തോലിക്കാ ഹെൽത്ത് സർവീസുകളെ കാരുണ്യത്തിന്റെയും കഴിയുന്നത്ര സൗഖ്യദാനത്തിന്റെയും ഒരു ദൗത്യമാക്കണം. അത് സഹതാപപൂർണവും പരിരക്ഷണപരവുമായിരിക്കണം. എന്നാലും അത് സുസജ്ജവും സ്വയം നിലനില്ക്കാനാവുന്നതും  സഹകരണപരവുമായിരിക്കണം.

16. സിബിസിഐയുടെ ദളിത് ശക്തീകരണ പോളിസി ഓരോ രൂപതയിലും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഗോത്രവർഗക്കാരുടെയും മറ്റുള്ള പിന്നാക്കവർഗക്കാരുടെയും  സംരക്ഷണത്തിനും സമഗ്രമായ വികസനത്തി

നുംവേണ്ടി അധ്വാനിക്കണം. കൃഷിക്കാർ, മീൻപിടിത്തക്കാർ, കുടിയേറ്റക്കാർ എന്നിവരും നിസ്സഹായരും ചൂഷണം ചെയ്യപ്പെട്ടവരുമായവർക്ക് ആശ്വാസവും ക്ഷേമവും നല്കാൻ സവിശേഷസംരംഭങ്ങൾ തുടങ്ങണം. അവരുടെ അസ്വസ്ഥതയിൽ അവർക്ക് ശുശ്രൂഷയും ആശ്വാസവും പ്രത്യാശയും നല്കുവാനാണത്.

17. നമ്മുടെ ക്രൈസ്തവസമർപ്പണത്തിന്റെയും ആധ്യാത്മികതയുടെയും സത്താപരമായ ഭാഗമെന്ന നിലയിൽ പരിസ്ഥിതിക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച ബോധം വർധിപ്പിക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാനും പ്രകൃതിയോടുള്ള സ്നേഹം വർധിപ്പിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങണം. ഫ്രാൻസിസ് മാർപാപ്പായുടെ ചാക്രികലേഖനമായ 'ലാവുദാത്തോ സീ'യിലുള്ള പ്രബോധനങ്ങൾ നിറവേറ്റാൻ ഓരോ രൂപതയും ഒരു പരിസ്ഥിതി നയം രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

18. തടവറയിലായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെ ദുരിതാവസ്ഥയെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കണം. അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുടുംബങ്ങളെ പരിപാലിക്കുന്നതിനും സഹായിക്കണം.


19. സഭയുടെ ഭരണനിർവഹണത്തിന്റെ സകല മണ്ഡലങ്ങളിലും സുതാര്യത ഉറപ്പുവരുത്തണം. സമൂഹത്തിലെ സുതാര്യതയ്ക്കായി നിലകൊള്ളുകയും വേണം.

20. നമ്മുടെ എല്ലാ രൂപതകൾക്കും കാര്യക്ഷമമായ ഒരു "ചിന്താകേന്ദ്രം" ഉണ്ടായിരിക്കണം. അടിയന്തിരസ്വഭാവമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനും ബന്ധപ്പെട്ട എല്ലാവരോടും ഉത്സാഹപൂർവം സംവദിക്കാനുമാണത്.

**ഉപസംഹാരം**

"സഭ നിലകൊള്ളുന്നത് സുവിശേഷവത്കരണം നടത്താനാണ്. അതായത്, പ്രഘോഷിക്കാനും പഠിപ്പിക്കാനും ദൈവകൃപയാകുന്ന ദാനത്തിന്റെ ചാനലാകാനും പാപികളെ ദൈവവുമായി അനുരഞ്ജിപ്പിക്കാനും വേണ്ടിയാണ്" (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ, *പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം,* നമ്പർ 14). "സുവിശേഷവത്കരിക്കാനാണ് സഭയും ദൈവശാസ്ത്രവും നിലകൊള്ളുന്നത്, ക്ലാസ് റൂം ദൈവശാസ്ത്രംകൊണ്ടു തൃപ്തിപ്പെടാനല്ല" (ഫ്രാൻസിസ് മാർപാപ്പാ, *സുവിശേഷത്തിന്റെ സന്തോഷം*, നമ്പർ 133). നമ്മുടെ രാഷ്ട്രത്തിന്റെ വൈവിധ്യത്തിൽ ഐക്യം എന്നതിനുണ്ടാകുന്ന ഗൗരവപൂർണമായ വെല്ലുവിളികളെയും പരാജയങ്ങളെയും നാം നേരിടുന്നുണ്ട്. എങ്കിലും ഭാരതീയരായിരിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നു. അതിനുവേണ്ടിയും അതിന്റെ ക്ഷേമത്തിനുവേണ്ടിയും നാം നിരന്തരം പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തിനായുള്ള പ്രവർത്തനം തുടരാനും സമാധാനവും സമന്വയവും സ്ഥാപിക്കാനും നമ്മുടെ രാജ്യം അതിന്റെ മഹോന്നതമായ വിളിക്കുചേർന്നവിധം ജീവിക്കാനും വേണ്ടിയാണത്. സഭയ്ക്കും സമൂഹത്തിനുംവേണ്ടി നാം ചെയ്യുന്നതെല്ലാം കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ സ്നേഹപൂർണമായ സംരക്ഷണത്തിന് നാം ഏല്പിക്കുന്നു.

**ബസേലിയോസ് കാർഡിനൽ ക്ലീമിസ്**
പ്രസിഡന്റ്, കാത്തലിക് ബിഷപ്പ്സ് കോൺഫ്രറൻസ് ഓഫ് ഇന്ത്യ
ഫെബ്രുവരി 9, 2018




## I

## 131-ാമത് അതിരൂപതാ ദിനാചരണം

**2018 മെയ് 19 ശനിയാഴ്ച രാവിലെ 9.00 – 1.30 pm വരെ**

**തുരുത്തി മർത്ത് മറിയം ഫൊറോന ഇടവകയിൽ നടത്തപ്പെടുന്നു**

### ഇടവകകളിൽ നിന്ന് പ്രതിനിധി സമ്മേളനത്തിലും പൊതുസമ്മേളനത്തിലും പങ്കെടുക്കേണ്ടവർ

ബഹു. വൈദികർ, സമർപ്പിതരുടെ പ്രതിനിധി കൂടാതെ ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഫൊറോന കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, പ്രതിനിധിയോഗ സെക്രട്ടറി, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, അൾത്താര ബാലന്മാരുടെ ഒരു പ്രതിനിധി, മിഷൻലീഗ്, യുവദീപ്തി, മാതൃവേദി, പിതൃവേദി, കുടുംബകൂട്ടായ്മ, DCMS, KLM, AKCC തുടങ്ങിയ സംഘടനകളുടെ പ്രതിനിധി, കണക്കൻ, ദൈവാലയശുശ്രൂഷി എന്നിവരിൽ നിന്ന് 10 പേരെ തെരഞ്ഞെടുത്ത് അയയ്ക്കേണ്ടതാണ്. യാത്രാച്ചെലവുകൾ അതാതു പള്ളിക്കാര്യത്തിൽനിന്നും വഹിക്കേണ്ടതാണ്.

## II

## ദൈവാലയ ശുശ്രൂഷികളുടെ (കപ്യാർ) സംഗമം

നമ്മുടെ ഇടവകകളിൽ ദൈവാലയശുശ്രൂഷികളായി (കപ്യാർ) സേവനം ചെയ്യുന്നവരുടെ സമ്മേളനങ്ങൾ ഈ മാസം സംഘടിപ്പിച്ചിരിക്കുന്നു. ഇവരുടെ പരിശീലനം ലക്ഷ്യം വച്ചു നടത്തപ്പെടുന്ന ഈ പരിപാടിയിൽ എല്ലാ ദൈവാലയശുശ്രൂഷികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. **2018 മെയ് 22 രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ**
   സ്ഥലം: ചങ്ങനാശേരി അതിരൂപതാകേന്ദ്രം
   പങ്കെടുക്കേണ്ടത്: ചങ്ങനാശേരി, തുരുത്തി, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, ആലപ്പുഴ ഫൊറോനാകളിൽപ്പെട്ടവർ.
2. **2018 മെയ് 25 രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ**
   സ്ഥലം: ചങ്ങനാശേരി അതിരൂപതാകേന്ദ്രം

പങ്കെടുക്കേണ്ടത്: അതിരമ്പുഴ, കോട്ടയം, കുടമാളൂർ, കുറുമ്പനാടം, തൃക്കൊടിത്താനം, നെടുങ്കുന്നം, മണിമല ഫൊറോനകളിൽപ്പെട്ടവർ.

3. **2018 മെയ് 29 രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ**
   സ്ഥലം: ലൂർദ് ഫൊറോന പള്ളി, തിരുവനന്തപുരം
   പങ്കെടുക്കേണ്ടത്: തിരുവനന്തപുരം, അമ്പൂരി, കൊല്ലം ഫൊറോനാകളിൽപ്പെട്ടവർ.

*NB: നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവരെ മറ്റേതെങ്കിലും ഒന്നിൽ പങ്കെടുപ്പിക്കുവാൻ ബ. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*

## III
## നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ

2018 മെയ് 10-ാം തീയതി വ്യാഴാഴ്ച ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ കടമുള്ള ദിവസമാകയാൽ (Holy Day of Obligation) അന്നേദിവസം വിശ്വാസികളെല്ലാവർക്കും സംബന്ധിക്കത്തക്കവിധം പ്രഭാതത്തിലും സായംകാലത്തുമായി ഇടവകകളിൽ വി. കുർബാനയുടെ സമയം ക്രമീകരിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## IV
## പ്രത്യേക പിരിവുകൾ

**അതിരൂപതാ ബൈബിൾ ഫണ്ട്:** നമ്മുടെ കർത്താവീശോമിശിഹായുടെ സ്വർഗ്ഗാരോഹണത്തിരുനാളിനു മുമ്പുള്ള ഞായറാഴ്ചയായ മെയ് 6-ാം തീയതിയിലെ സ്തോത്രകാഴ്ച അതിരൂപതാ ബൈബിൾ ഫണ്ടിനുവേണ്ടിയുള്ളതാണ്.

**മതബോധനഫണ്ട്:** പന്തക്കുസ്താ തിരുനാളിലെ സ്തോത്രകാഴ്ച (മെയ് 20) അതിരൂപതാ മതബോധനഫണ്ടിനുവേണ്ടിയുള്ളതാണ്.

ഈ പിരിവുകളെപ്പറ്റി മുൻകൂട്ടി വിളിച്ചറിയിച്ച് സ്തോത്രകാഴ്ചയിൽ ലഭിക്കുന്ന തുക ജൂൺ 15 നകം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## V
## പ്രത്യേക അറിയിപ്പ്

'സീറോ മലബാർ കാത്തലിക്ക് ഫെഡറേഷൻ' എന്ന പേരിലും 'അല്മായ ഐക്യവേദി' എന്ന പേരിലും ചിലർ സംഘടനകൾ രൂപീകരിക്കാൻ ശ്രമിക്കുന്നതായി അറിയുന്നു. കത്തോലിക്കാ കോൺഗ്രസ്, പിതൃവേദി, മാതൃവേദി, യുവദീപ്തി മുതലായ അല്മായ സംഘടനകൾ സഭയുടെ ഔദ്യോഗിക അംഗീകാരത്തോടെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാവരും ചേർന്ന് അവയെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. മേൽപ്പറഞ്ഞ പുതിയ സംഘടനകൾക്ക് അതിരൂപത അംഗീകാരം നൽകിയിട്ടുള്ളതല്ല. ഏതാണ്ട് ബദൽ സംഘടനകൾപോലെ അവ പ്രവർത്തിച്ചാൽ

അല്മായ സമൂഹത്തിൽ ഭിന്നത സൃഷ്ടിച്ച് സഭയുടെ കൂട്ടായ്മ തകർക്കാനേ അതു കാരണമാകുകയുള്ളു. അതിനാൽ പ്രസ്തുത സംരംഭത്തിൽനിന്ന് അതിനു നേതൃത്വം കൊടുക്കുന്നവർ പിന്മാറണമെന്നറിയിക്കുന്നു. അതിരൂപതയുടെ അംഗീകാരമില്ലാത്ത സംഘടനാ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കരുതെന്ന് ബഹു. വൈദികരോടും എല്ലാ ഇടവകാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

*NB: ഈ അറിയിപ്പ് മെയ് 6 ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.*

## VI
## ANNUAL RETREAT 2018

**Ist Batch July 29-Aug 3**

Aerathadam Philip
Aiyamkary Joseph
Alencherry Isaac Jr
Aranjaniyil Geevarghese
Aruparayil Joseph
Aryankala Thomas
Athikalam Jacob
Ayyamathara Jacob
Banglavuparampil Joseph
Chackathara Jacob
Chackumkal George
Chalackal Joseph
Chalackal Sebastian
Changankary Mathew
Chavara John
Checkathadam George
Checkonthayil Thomas
Cheppila Scaria
Cherupurackal Thomas
Chethipuzha Jacob
Chethipuzha Mathew
Chirakadavil Joseph
Choorapuzha Scaria
Chooravady Mathew
Chorattuchamakala Joseph
Chundakattil James
EdachethraVarghese
Elamkulam Kurian
Elanjimattom Joseph
Elanjiparampil Varghese
Erupathil Zachariah
Ethackad Antony
Ezhikkad Thomas
Kadaprakunnil Joseph
Kadathukalam Abraham
Kaithaparampil Joseph
Kaithaparampil Varghese
Kakkanattu Joseph
Kakkaparambil Antony
Kakkuzhy Cherian
Kalapurackal Tom
Kalarickal Joseph
Kalathil Joseph
Kalayamkandam James
Kalayil Varghese
Kamicherry Scaria
Kamukampallil Antony
Kanchickal Philip
Kanicheril Varghese
Kanikunnel James
Kanjiravelil Thomas
Kannadippara Sebastian
Kanniyakonil Scaria
Kappithottam Philipose
Karakkadu Thomas
Karattu Mathew
Karikkampally James
Karippingapuram Abraham
KarukakalamThomas Jr
Karukaparampil Cherian

Kattappuram Joseph
Kayithara Varghese
Kezhaplackal Philipose
Kiliyattusseril Varghese
Kinganamchira Michael
Kochelechemkalam Thomas
Kocherry Damianose
Kochukarottu Joseph
Kochuparampil Jose
Kochuparampil Varghese
Kodickal Varghese
Koippally Jacob
Kollaparampil Augustine
Kollara Joseph
Kooroth Jacob
Koottummel Cyriac
Kossackal Varghese
Kottayarukil Cyriac
Kulathumkal Thomas
Kunnumpuram Thomas
Kuzippallil Jacob
Maleckal James
Manakkunnel John
Manavath Varkey
Mannarkulam Antony
Mannathara Joseph
MathilakathukuzhyVarghese
Meenatheril Francis
Moolayil Antony
Mudanthangelil Martin
Mulackal James
Mulavana Joseph
Mullakkariyil Joseph
Mullankuzhy George
Muppathilchira Martin
Muttathupadom Joseph
Nadamukath Mathew
Nalpathamkalam Joseph
Nambiamadom Scaria
Nambimadam Varghese
Nelluvelil Emmanuel
Nelpurackal Alexander
Padinjarekkuttu Mathew
Padiyath Augustine
Parappuram Alex
Purackal Joseph
Puthenangady Mathew
Puthenkalam Xavier
Puthenparambil Joseph (Sr.)
Puthenpurackal Francis
Puthenpurackal Thomas (Joshy)
Puthuparampil Joseph
Puthuparampil Sebastian
Puthuveettilkalam Joseph Jr
Puthuvelil Varghese
Thalachelloor Antony
Thycheril George
Valiyaparampil Sebastian
Viruppel Jose

**II$^{nd}$ Batch Aug 5-10**

Alencherry Jose
Alumkal Joseph
Ampalathumparampil Francis
Anchil Mathew
Athikalam James
Avanoor George
Changankary Abraham
Chempilakam Joseph
Choolaparampil Joseph
Chooravady MathewJr
Kachamkode Antony
Kainikara Thomas
Kalathil Mathew
Kanjooparampil Thomas
Kappamoottil George
Karikompil Cherian
Karivelil Zacharias
Karottuvempenickal Celestine
Karukayil Jacob
Kattady Jacob
Kattuppara Antony
Kavalam Antony
Kayamkulathussery Joseph
Kizhakkeyil Peter
Kochumalayil John

Kochuparampil George
Kochuthara Thomas
Koippally Francis
Kokkavayalil James
Koottummel George
Kottathil Mathew
Kottayil Cyriac
Kottayil Mathew
Kunnil James
Kunnuparampil Joseph
Kuriannurparampil Joseph
Kurinjiparampil Sebastian
Kurisumkal Martin
Kuthukallumkal Thomas
Kuttichira Antony
Kuttickattil Sebastian
Kuzhiyadiyil Joseph
Kuzhuppil Thomas
Madathiparampil John
Madathiparampil Mathew
Malieckal Thomas
Malyeckal Mathew
Mamoottil Joseph
Mampara Sebastian
Manakalam Joseph
Mancherikalam Sebastian jr
Mangalathil George
Mangalathu Thomas
Manianchira Thomas
Mannamthuruthil Sebastian
Mannumadom George
Manthuruthil George
Moolamkunnam George
Moonattinmugham Mathew
Mundunadackal Isaac
Mukalel Jose
Mullanpara John
Mullassery Mathew
Mundakathil Joseph
Muthalakkavil Antony
Muttathil Antony
Muttel Thomas
Nadackal Mathew
Naduviledam Gregory
Naduvilekalam Jacob
Naduvilezham Joseph
Nalpathamkalam Cyril
Nedumparampil Joseph
Nelpuraparampil Philip
Nerayath Antony
Nilavanthara Joseph
Ninaparampil Antony
Ninaparampil Martin
Nuzhaithadam George
Odalany Mathew
Onamkulam Gregory
Ovelil Joseph
Padanilathu Joseph
Padinjareveettil Thomas
Padiyathu Thomas
Paikkattumattathil Thomas
Paimpally Scaria
Pakalomattom Joseph
Palackal James
Palakkachery Chacko
Palamattam Alexander
Pallichirayil Joseph
Pallikizhakkethil Varghese
Panachinkal Varghese
Panakezham George
Panakezham Joseph
Parackal Antony
Parackal Jacob
Parackal Joseph
Parackal Thoma Paulose
Parappallil Scaria
Parappally Jose
Parasseril Jose
Parathanam Thomas
Parathara Thomas
Parathottal Thomas
Paruvaparampil John
Pathalil John
Pathiparampil Mathew
Pattathanam Stephen
Puthusserril Sebastian

Thanamavunkal Varghese
Thoompumkal Joseph
Thundiyil Devasia
Thyparampil Augustine
Vadakkettam Francis
Vallathara Aloysius
Vallayil George
Wadakkekalam Philips

**III$^{rd}$ Batch Sept. 9-14**

Ampalathinkal Jacob
Anakallunkal Antony
Anchupankil Jacob
Arackal Varghese
Chalassery Joseph
Cheeramvelil Jacob
Kampiyil Thomas
Karukayil Joseph
Karuvelil Francis
Kattoor Thomas
Kayamkulathussery Thomas
Kizhakkemury Joseph
Kizhakkeveettil Antony
Kochuparampil Sebastian
Koottummel Sebastian
Kudilil James
Kunnackattuthara Zacharias
Kunnathu James
Malieckal Mathew (Roney)
Maliyil Thomas
Muriyankavunkal Dominic
Nalpathilchira Joseph
Pazhayamadam Cyriac
Pazhayamadam James
Pazhayamadam Varghese
Pazhayapura George
Peediackal Kuriakose
Peediakal Luke
Peediyekkal Paul
Peelianickal Thomas
Perumpalathussery Abraham
Perumpallithara Antony
Plamparambil Varghese
Plaparampil Joseph
Plaparampil Thomas
Plathanam John
Plathottam Joseph
Plathottathil Thomas
Pockavarayathu Antony
Ponganamthadathil Augustine
Ponnattil Emmanuel
Poovatholil Thomas
Poovathunkal Joseph
Poovathussery Joseph
Pooveliyil Joseph Alex
Porookara Antony
Powanchira Mathew
Powathuparampil Thomas
Pulichamackal Mathew
Pulickaparambil Joseph
Punnakalayil Varghese
Punnasserry Sebastian
Puthenchira Jose
Puthenkalam Antony
Puthenkalam Tom
Puthenparampil Thomas
Puthenpura Kurian
Puthenpurackal Thomas
Puthenpurackal Thomas (Tomy)
Puthenpurackal Thomas (Aji)
Puthiaparampil Chacko
Puthiaparampil Joseph
Puthiaparampil Joseph Jr
Puthiyidam Joseph
Puthiyidom Mani
Puthiyidom Thomas
Puthuparampu Devasia
Puthuveedu Joseph
Puthuveettil Joseph
Puthuveettilkalam Joseph
Srampickal Scaria
Srampickal Thomas
Thadathil John V
Thaikkattusserril Thomas
Thalayinakuzhy Luke
Thanniathu Mathew

Thanniathu Thomas
Tharmasserry Abraham
Thattassery Antony
Thayil Philip
Thayilnedumparampil Abraham
Thekkedath Kuriakose
Thekkedathu Mathew
Thekkekara Thomas
Thekkepurathu Joseph
Thekkummuryil Thomas
Thevary Antony
Thoompumkal Joseph Jr.
Thottackattukalayil Joseph
Thumpayil Thomas
Thumpechirayil Mathew
Thundathil Thomas
Thundiyil Johnson
Thuruthel Joseph
Thyparampil Joseph
Vadakkekalam John
Vaikkathukaranveettil Philip
Valiakunnumpurathu Cyriac
Vallayil Job
Vallianipuram Thomas
Vanchickal Thomas
Vaniapurackal Joseph
Varikkappallil Jose
Varikkattu Jacob
Varuvelil Mathew
Vathyakary George
Vattackad Jacob
Vazhaparampil Thomas
Velangattussery Joseph
Veliyathu George
Vellamathara Sebastian
Vellanickal George
Vellanickal Louis
Vellanickal Thomas
Vengasserry Paul
Vengasserry Joseph
Vengasserry Thomas
Vettuvayalil Abraham

## VII
## On- Going Formation for Priests

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ കൂട്ടായ്മയും പഠനശിബിരവും ജൂൺ മാസം 19, 20 & 26, 27 തീയതികളിൽ അതിരൂപതാ കേന്ദ്രത്തിൽ നടത്തുകയാണ്. യഥാക്രമം 1994-1998, 1986-1994 ബാച്ചുകളിലെ വൈദികരാണ് ഇവയിൽ സംബന്ധിക്കേണ്ടത്. ആദ്യദിവസം രാവിലെ 9 മണിയ്ക്ക് ആരംഭിച്ച് രണ്ടാം ദിവസം ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്ന ഈ പഠനക്കൂട്ടായ്മയിൽ ടി ബാച്ചുകളിലെ വൈദികർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. On-Going Formation ൽ ഇതുവരെ പങ്കെടുക്കാത്ത വൈദികർ ഈ രണ്ടു പഠനക്കൂട്ടായ്മകളിൽ ഏതെങ്കിലും ഒന്നിൽ പങ്കെടുക്കേണ്ടതാണ്.

65 മുതൽ 75 വയസുവരെ പ്രായമുള്ള വൈദികർക്കായുള്ള പരിശീലനപരിപാടി ജൂൺ 28 -ാം തീയതി ഇത്തിത്താനത്തുള്ള സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ നടത്തപ്പെടുന്നു. ടി പ്രായപരിധിയിലുള്ള വൈദികർ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ചങ്ങനാശേരി അതിരൂപതയിലെ പള്ളികളിൽ ഉപയോഗിക്കുവാൻ തയ്യാറാക്കിയ ഓൺലൈൻ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുവാൻ ഒരു പരിശീലന പരിപാടി ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിനു സമീപം മാരേട്ട് ടവറിൽ മെയ് 12 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ക്രമീകരിച്ചിരിക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമായിരിക്കും ട്രെയിനിംഗിന് അവസരം ലഭിക്കുക.**

**വിശദവിവരങ്ങൾക്കും ബുക്കിംഗിനും – 9947232312**

# ആദരാഞ്ജലികൾ



**സി. ഗോൺസാഗാ CMC**
**കൈനകരി**
**16.02.2017**



**സി. അഗസാ CMC**
**പുളിങ്കുന്ന്**
**26.03.2018**



**സി. റൊമിയൂസ് CMC**
**കൈനകരി**
**02.04.2018**



**സി. നിക്കോളോസ് FCC**
**കായൽപ്പുറം**
**16.04.2018**

# 15–ാമത് പ്രസ്ബിറ്ററൽ കൗൺസിൽ

## ഉദ്ഘാടന സമ്മേളന സംക്ഷിപ്ത റിപ്പോർട്ട്

ചങ്ങനാശേരി അതിരൂപത 15–ാമത് പ്രസ്ബിറ്ററൽ കൗൺസിൽ ഉദ്ഘാടന സമ്മേളനം 2018 ജനുവരി 5–ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് അതിരൂപതാ മെത്രാസനഭവനത്തിൽ ആരംഭിച്ചു. പെരിയ ബ. കുര്യൻ പുത്തൻപുര അച്ചൻ പ്രാർത്ഥനാശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. തുടർന്ന്, ബ. മാത്യു ഓടലാനി അച്ചൻ പരേതനായ ബ. മാത്യു മേപ്രത്ത് അച്ചനെ അനുസ്മരിച്ചു സംസാരിക്കുകയും സമിതിയംഗങ്ങളെല്ലാവരും എഴുന്നേറ്റുനിന്ന് മൗന പ്രാർത്ഥനയോടെ ബ. മേപ്രത്ത് അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

തുടർന്ന് 15–ാമത് വൈദികസമിതി അംഗങ്ങൾക്കെല്ലാവർക്കും അനുമോദനങ്ങളും ആശംസകളും അർപ്പിച്ചുകൊണ്ടും ഏവർക്കും സ്വാഗതം ആശംസിച്ചുകൊണ്ടും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സംസാരിച്ചു. അതിനുശേഷം അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ അനുഗ്രഹ പ്രഭാഷണമായിരുന്നു. സഭയുടെ നന്മയ്ക്കായി എല്ലാവരും ഒറ്റക്കെട്ടായി നിലകൊള്ളേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പിതാവ് ഊന്നിപ്പറഞ്ഞു. തദനന്തരം അദ്ധ്യക്ഷ പ്രസംഗം നടത്തിയ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് അതിരൂപതയിലെ വിവിധങ്ങളായ സമിതികൾ തങ്ങളിലർപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തിനും പ്രത്യേക ഉത്തരവാദിത്വങ്ങൾക്കുമനുസൃതം ഉണർവ്വോടെയും ക്രിയാത്മകമായും പ്രവർത്തിക്കണമെന്നും, ഈ വൈദിക സമിതി ഇക്കാര്യത്തിൽ എല്ലാവർക്കും മാതൃകയും പ്രചോദനവുമാകേണ്ട താണെന്നും ഉദ്ബോധിപ്പിച്ചു.

സീറോ മലബാർ സഭയുടെ കൂരിയാ ബിഷപ്പ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുര പിതാവായിരുന്നു സമ്മേളനത്തിലെ മുഖ്യാതിഥിയും ഉദ്ഘാടകനും. ചങ്ങനാശ്ശേരി അതിരൂപതയോടും ഇവിടെ പിതാവിനുള്ള ഗുരുഭൂതരോടും സഹപാഠികളോടും സുഹൃത്തുക്കളോടുമൊക്കെയുള്ള സ്നേഹവും കടപ്പാടും അനുസ്മരിച്ചശേഷം അദ്ദേഹം, തന്റെതന്നെ കുടുംബത്തിൽനിന്നുള്ള ചില അനുഭവപാഠങ്ങൾ പങ്കുവെക്കുകയും, സഭാസമിതികളിൽ തികഞ്ഞ കുടുംബചൈതന്യം കാത്തുസൂക്ഷിച്ചുകൊണ്ട് ഹൃദയൈക്യത്തോടെയും സഹകരണ മനോഭാവത്തോടെയും സർവ്വോപരി നിസ്വാർത്ഥതയോടെയും സഭാനിർമ്മിതിയ്ക്കായി അണിചേരുവാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതയിലെ 15–ാമതു പ്രസ്ബിറ്ററൽ കൗൺസിലിന് എല്ലാവിധ നന്മകളും വിജയങ്ങളും പ്രാർത്ഥനാപൂർവ്വം ആശംസിച്ച അദ്ദേഹം ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

തുടർന്ന് വൈദികസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങു നടന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സത്യവാചകം ചൊല്ലിക്കൊടുത്തു. അംഗങ്ങളെല്ലാവരും പ്രതിജ്ഞ ഏറ്റുചൊല്ലുകയും, പ്രതിജ്ഞാപത്രത്തിൽ

ഒപ്പുകൾ രേഖപ്പെടുത്തി ഏല്പിക്കുകയും ചെയ്തു. അതിനുശേഷം, വികാരി ജനറാൾ പെ. ബ. ജോസഫ് മുണ്ടകത്തിൽ അച്ചൻ നടത്തിയ നന്ദി പ്രകാശനത്തോടെ സമ്മേളനത്തിന്റെ ഒന്നാംഭാഗം സമാപിച്ചു.

അതിരൂപതാദിനത്തിൽ പുതിയ ഇടവകകൾ പ്രഖ്യാപിക്കുന്നതു സംബന്ധിച്ച അപേക്ഷകൾ പരിഗണിച്ച് അംഗീകാരം നൽകി.

അതിരൂപതാ ചാൻസലർ പെരിയ ബ. റ്റോം പുത്തൻകളം അച്ചന്റെ നേതൃത്വത്തിൽ സമ്മേളനത്തിന്റെ രണ്ടാം ഭാഗം നടന്നു. പുതിയ സമിതി സെക്രട്ടറിയുടെ തിരഞ്ഞെടുപ്പും വിവിധ കമ്മിറ്റികളുടെ രൂപീകരണവുമായിരുന്നു ആദ്യം നടന്നത്. വൈദികസമിതി സെക്രട്ടറിയായി ഫാ. ജോസ് നിലവന്തറ രഹസ്യ ബാലറ്റിലൂടെ തെരഞ്ഞെടുക്കപ്പെട്ടു. ഇതിനുശേഷം, ആരാധനക്രമം, വിശ്വാസ പരിശീലനം, വിദ്യാഭ്യാസം, സാമൂഹ്യസേവനം - ആതുരസേവനം, അനുരഞ്ജനം, അജണ്ട എന്നീ കമ്മിറ്റികളും അവയുടെ കൺവീനർമാർ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകൃതമായി. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് സമിതിയുടെ പ്രതിനിധിയായി ഫാ. മാത്യു ഓടലാനിയാണ് തെരഞ്ഞെടുക്കപ്പെട്ടത്.

14-ാമത് പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയായി സ്തുത്യർഹമായ സേവനം കാഴ്ചവെച്ച ബ. ആന്റണി മൂലയിൽ അച്ചന് പുതിയ സെക്രട്ടറി ബ. ജോസ് നിലവന്തറ അച്ചൻ നന്ദി പ്രകാശിപ്പിക്കുകയും, എല്ലാവരോടും ആത്മാർത്ഥമായ സഹപ്രവർത്തനവും ഉത്തരവാദിത്വനിർവ്വഹണവും വാഗ്ദാനം ചെയ്യുകയും ചെയ്തു. തുടർന്ന് അഭി. പെരുന്തോട്ടം പിതാവിന്റെ സമാപന സന്ദേശത്തിനും, ത്രികാലജപത്തിനും ശേഷം ഉച്ചകഴിഞ്ഞ് ഒന്നരയോടെ യോഗം സമംഗളം പര്യവസാനിക്കുകയും എല്ലാവരും ഉച്ചഭക്ഷണത്തിനായി പിരിയുകയും ചെയ്തു.

**അടിയന്തിരയോഗം**

അടിയന്തിരസ്വഭാവമുള്ള ഏതാനും ആനുകാലികവിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 15-ാമത് വൈദികസമിതിയുടെ ഒരു അടിയന്തിരയോഗം 09.03.2018 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ചേരുകയുണ്ടായി. ഉച്ചകഴിഞ്ഞ് ഒരുമണിയോടെ യോഗം പര്യവസാനിച്ചു.

എന്ന്

**ഫാ. ജോസ് നിലവന്തറ**

(സെക്രട്ടറി)

# അറിയിപ്പ്

ചങ്ങനാശേരി അതിരൂപതാ പ്രസ്ബിറ്ററൽ കൗൺസിലിന്റെ അടുത്ത സാധാരണ യോഗം 2018 മെയ് 15-ാം തീയതി രാവിലെ 10 മണിക്ക് ആർച്ചുബിഷപ്പ് ഹൗസിൽ കൂടുന്നതാണ്.

**ഫാ. ജോസ് നിലവന്തറ**

(സെക്രട്ടറി)

# പഞ്ചവത്സര അജപാലനപദ്ധതി

സ്നേഹമുള്ളവരേ,

പഞ്ചവത്സര അജപാലനപദ്ധതിയുടെ ആദ്യവർഷത്തിന്റെ പകുതിയിൽ നാം എത്തിനിൽക്കുന്നു. മംഗളവാർത്തക്കാലം മുതൽ നോമ്പുകാലം വരെയുള്ള കാലത്തിലെ അജപാലന മേഖലകളെ കൂടുതൽ ശ്രദ്ധിക്കാൻ ആ കാലങ്ങളിൽ സാധിച്ചോ എന്നും, മാർഗ്ഗരേഖയിലൂടെ ആ കാലത്തിലേയ്ക്ക് നൽകിയ 20 പ്രായോഗിക നിർദ്ദേശങ്ങൾ ഓരോ ഇടവകയിലും പ്രായോഗികമാക്കാൻ ശ്രമിച്ചോ എന്നും ഇടവകയിലെ അജപാലനപദ്ധതി നിർവ്വാഹക സമിതി അംഗങ്ങൾ പരിശോധിക്കേണ്ടതാണ്. ഉയിർപ്പുകാലത്ത് കൂടുതൽ ഊന്നൽ നൽകി പ്രവർത്തിക്കേണ്ട അജപാലന മേഖല ദൈവാരാധനയാണല്ലോ. ഈ കാലത്തിൽ മാർഗ്ഗരേഖയിൽ നൽകിയിരിക്കുന്ന പ്രായോഗിക നിർദേശങ്ങൾ ഗൗരവമായി എടുത്ത് പ്രായോഗികപഥത്തിലെത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ?

അടുത്ത വർഷം ഓരോ അജപാലന മേഖലയ്ക്കും പുതിയ പ്രായോഗിക നിർദ്ദേശങ്ങളാണ് നൽകുക. ഈ വർഷത്തെ നിർദ്ദേശങ്ങൾ ചെയ്യാതെ പോകുന്നത് അജപാലനശുശ്രൂഷയുടെ ഏകോപനത്തിനും ദിശാബോധത്തിനും തടസ്സം സൃഷ്ടിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഇതുവരെയുള്ള 25 പ്രായോഗിക നിർദ്ദേശങ്ങളും നടപ്പിലാക്കാൻ ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ആദ്യവർഷത്തെ പഠനഗ്രന്ഥം (സഭാജീവിതം - സഭാചരിത്രം - സമുദായബോധം) അതിരൂപതാദിനത്തിൽ പ്രകാശനം ചെയ്യുന്നതാണ്. അത് കുടുംബകൂട്ടായ്മകളിലും വിവിധ സംഘടനകളിലും ചർച്ചകൾക്കും, പഠനത്തിനും വിധേയമാക്കി സഭാപരമായ ബോധ്യങ്ങൾ സ്വന്തമാക്കാൻ ദൈവജനത്തിന് സാധിക്കണം.

പഞ്ചവത്സര അജപാലന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു.

1. അജപാലനപദ്ധതിയുടെ നടത്തിപ്പിനും, വിലയിരുത്തലിനുമായി പ്രത്യേക സമിതികൾ ഓരോ ഇടവകയിലും ഉണ്ടാകണമെന്ന് കഴിഞ്ഞ ലക്കം മദ്ധ്യസ്ഥനിലൂടെ അറിയിച്ചിരുന്നല്ലോ. ബഹു. വികാരിയച്ചൻ, മദർ സുപ്പീരിയർ, പ്രതിനിധിയോഗാംഗ പ്രതിനിധികൾ, ഇടവകയിലെ വിവിധ സംഘടനകളിലെ ഓരോ പ്രതിനിധികൾ ഈ സമിതിയിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്. ഓരോ ഇടവകയിലെയും കുടുംബങ്ങളുടെ എണ്ണമനുസരിച്ച് ആനുപാതികമായുള്ള ഒരു സമിതിയ്ക്കാണ് രൂപം കൊടുക്കേണ്ടത്.
2. പഞ്ചവത്സര അജപാലനപദ്ധതി മാർഗ്ഗരേഖയുടെ ചിത്രീകരണം ഏപ്രിൽ 3-ന് നടന്ന അതിരൂപതാ വൈദികസമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്യുകയുണ്ടായി. അതു ലഭിക്കാത്ത ഇടവകകൾക്ക് കുടുംബക്കൂട്ടായ്മാ ഓഫീസിൽനിന്നും (ഒരുകോപ്പി) വാങ്ങാവുന്നതാണ്. ജാഗ്രതാസമിതി അതിരൂപതാ ദിനത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന പ്രസിദ്ധീകരണമായ News & Views -ലൂടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലും ഇത് എത്തിക്കുന്നതാണ്.

3. സമർപ്പിത സമൂഹങ്ങൾ ഇടവകകൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഇടവകകൾക്കുവേണ്ടി വി. കുർബ്ബാനയിൽ ഡിപ്റ്റിക്സിലും, യാമപ്രാർത്ഥനകളിലെ കാറോസോസയിലും ഓർത്തു പ്രാർത്ഥിക്കേണ്ടതാണ്. ഇടവകകളിലെ പ്രത്യേക നിയോഗങ്ങൾക്കുവേണ്ടി വികാരിയച്ചന് തങ്ങൾക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന കോൺവെന്റിനോട് പ്രാർത്ഥനാ സഹായം തേടാവുന്നതാണ്. പഞ്ചവത്സര അജപാലന പദ്ധതിയുടെ വിജയത്തിനായി ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**APOSTOLIC OBLATES**

| | | |
|---|---|---|
| St George Forane Church Amboory | - | Spirituality Centre, Manganam |
| St Marys Dalmukham | - | Apostolic Oblates, Kooroppada |
| St Josephs Kuchappuram | - | Apostolic Oblates, Study House, Manganam |

**SABS CONGREGATION**

| | | |
|---|---|---|
| Holy Cross Pazhavangady | - | SABS, Thathampally, Ootty, Rome, Nallathanny |
| St Josephs Arattuvazhy | - | SABS Punnapra, Mallappally, Kadayanickadu |
| Little Flower Ariyadu | - | SABS Punnakkunnam, Vithura, Fathimapuram |
| Lourde Matha Charamangalam | - | SABS Pacha, Assumption Hostel, Kollam |
| St. Marys Kainakary | - | SABS Chennamkary, Nirmala Bhavan, Nurenberg Mercy Home Amalagiri |
| Immaculate Heart Kaithavana | - | SABS Champakulam, Athirampuzha, Pescara, Sanjoe Bhavan Amalagiri |
| St Marys Mannancherry | - | SABS Santhome Edathua, Thuruthy, Soosaipuram |
| St George Muhamma | - | SABS Edathua, Karimpanakulam, Edayarickapuzha |
| St Thomas Pallathuruthy | - | SABS Muttar, Navajyothy Amalagiri, Mankara |
| St Marys Catherdal, Changanacherry | | SABS Koothrappally, Kainady, Kurichy, Ayarkunnam, Ashabhavan |
| St George Cheeramchira | - | SABS Mammoodu, Mumbai, Killiyoor |
| S. H. Chethipuzha | - | SABS Moprkulangara, Anchal, Chevilai |
| St Gregorious Kidangara | - | SABS L.F. Vazhappally, Chennai, Kulathoor |
| St Mary's Kumarankary | - | SABS S.H. Vazhappally, Corpus Christy Amalagiri, Masinagudy |

| | | |
|---|---|---|
| St Thomas Niranam | - | SABS N.H. Mammodu, Florida, Texas |
| St Ritas Thakazhy | - | SABS Amala Bhavan, Thandrampettu, Mallikapuram |
| Lourde Matha Mampuzhakkary | - | SABS Puthukkary, Loretto Bhavan, Kulashekaram |
| St Pious X[th] Moncompu | - | SABS Thayamkary, Pulickalkavala, Sreekariyam |
| St Xaviers Mithrakkary | - | SABS Ramankary, Sahrudaya Anchal, Paruthivilai |
| Fathima Matha Pallikkuttumma | - | SABS Laickadu, Bamberg Germany, Aradhana Bhavan |

**Apostolic Sisters of Mary Immaculate**

| | | |
|---|---|---|
| St Marys Forane Athirampuzha | - | ASMI Genaralate, Cheeramchira |
| Lisieux Athirampuzha | - | ASMI Mannila |
| Mangala Vartha Arumanur | - | ASMI Meenkulam |
| St Sebastians Cheruvandoor | - | ASMI Fathimapuram |
| Christ the King Ettumanoor | - | ASMI Ponga |
| St Francis Xavier Kattachira | - | ASMI Narbonapuram |
| St Mathews Kottackappuram | - | ASMI Angamaly |
| St Gregorious Mannarkunnu | - | ASMI Thalassery |
| St Thomas Nalpathimala | - | ASMI Amboori |
| St Thomas Pallikkunnu | - | ASMI Thittanganavilai |
| St Thomas Punnathura | - | ASMI Annikkara |
| St Josephs Thellakam | - | ASMI Meppara |
| St Marys Vettimukal | - | ASMI Nidravilai |

(തുടരും )

**പഞ്ചവത്സര കർമ്മപരിപാടികളുടെ ഭാഗമായി മാർച്ച് മാസം ധ്യാനങ്ങൾ നടത്തപ്പെട്ട ഇടവകകൾ**

| | | |
|---|---|---|
| സെന്റ് മേരീസ് നെടുമൺ | – | ഫെബ്രു. 25 |
| എസ്. എച്ച്. കരിമ്പനക്കുളം | – | മാർച്ച് 6,7 |
| ലൂർദ്ദ് മാതാ മാമ്പുഴക്കരി | – | മാർച്ച് 12,13 |
| സെന്റ് ജോസഫ്സ് രാമങ്കരി | – | മാർച്ച് 14,15 |
| ലിസ്യു കാവാലം | – | മാർച്ച് 14,15 |
| ഫാത്തിമാ മാതാ വള്ളംചിറ | – | മാർച്ച് 15 |
| സെന്റ് ജോസഫ്സ് കുന്നന്താനം | – | മാർച്ച് 16,17 |
| സെന്റ് ആന്റണീസ് തടിയൂർ | – | മാർച്ച് 16,17 |
| മാർ അപ്രേം പത്തനാപുരം | – | മാർച്ച് 17 |
| സെന്റ് ജോസഫ്സ് കണ്ണാടി | – | മാർച്ച് 17,18 |
| എസ്. എച്ച്. പുനലൂർ | – | മാർച്ച് 18 |
| സെന്റ് മേരീസ് കടയനിക്കാട് | – | മാർച്ച് 18 |

| | | |
|---|---|---|
| സെന്റ് ബേസിൽസ് മണിമല | - | മാർച്ച് 18 |
| ലൂർദ്ദ് മാതാ താഴത്തുവടകര | - | മാർച്ച് 18,22 |
| സെന്റ് ഗ്രിഗോറിയസ് വെളിയനാട് | - | മാർച്ച് 19,20 |
| സെന്റ് പോൾസ് വേഴപ്രാ | - | മാർച്ച് 19,20 |
| വി. പത്താം പീയൂസ് മങ്കൊമ്പ് | - | മാർച്ച് 21,22 |
| എസ്. എച്ച്. രാജമറ്റം | - | മാർച്ച് 21,22 |
| ഫാത്തിമാ മാതാ പള്ളിക്കുട്ടുമ്മ | - | മാർച്ച് 21,22 |
| അസംഷൻ കുറുമ്പനാടം | - | മാർച്ച് 21,22 |
| സെന്റ് സെബാസ്റ്റ്യൻസ് പനയമ്പാല | - | മാർച്ച് 21,25 |
| സെന്റ് ജോർജ്ജ് തോട്ടയ്ക്കാട് | - | മാർച്ച് 23,24 |
| സെന്റ് ജെയിംസ് കരിക്കാട്ടൂർ | - | മാർച്ച് 22 |
| ഹോളി ഫാമിലി തിരുമല | - | മാർച്ച് 23,24 |
| മദർ തെരേസാ കണ്ണമ്മൂല | - | മാർച്ച് 23,24 |
| സെന്റ് സെബാസ്റ്റ്യൻസ് ചാഞ്ഞോടി | - | മാർച്ച് 23,24 |
| സെന്റ് മേരിസ് മുണ്ടുപാലം | - | മാർച്ച് 23,24 |
| സെന്റ് റീത്താസ് കണ്ണാടി | - | മാർച്ച് 23,24 |
| സെന്റ് ജോസഫ്സ് പുന്നക്കുന്നത്തുശ്ശേരി | - | മാർച്ച് 23,24 |
| സെന്റ് ജോസഫ്സ് ചമ്പക്കര | - | മാർച്ച് 23,24 |
| സെന്റ് സെബാസ്റ്റ്യൻസ് ചെറിയവെളിനെല്ലൂർ | - | മാർച്ച് 24 |
| സെന്റ് അത്തനേഷ്യസ് മല്ലപ്പള്ളി | - | മാർച്ച് 25-28 |
| ഹോളി മാഗി മണിമല | - | മാർച്ച് 26 |
| സെന്റ് സേവ്യേഴ്സ് വെളിയനാട് | - | മാർച്ച് 26,27 |
| ലൂർദ്ദ് മാതാ ചർച്ച്, മാമ്മൂട് | - | മാർച്ച് 27,28 |
| സെന്റ് ആന്റണീസ് കുറുമ്പനാടം | - | മാർച്ച് 26,27 |
| സെന്റ് മേരിസ് നിർമ്മലപുരം | - | മാർച്ച് 27 |
| സെന്റ് മേരിസ് പാലോട് | - | മാർച്ച് 27 |
| റാണിഗിരി മണ്ണന്തല | - | മാർച്ച് 27,28 |
| ലൂർദ്ദ് ഹിൽ പേരൂർക്കട | - | മാർച്ച് 27,28 |
| സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് നെടുങ്കുന്നം | - | മാർച്ച് 26,27,28 |
| മർത്ത് മറിയം തുരുത്തി | - | മാർച്ച് 26,27 |
| സെന്റ് മേരിസ് ഇരവുചിറ | - | മാർച്ച് 26,27 |
| ലിറ്റിൽ ഫ്ളവർ ചുങ്കപ്പാറ | - | മാർച്ച് 28 |
| സെന്റ് ജൂഡ് യൂദാപുരം | - | മാർച്ച് 30 |

## പഞ്ചവത്സര കർമ്മപരിപാടികളുടെ ഭാഗമായി ഏപ്രിൽ മാസം ധ്യാനങ്ങൾ നടത്തപ്പെട്ട ഇടവകകൾ

ഏപ്രിൽ 14 ക്രൈസ്റ്റ് ദ കിംഗ് കുറ്റിക്കോണം
ഏപ്രിൽ 15 നിത്യസഹായമാതാ ചെങ്കുളം
ഏപ്രിൽ 21 സെന്റ് ആന്റെണീസ് ചീപ്പുങ്കൽ
ഏപ്രിൽ 22 ഇൻഫന്റ് ജീസസ്, ചെറുകടവ്
ഏപ്രിൽ 26 നിത്യസഹായ മാതാ കരവാളൂർ
ഏപ്രിൽ 28 സെന്റ് ജോർജ്ജ്, ഐക്കരച്ചിറ
ഏപ്രിൽ 29 സെന്റ് ജോസഫ്സ് മീൻകുളം

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**
(സെക്രട്ടറി, പഞ്ചവത്സര അജപാലനപദ്ധതി)

**ഫാ. ജെയിംസ് പാലയ്ക്കൽ**
(കോർഡിനേറ്റർ, പഞ്ചവത്സര അജപാലനപദ്ധതി)

## പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ പ്രതിഷേധിച്ചു**

കുട്ടികൾക്കും സ്ത്രീകൾക്കും നേരെ രാജ്യമെമ്പാടും വർദ്ധിച്ചു വരുന്ന അതിക്രമങ്ങളിലും പീഡനങ്ങളിലും അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി പ്രതിഷേധിച്ചു. അടുത്തകാലത്ത് കഠ്വ, ഉന്നാവ പോലെയുള്ള സ്ഥലങ്ങളിൽ നടന്ന ദാരുണ സംഭവങ്ങൾ അപലപനീയവും പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ലെന്നും, ഇത്തരം ചൂഷണങ്ങളും ക്രൂരകൃത്യങ്ങളും ഉണ്ടാകാതിരിക്കുവാൻ ഭരണകൂടങ്ങളും നിയമസംവിധാനങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും ജാഗ്രതാസമിതി ആവശ്യപ്പെട്ടു. ഇങ്ങനെയുള്ള സംഭവങ്ങളുടെ മറവിൽ തെറ്റായ ആശയപ്രചരണം നടത്തുന്നതും വിഭാഗീയതയും വർഗീയതയും വളർത്തുന്നതും, ക്രിയാത്മകമായി പ്രതിഷേധിക്കുവർക്കെതിരെ അക്രമങ്ങൾ അഴിച്ചുവിടുന്നതും ജനാധിപത്യ രാഷ്ട്രസംവിധാനത്തിന് നിരക്കുന്നതല്ലെന്നും സമിതി വിലയിരുത്തി.

**അഭി. മാർ എബ്രഹാം വിരുതിക്കുളങ്ങര, ഗീവർഗീസ് മാർ അത്തനാസിയൂസ് സഫ്രഗൻ മെത്രാപ്പോലീത്താ എന്നിവരുടെ ദേഹവിയോഗത്തിൽ അനുശോചിച്ചു**

നാഗ്പൂർ ആർച്ചുബിഷപ്പ് അഭിവന്ദ്യ എബ്രഹാം വിരുതിക്കുളങ്ങരയുടെ ദേഹവിയോഗത്തിൽ അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി അനുശോചനം രേഖപ്പെടുത്തി. എല്ലാവരോടും സ്നേഹോഷ്മളമായ ബന്ധങ്ങൾ പുലർത്തിയിരുന്ന ഉത്തമനായ ആചാര്യശ്രേഷ്ഠനായിരുന്നു അഭിവന്ദ്യ അബ്രഹാം വിരുതുകുളങ്ങര പിതാവെന്നും ആശയവിനിമയങ്ങളിലൂടെയും ക്രിയാത്മകമായ വിമർശനങ്ങളിലൂടെയും വസ്തുനിഷ്ഠമായ വിലയിരുത്തലുകളിലൂടെയും പ്രായോഗികമായ നിർദ്ദേശങ്ങളിലൂടെയും അദ്ദേഹം എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചിരുന്നതായും നിഷ്കളങ്കതയും സമഭാവനയും വാത്സല്യവും നിറഞ്ഞ വ്യക്തിബന്ധങ്ങളിൽ വിരുതികുളങ്ങര പിതാവ് ഏവരുടെയും മുന്നിലായിരുന്നുവെന്നും അനുസ്മരിക്കപ്പെട്ടു.

മലങ്കര-മാർത്തോമ്മാ സുറിയാനി സഭയുടെ റാന്നി-നിലയ്ക്കൽ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ നിര്യാണത്തിൽ അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി അനുശോചനം രേഖപ്പെടുത്തി. കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ മുഴുവൻ നേതൃനിരയിൽ പ്രവർത്തിച്ച മേലദ്ധ്യക്ഷനാണ് ഗീവർഗീസ് മാർ അത്തനാസിയോസ് തിരുമേനിയെന്നും വിശ്വാസത്തിൽ ഉറച്ചതും ധീരവും സഭൈക്യത്തിന് ഉതകുന്നതുമായ നിലപാടുകൾ വഴി അദ്ദേഹം ക്രൈസ്തവ സമൂഹത്തിന് മുഴുവൻ ദിശാബോധം നല്കിയെന്നും പ്രത്യേകം അനുസ്മരിക്കപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

# XIV PASTORAL COUNCIL
## ARCHEPARCHY OF CHANGANACHERRY

### പാസ്റ്ററൽ കൗൺസിൽ - സമ്മേളനം റിപ്പോർട്ട്

പതിനാലാമത് പാസ്റ്ററൽ കൗൺസിലിന്റെ സമ്മേളനം 2018 ഏപ്രിൽ 28-ാം തീയതി ശനിയാഴ്ച ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജിലെ അതിരൂപത ജൂബിലി ഹാളിൽ നടന്നു. കൗൺസിൽ പ്രസിഡന്റ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. എക്സിക്യൂട്ടീവ് അംഗം ഡോ. ജോസഫ് പാറ്റാനിയുടെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് മാർ തോമസ് തറയിൽ സ്വാഗതവും കുടുംബക്ഷേമകമ്മറ്റി കൺവീനർ ശ്രീമതി സൗമി ജോസഫ് കൃതജ്ഞതയും അർപ്പിച്ചു. ഏപ്രിൽ 23-ാം തീയതി മെത്രാൻ ശുശ്രൂഷയിൽ ഒരു വർഷം പൂർത്തിയാക്കിയ അഭിവന്ദ്യ തറയിൽ പിതാവിന് സമ്മേളനം സ്നേഹനിർഭരമായ ആശംസകൾ നേർന്നു.

### യോഗത്തിലവതരിപ്പിച്ച വിഷയങ്ങളും അവതരിപ്പിച്ചവരും

1. ഇറ്റാവാ - രാജസ്ഥാൻ മിഷൻ പ്രവർത്തനങ്ങൾ
   - മോൺ. ജെയിംസ് പാലയ്ക്കൽ
2. കർഷകാവകാശസംരക്ഷണം - ശ്രീ. വി.ജെ. ലാലി
3. ജൂവനൈൽ ജസ്റ്റിസ് ആക്ട് മൂലം കെയർഹോംസ് നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും - റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ
4. മദ്യനയത്തിന്റെ കാണാപ്പുറങ്ങൾ - റവ. ഫാ. തോമസ് താന്നിയത്ത്
5. യുവജനസൗഹൃദ ഇടവക മാർഗ്ഗരേഖ - റവ. ഫാ. ജേക്കബ് ചക്കാത്തറ
6. ഹെൽപ്പ് ഡെസ്ക്ക് സംവിധാനം ഫൊറോന - ഇടവക തലങ്ങളിൽ
   - റവ. ഫാ. ജോസഫ് കളരിക്കൽ
7. പാസ്റ്ററൽ കൗൺസിൽ കുടുംബസംഗമം - ശ്രീ. ജോസ് ആനിത്തോട്ടത്തിൽ

### അനുമോദനങ്ങൾ

1. അഖിലേന്ത്യതലത്തിൽ മികച്ച കോളേജുകളുടെ പട്ടികയിൽ 46-ാം സ്ഥാനം നേടിയ എസ്.ബി. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ടോമി പടിഞ്ഞാറേവീട്ടിൽ.
2. സി. ജിയോ മരിയ എഫ്.സി.സി. - സന്യാസവ്രത വാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി
3. ശ്രീ. തോമസുകുട്ടി മണക്കുന്നേൽ - മികച്ച മദ്യവിരുദ്ധസമിതി പ്രവർത്തകനുള്ള 2017 -ലെ കെ.സി.ബി.സി. അവാർഡ്
4. ശ്രീ. വി.ജെ. ലാലി - സാമൂഹ്യപ്രതിബദ്ധതയുള്ള ഹയർ സെക്കൻഡറി അധ്യാപകനു നൽകുന്ന ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ സ്മാരക അവാർഡ്.

5. ശ്രീമതി ലാൽസി ജോസഫ് - മികച്ച പഞ്ചായത്തംഗത്തിനുള്ള പി.റ്റി. ചാക്കോ ഫൗണ്ടേഷൻ അവാർഡ്
6. ശ്രീമതി അന്നമ്മ മാണി - ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ സർട്ടിഫിക്കറ്റ്
7. ഡോ. റോസമ്മ സോണി - Best Women (Humanities & Social Science) Award 2018, Venus International, Chennai.

**അനുശോചനം**

പാസ്റ്ററൽ കൗൺസിൽ അംഗമായ ശ്രീ. ദേവസ്യ ആന്റണി വഞ്ചിക്കലിന്റെയും (പുളിങ്കുന്ന്), മോൺ ഫിലിപ്സ് വടക്കേക്കളം അച്ചന്റെ സഹോദരൻ ശ്രീ. തോമസുകുട്ടി വടക്കേക്കളത്തിന്റെയും പാസ്റ്ററൽ കൗൺസിലംഗം ശ്രീമതി കുഞ്ഞുമോൾ ജോസഫിന്റെ മാതാവിന്റെയും നിര്യാണത്തിൽ യോഗം അനുശോചിക്കുകയും മൗനമാചരിക്കുകയും ചെയ്തു.

**നന്ദിയും സ്വാഗതവും**

കോർപ്പറേറ്റ് മാനേജർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം ചെയ്ത ശേഷം എസ്.ബി. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ആയി സ്ഥലം മാറിയ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗം റവ. ഫാ. മാത്യുനടമുഖത്തിന് യോഗം നന്ദി രേഖപ്പെടുത്തി.

കോർപ്പറേറ്റ് മാനേജറായി നിയമിതനായ റവ. ഫാ. ജോസഫ് കറുകയിലിനെ യോഗം പാസ്റ്ററൽ കൗൺസിലിലേയ്ക്ക് സ്വാഗതം ചെയ്തു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ടും എക്സിക്യൂട്ടീവ് മിനിറ്റ്സും അവതരിപ്പിച്ചു.

പ്രാർത്ഥനയോടെ യോഗം സമംഗളം പര്യവസാനിച്ചു.

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

---

# ചമ്പക്കുളം ഫൊറോന കൗൺസിൽ സെമിനാർ

ചമ്പക്കുളം ഫൊറോന കൗൺസിൽ അർദ്ധവാർഷിക സമ്മേളനവും സെമിനാറും 2018 ഏപ്രിൽ 15-ാം തീയതി സെന്റ് മേരീസ് ബസിലിക്കാ മീഡിയാ സെന്ററിൽ നടന്നു. റെക്ടർ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ കൗൺസിൽ റിപ്പോർട്ട് ശ്രീ. ടോം ജോസഫ് അവതരിപ്പിച്ചു. അതിരൂപതാ പഞ്ചവത്സര അജപാലന പദ്ധതിയെക്കുറിച്ച് ഡോ. പി.സി. അനിയൻകുഞ്ഞ്, മികച്ച പ്രതിനിധിയോഗത്തിനുള്ള ഗോൾഡൻ ജൂബിലി പ്രൈസ് സംബന്ധിച്ച് ഡോ. സോണി കണ്ടങ്കരി എന്നിവർ ക്ലാസ്സ് നയിച്ചു. ശ്രീ. ജോമോൻ വർഗീസ് സ്വാഗതവും ശ്രീ. ടോം ജോസഫ് നന്ദിയും അർപ്പിച്ചു.

**ശ്രീ. ടോം ജോസഫ്**
(സെക്രട്ടറി)

# സന്ദേശനിലയം

ഈശോയിൽ സ്നേഹമുള്ളവരേ,

തിന്മയെ പരാജയപ്പെടുത്തി പാപത്തിന്റെയും മരണത്തിന്റെയുംമേൽ വിജയം നേടിയ മിശിഹാ ഉത്ഥാനത്തിന്റെ സന്ദേശം പ്രത്യാശയാണെന്നു നമ്മെ പഠിപ്പിക്കുന്നു. ഈ പ്രത്യാശയുടെ സംവാഹകരാണ് വിശ്വാസപരിശീലകർ. നമ്മുടെ പ്രവർത്തനങ്ങൾ ഉത്ഥിതനായ നാഥനിലുള്ള വിശ്വാസം മക്കളിൽ ആഴപ്പെടുത്തുവാൻ നമുക്കു പ്രാർത്ഥിക്കാം.

ഫൊറോതല സി.എഫ്.സി. മീറ്റിംഗുകൾ വിവിധ ഫൊറോനകേന്ദ്രങ്ങളിലായി നടക്കുന്നു. അതിരൂപതാ ടീം ഫൊറോന സമിതിയുമായി നടത്തുന്ന ഈ സംഗമങ്ങൾ നമ്മുടെ മുൻപോട്ടുള്ള വിശ്വാസപരിശീലന പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തും എന്നതിൽ സംശയമില്ല. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർക്കായി മെയ് 4,5,6 തീയതികളിൽ നടത്തപ്പെടുന്ന ധ്യാനത്തിലേയ്ക്ക് എല്ലാ ഹെഡ്മാസ്റ്റർമാരേയും സ്വാഗതം ചെയ്യുന്നു.

മെയ് 14-ാം തീയതി വൈകിട്ട് 5 മണിക്ക് CLT, MCC കോഴ്സുകളുടെ അവാർഡുദാനം ചങ്ങനാശേരി എസ്.ബി. എച്ച്.എസ്.എസ്.ൽ വച്ച് ആഘോഷപൂർവ്വം നടത്തപ്പെടുന്നു.

മെയ് 20 പന്തക്കുസ്താതിരുനാളാണ്. മതബോധനവർഷ ഉദ്ഘാടനവും എല്ലാ ഇടവകകളിലും അത് സമുചിതമായി നടത്തുവാൻ ശ്രദ്ധിക്കുക. അന്ന് വിദ്യാരംഭ ദിനമായും ആചരിക്കുന്ന രീതി നമ്മുടെയിടയിലുണ്ട്. പരിശുദ്ധാത്മ നിറവാണല്ലോ വിജ്ഞാനത്തിന്റെ തികവ്. ആയതിനാൽ ആ ദിവസം കുട്ടികളെ എഴുത്തിനിരുത്തുന്ന രീതിയും പതിവുള്ളതാണ് അതും പ്രോത്സാഹിപ്പിക്കുവാൻ ശ്രദ്ധിക്കാം.

മതബോധനവർഷ ഉദ്ഘാടനം മെയ് 20 ന് ആണെങ്കിലും സൺഡേസ്കൂൾ ക്ലാസ്സുകൾ ആരംഭിക്കുന്നത് ജൂൺ 3 ഞായറാഴ്ചയായിരിക്കും.

മെയ് 26 ശനി മതാധ്യാപക നേതൃസംഗമം സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1. 30 വരെ.

ഏവർക്കും ആഗതമാകുന്ന പന്തക്കുസ്താതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്

സ്നേഹപൂർവ്വം,

**ജോസിയച്ചൻ** **ജോബിയച്ചൻ**

## അറിയിപ്പുകൾ

**2018 മെയ്**

1 ചൊവ്വ : തൊഴിലാളി മദ്ധ്യസ്ഥൻ മാർ യൗസേപ്പ് (ഓഫീസ് അവധി)

| | | |
|---|---|---|
| 3 വ്യാഴം | : | മാർ പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 4 വെള്ളി | : | മെയ് 4 മുതൽ 6 വരെ ഹെഡ്മാസ്റ്റർമാരുടെ ധ്യാനവും മാർഗ്ഗനിർദ്ദേശക ക്യാമ്പും |
| 5 ശനി | : | സന്ദേശനിലയം സ്ഥാപക ദിനം |
| 10 വ്യാഴം | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം, കടമുള്ള ദിവസം (ഓഫീസ് അവധി) |
| 14 തിങ്കൾ | : | CLT, MCC കോഴ്സുകളുടെ അവാർഡുദാനം ചങ്ങനാശേരി എസ്.ബി. എച്ച്.എസ്.എസ്. ൽ വച്ച് വൈകുന്നേരം 5 മണിക്ക് |
| 17 വ്യാഴം | : | Recollection day for Office Staff (ഓഫീസ് അവധി) |
| 19 ശനി | : | അതിരൂപതാദിനം |
| 20 ഞായർ | : | പന്തക്കുസ്താതിരുനാൾ<br>അതിരൂപതാമതബോധനദിനം<br>വിശ്വാസപരിശീലനവർഷം : ഇടവകതല ഉദ്ഘാടനം |
| 25 വെള്ളി | : | സ്വർണ്ണവെള്ളി |
| 26 ശനി | : | മതാധ്യാപക നേതൃസംഗമം |

**ജൂൺ**

| | | |
|---|---|---|
| 3 ഞായർ | : | ശ്ലീഹാക്കാലം മൂന്നാം ഞായർ<br>വിശ്വാസപരിശീലന ക്ലാസ്സുകൾ ആരംഭിക്കുന്നു. |
| 8 വെള്ളി | : | വാ. മറിയംത്രേസ്യാ |
| 9 ശനി | : | മാർ അപ്രേം<br>സി.എം.എൽ. അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം |

**സീറോ മലബാർ സഭ പ്രതിഭാസംഗമം**

അതിരൂപതാതല സ്കോളർഷിപ്പുപരീക്ഷയിൽ 7-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും സിനഡ് തലത്തിൽ 2018 മെയ് 23, 24, 25 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന പ്രതിഭാസംഗമത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

X, XII ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് Verify ചെയ്യുന്നതിനായി സന്ദേശനിലയത്തിൽ ഏല്പിക്കുമ്പോൾ X, XII ക്ലാസ്സുകളിലെ ഫൈനൽ മാർക്ക്ലിസ്റ്റും ഹാജർ ബുക്കും പ്രസ്തുത കുട്ടികളുടെ XIലെ ഹാജർ ബുക്കും VIII, IX, XI എന്നീ ഫൈനൽ മാർക്ക്ലിസ്റ്റുകളും ഓഫീസിൽ ഏല്പിച്ചിട്ടില്ലെങ്കിൽ അതും X-ാം ക്ലാസ്സ് സർട്ടിഫിക്കറ്റിന്റെ നമ്പറും പഠിച്ചവർഷവും രേഖപ്പെടുത്തിയ ലിസ്റ്റും കൊണ്ടുവരേണ്ടതാണ്.

വിശ്വാസോത്സവം വർക്ക് ബുക്കുകളുടെ പണം അടയ്ക്കുവാനുള്ളവർ മെയ് 15നകം അടയ്ക്കേണ്ടതാണ്. മതബോധന വിഹിതവും ചോദ്യപേപ്പറിന്റെ വിഹിതവും അടയ്ക്കുവാനുള്ളവർ എത്രയും വേഗം അടയ്ക്കേണ്ടതാണ്.

മെയ് 20-ാം തീയതി മതബോധനവർഷം - അതിരൂപതാതല ഉദ്ഘാടനം പൊങ്ങ മാർസ്ലീവാ പള്ളിയിൽ രാവിലെ 8.00 ന്.

## BCT കോഴ്സ് & CLT കോഴ്സ്

മതാദ്ധ്യാപകർക്കുള്ള അടിസ്ഥാന പരിശീലന പരിപാടിയായ BCT കോഴ്സ് ഈ വർഷവും നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. CLT 39-ാം ബാച്ചിലേയ്ക്കും MCC 10-ാം ബാച്ചിലേയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

## Diploma in Media of Communication and Catechesis ( MCC)

ലോകോസ്റ്റ് മീഡിയ തുടങ്ങി ആധുനിക ഇലക്ട്രോണിക് മീഡിയ വരെ അനായാസം വിനിയോഗിച്ച് കൂടതൽ ഫലപ്രദവും ആകർഷവുമായ രീതിയിൽ വിശ്വാസപരിശീലനം നടത്തുവാൻ മതാദ്ധ്യാപകരെ പ്രാപ്തരാക്കുക. എന്ന ലക്ഷ്യത്തോടെ സന്ദേശനിലയം ജൂബിലിവർഷത്തിൽ ആരംഭിച്ച MCC കോഴ്സിൽ ബോധനവിഷയങ്ങളിൽ വൈദഗ്ധ്യം നേടിയവരുടെ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ഉൾപ്പെടുത്തിയിരിക്കുന്നു.

### മതാദ്ധ്യാപക നേതൃസംഗമം മെയ് 26 ശനി

ഈ വർഷത്തെ മതാദ്ധ്യാപക നേതൃസംഗമം മെയ് 26 ശനി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ചങ്ങനാശ്ശേരി സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാർ, സെക്രട്ടറിമാർ, ഓരോ സൺഡേസ്കൂളിൽ നിന്നുള്ള ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, CRT അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. അതിരൂപത ഗോൾഡൻസ്റ്റാർ, സിൽവർസ്റ്റാർ ആയി തിരഞ്ഞെടുക്കപ്പെടുന്ന സൺഡേസ്കളുടെ പ്രതിനിധികളും CLT, MCC ഡിപ്ലോമയ്ക്ക് അർഹരായവരും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്

### ആദരാഞ്ജലികൾ

എടത്വാ കോയിൽമുക്ക് സെന്റ് ജോസഫ് സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ. മാർട്ടിൻ മാത്യു, മങ്കൊമ്പ് പയസ് X$^{th}$ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. എൽസമ്മ ആന്റണി അത്തിക്കളം എന്നിവരുടെ മാതാവിന്റെയും കൊല്ലാട് ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ അധ്യാപിക സി. ജൂലി എഫ്. സി. സി. യുടെ പിതാവിന്റെയും കുമരകം സെന്റ് ജോൺസ് സൺഡേസ്കൂൾ അതിരൂപതാ CRT അംഗം ശ്രീ. എം. വി. മാത്യു ഇലഞ്ഞിപറമ്പിലിന്റെ മാതാവിന്റെയും തിരുവനന്തപുരം കണ്ണമ്മൂല സെന്റ് മദർ തെരേസ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. ഏലിയാമ്മ റ്റി. ജേക്കബിന്റെ പിതാവിന്റെ നിര്യാണത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ☸

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ പ്രിയമുള്ളവരേ,

വിശ്വാസോത്സവം, നേതൃപരിശീലനക്യാമ്പ് എന്നിവ കഴിഞ്ഞു. ഇനിയുള്ള അവധി ദിനങ്ങളിൽ പുതിയ പ്രവർത്തനവർഷത്തിലേയ്ക്ക് ആവശ്യമായ പരിപാടികൾ മുൻകൂട്ടി ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അതിരൂപതാ മാർഗ്ഗരേഖയനുസരിച്ച് മേഖലാ ശാഖാതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. പന്തക്കുസ്താതിരുനാളിനായി ഒരുങ്ങുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ കൃപയും അനുഗ്രഹവും നിങ്ങളെല്ലാവരുടെ മേലും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും പന്തക്കുസ്താതിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം

**ജോസിയച്ചൻ** **ജോബിയച്ചൻ**

## അറിയിപ്പുകൾ

**2018 മെയ്**

| | | |
|---|---|---|
| 1 ചൊവ്വ | : | തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ തിരുനാൾ. ഓഫീസ് അവധി. |
| 5 ശനി | : | സന്ദേശനിലയം വജ്രജൂബിലി ദിനം |
| 6 ഞായർ | : | ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ എയ്ഞ്ചൽസ് മീറ്റ് മേഖലാ തലത്തിൽ നടത്തുക. |
| 19 ശനി | : | അതിരൂപതാ ദിനം, ഓഫീസ് അവധി. |
| 20 ഞായർ | : | പെന്തക്കുസ്താ തിരുനാൾ, അതിരൂപതാ മതബോധനദിനം |
| 26 ശനി | : | ധന്യൻ മാർ തോമസ് കുര്യാളശ്ശേരി തീർത്ഥാടനം (പാറേൽ പള്ളിയിൽ നിന്ന് കത്തീഡ്രലിലേയ്ക്ക്) |

**ജൂൺ**

| | | |
|---|---|---|
| 2 ശനി | : | ചരമദിനം ധന്യൻ മാർ തോമസ് കുര്യാളശേരി |
| 9 ശനി | : | അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം മാനേജിംഗ് കമ്മിറ്റി |
| 10 ഞായർ | : | പ്രവർത്തനവർഷ ഉദ്ഘാടനം ശാഖകളിൽ |

**പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 9ന്**

ജൂൺ മാസം 9-ാം ശനിയാഴ്ച അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും രാവിലെ 9.30 മുതൽ 1.30 വരെ നടക്കുന്നു. അതിരൂപതാ മേഖലാ ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ജോയിന്റ് ഡയറക്ടർ, ഓർഗനൈസർമാർ, ഡയറക്ടർമാർ, എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

**കൈയ്യെഴുത്തു മാസിക, വാർഷിക റിപ്പോർട്ട്**

കൈയ്യെഴുത്തുമാസികയും വാർഷിക റിപ്പോർട്ടും അതിരൂപതാ ഓഫീസിൽ സമർപ്പിക്കാനുള്ള അവസാന തീയതി മെയ് മാസം 6-ാം തീയതി (ഞായറാഴ്ച) വരെ നീട്ടിയിരിക്കുന്ന വിവരം അറിയിക്കുന്നു.

**2017-18 പ്രവർത്തനവർഷം രണ്ടാം ഘട്ടത്തിലെ മികച്ച യൂണിറ്റുകൾ**

| | | | |
|---|---|---|---|
| 1. | ആലപ്പുഴ | - | സെന്റ് ജോസഫ്സ് ആറാട്ടുവഴി |
| 2. | അതിരമ്പുഴ | - | സെന്റ് മാത്യൂസ് കോട്ടയ്ക്കപ്പുറം |
| 3. | ചമ്പക്കുളം | - | സെന്റ് മേരീസ് ബസിലിക്ക |
| 4. | ചങ്ങനാശേരി | - | ഡോൺ ബോസ്കോ ചെത്തിപ്പുഴ |
| 5. | എടത്വാ | - | സെന്റ് ജോസഫ്സ് കരുവാറ്റ |
| 6. | കൊല്ലം ആയൂർ | - | ക്രിസ്തുരാജ് ആയൂർ |
| 7. | കോട്ടയം | - | സെന്റ് ആന്റണീസ് പുതുപ്പള്ളി |
| 8. | കുറുമ്പനാടം | - | അസംപ്ഷൻ കുറുമ്പനാടം |
| 9. | കുടമാളൂർ | - | സെന്റ് മേരീസ് കുടമാളൂർ |
| 10. | മണിമല | - | ഹോളി മാഗി മണിമല |
| 11. | നെടുംകുന്നം | - | സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുംകുന്നം |
| 11. | പുളിംകുന്ന് | - | സെന്റ് പയസ് $X^{th}$ മങ്കൊമ്പ് |
| 13. | തുരുത്തി | - | ഹോളി ഫാമിലി പൊടിപ്പാറ |
| 14. | തിരുവനന്തപുരം | - | മദർ തെരേസാ കണ്ണമ്മൂല |
| 15. | തൃക്കൊടിത്താനം | - | സെന്റ് തോമസ് നാലുകോടി |

അവാർഡുകൾ അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് ജൂൺ 9ന് നല്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

2018-19 പ്രവർത്തനവർഷത്തേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ മേഖലാ ഭാരവാഹികളുടെ ലിസ്റ്റ് മെയ് 10-ാം തീയതിയ്ക്കകം അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

# പ്രോലൈഫ് വിദ്യാഭ്യാസ സഹായം

നാലോ അതിൽകൂടുതലോ മക്കളുള്ള മാതാപിതാക്കളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഫാമിലി അപ്പോസ്തലേറ്റ് പ്രോലൈഫ് സെൽ സഹായം നൽകുന്നു. അപേക്ഷാഫോം ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ ലഭ്യമാണ്. മെയ് 22-ാം തീയതിക്കകം ഫോം പൂരിപ്പിച്ച് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം തിരികെ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

# ഫാമിലി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബ പ്രേഷിതരേ,

ഏവർക്കും മാതൃദിനത്തിന്റെ ആശംസകൾ. മാതൃത്വത്തിന്റെ മഹനീയത യെക്കുറിച്ചുള്ള പ്രാധാന്യവും അവബോധവും ഉണർത്തുകയെന്നുള്ളത്.മാതൃ പിതൃവേദിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

മെയ് മാസത്തെ രണ്ടാം ഞായറാഴ്ചയാണല്ലോ നാം മാതൃദിനം ആഘോഷി ക്കുന്നത്. അമ്മയെ ഓർക്കാത്ത ദിവസങ്ങൾ മക്കളുടെ ജീവിതത്തിൽ ഉണ്ടാകാ റില്ല. എങ്കിലും ആധുനിക കാലഘട്ടത്തിന്റെ തിക്കിലും തിരക്കിലും പെട്ട് അമ്മ മാർ വേണ്ടത്ര ആദരിക്കപ്പെടാതെയോ ഓർമ്മിക്കപ്പെടാതെയോ പോകുന്നു ണ്ടെന്ന് തോന്നുന്നു. ഒരു ദിവസത്തേക്ക് മാത്രം ആദരിക്കപ്പെടേണ്ടവരല്ല അമ്മ മാർ. ജീവിതകാലം മുഴുവൻ ആദരിക്കപ്പെടേണ്ടവരാണവർ. ജീവിതകാലം മുഴു വൻ അമ്മയെന്ന പുണ്യത്തെ നെഞ്ചോടേറ്റുവാൻ ഈ ദിനാചരണത്തിന് സാധി ച്ചാൽ വലിയൊരു കാര്യമാകും. മക്കളുടെ വളർച്ചയിൽ അമ്മയ്ക്ക് പകരം വെയ്ക്കാൻ ആർക്കും കഴിയില്ല. അതുപോലെതന്നെ അമ്മയുടെ വാർദ്ധക്യ ത്തിൽ മക്കളുടെ സാന്ത്വന സ്പർശനത്തിനും സാമീപ്യത്തിനും പകരം വെക്കാൻ മറ്റൊന്നിനും ആകില്ല.

ഒരമ്മയുടെയും കണ്ണുനീർ ഈ ലോകത്ത് വീഴാതിരിക്കാനും വീഴ്ത്താതിരി ക്കാനും കടമയുണ്ട് എന്ന ബോദ്ധ്യത്തോടെ നമുക്ക് ജീവിക്കാം. എല്ലാ മാതാക്കൾക്കും മാതൃതുല്യരായ സ്ത്രീകൾക്കും ആശംസകളും പ്രാർത്ഥന കളും നന്മയും നേർന്നുകൊണ്ട്.

സ്നേഹപൂർവ്വം,

**ഫാ ജോസഫ് ഇലഞ്ഞിമറ്റം** (അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)

## നന്ദിയും സ്വാഗതവും

ദീർഘകാലം അമ്പൂരി ഫൊറോന ഡയറക്ടറായിരുന്ന ബഹു. ആന്റണി മുതലക്കാവുങ്കൽ അച്ചന് നന്ദി അറിയിക്കുന്നു. അമ്പൂരി ഫൊറോനയുടെ പുതിയ ഡയറക്ടറായി ചാർജ്ജെടുത്ത ബഹു.ജേക്കബ് നടുവിലേക്കളമച്ചന് സ്വാഗതം.

## മാതൃദിനം

മെയ് 13-ാം തീയതി മാതൃദിനം ഉചിതമായി യൂണിറ്റുകളിൽ നടത്തണം. മാതാക്കളെ ആദരിക്കാനും, മാതൃത്വത്തിന്റെ മഹനീയതയെക്കുറിച്ചുള്ള അവ ബോധം ഉണർത്തുന്ന ക്ലാസ്സുകളും, ചർച്ചകളും നടത്താനും ശ്രദ്ധിക്കണം. 'എന്റെ അമ്മ' യെന്ന ആശയത്തെ മുൻനിർത്തി പ്രസംഗ മത്സരമോ കത്തെ ഴുത്ത് മത്സരമോ അനുഭവകുറിപ്പ് മത്സരമോ നടത്താവുന്നതാണ്.

## പ്രവർത്തന വർഷോദ്ഘാടനം

കുറുമ്പനാടം ഫൊറോന പ്രവർത്തന വർഷോദ്ഘാടനം ഏപ്രിൽ 22-ാം തീയതി ഞായറാഴ്ച കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ദൈവാല യത്തിൽ നടന്നു. ശ്രീമതി ജാൻസിമോൾ അഗസ്റ്റിൻ ക്ലാസ്സ് നയിച്ചു. നെടുങ്കുന്നം ഫൊറോന പ്രവർത്തന വർഷോദ്ഘാടനം ഏപ്രിൽ 29-ാം തീയതി കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയിൽ ഉച്ചകഴിഞ്ഞ് 2.30 ന് നടന്നു.

ഇത്തിത്താനം സെന്റ് മേരീസ് യൂണിറ്റ് വാർഷികം ഏപ്രിൽ 8-ാം തീയതി പാരീഷ് ഹാളിൽ നടന്നു.

ഈശോയിൽ പ്രിയരേ,

ഈ വർഷത്തെ കാരിത്താസ് ചങ്ങനാശ്ശേരിക്കുവേണ്ടിയുള്ള തുക ഇനിയും അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ അടയ്ക്കാത്തവർ മെയ് 12 നു മുൻപ് അടയ്ക്കണമെന്നോർമ്മിപ്പിക്കുന്നു. അറിയിച്ചാൽ കുടുംബക്കൂട്ടായ്മ അതിരൂപതാ കമ്മറ്റി അംഗങ്ങൾ ഇടവകയിൽവന്ന് തുക ശേഖരിക്കുന്നതാണ്. സഹകരിക്കുമല്ലോ.

## മുടിയൂർക്കര ഇടവകയിൽ ബസാലേൽ കൺവൻഷന് തുടക്കം

ഏപ്രിൽ 15-ാം തീയതി ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെയുള്ള സമയത്ത് മുടിയൂർക്കര ഇടവകയിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സിനായി ബസാലേൽ കൺവൻഷൻ സംഘടിപ്പിച്ചു. വികാരി റവ. ഫാ. ജെയിംസ് കലയംക ം സ്വാഗതം ആശംസിച്ചു. ഗാനപരിശീലനത്തിനുശേഷം അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി കുടുംബക്കൂട്ടായ്മകൾ ക്രൈസ്തവ സാക്ഷ്യത്തിന് എന്ന വിഷയത്തിൽ പ്രബോധനം നൽകി. തുടർന്നു നടന്ന ചർച്ചകൾക്ക് അതിരൂപതാ കുടുംബക്കൂട്ടായ്മ കൺവീനർ ശ്രീ. ജോബ് ആന്റണി, ഓഫീസ് സെക്രട്ടറി റ്റോമിച്ചൻ കൈതക്കളം എന്നിവർ നേതൃത്വം നൽകി. പ്രാർത്ഥനയോടെയും, സ്നേഹവിരുന്നോടെയും കൺവൻഷൻ സമാപിച്ചു.

## ബസാലേൽ കൺവൻഷൻ വടക്കേക്കരയിൽ

ഏപ്രിൽ 22-ാം തീയതി ഞായറാഴ്ച വടക്കേക്കര ഇടവകയിൽ ബസാലേൽ കൺവൻഷൻ നടത്തുകയുണ്ടായി. വികാരി റവ. ഫാ. മാത്യു കളത്തിൽ സ്വാഗതം ആശംസിച്ചു. കുടുംബക്കൂട്ടായ്മ പ്രാർത്ഥനാ ഗാനത്തിന്റെ പരിശീലനം നടത്തി. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ക്ലാസ് നയിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് അതിരൂപതാ കമ്മറ്റി അംഗങ്ങൾ നേതൃത്വം നൽകി. പരി. കുർബ്ബാനയുടെ ആരാധനയോടെ സ്നേഹവിരുന്നിനെ തുടർന്ന് കൺവൻഷൻ സമാപിച്ചു.

## ഹോം മിഷൻ പരിശീലന ക്യാമ്പ്

2018 മെയ് 20, 21, 22 തീയതികളിൽ പാസ്റ്ററൽ സെന്ററിൽവച്ച് ഹോം മിഷൻ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനും ഇനിയും പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർക്കുമായി ഹോംമിഷൻ പരിശീലന ക്യാമ്പ് - **അഗാപ്പെ** ക്രമികരിച്ചിട്ടുണ്ട്. ഓരോ കോൺഗ്രിഗേഷനിൽ നിന്നും പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ മെയ് 10-ാം തീയതിക്കകം കുടുംബകൂട്ടായ്മാ ഓഫീസിൽ നൽകണമെന്ന് അറിയിക്കുന്നു.

### ലോഗോസ് പഠനസഹായി

ബഹു. തോമസ് തെക്കേക്കരയച്ചൻ തയ്യാറാക്കിയ ലോഗോസ് ക്വിസ് 2018 പഠനസഹായി കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില. 70 രൂപ. 368 പേജുകളിലായി 3327 ചോദ്യങ്ങൾ. 10-ൽ കൂടുതൽ കോപ്പികൾ വാങ്ങുന്നവർക്ക്

20 % കമ്മീഷൻ നൽകുന്നതാണ്.

## ഫൊറോനാ സന്ദർശനം

നമ്മുടെ അതിരൂപതയിലെ ഓരോ ഫൊറോനയും സന്ദർശിച്ച് ഇടവകയിലെ കൂട്ടായ്മാ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനാഗ്രഹിക്കുന്നു. ഫൊറോനാ ഡയറക്ടർ, ജനറൽ കൺവീനർ, ആനിമേറ്റർ സിസ്റ്റർ, എന്നിവർ നിങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ദിവസം ഫൊറോനാകേന്ദ്രത്തിൽ കൂടണമെന്ന് താൽപ്പര്യപ്പെടുന്നു. അതിനായുള്ള തീയതിയും സമയവും ചുവടെ ചേർക്കുന്നു. എന്തെങ്കിലും മാറ്റങ്ങൾ അനിവാര്യമെങ്കിൽ ഫൊറോനാ ഡയറക്ടർമാർ അറിയിക്കുമല്ലോ.

| | | | |
|---|---|---|---|
| ആലപ്പുഴ | - | ഏപ്രിൽ29 ഞായർ | 3.00 p.m. |
| ചങ്ങനാശ്ശേരി | - | മെയ് 4 വെള്ളി | 9.30 a.m. |
| തൃക്കൊടിത്താനം | - | മെയ് 4 വെള്ളി | 11.30 a.m. |
| തുരുത്തി | - | മെയ് 4 വെള്ളി | 02.30 p.m. |
| കുറുമ്പനാടം | - | മെയ് 4 വെള്ളി | 4.30 p.m. |
| കോട്ടയം | - | മെയ് 5 ശനി | 2.30 p.m. |
| കുടമാളൂർ | - | മെയ് 5 ശനി | 4.30 p.m. |
| അതിരമ്പുഴ | - | മെയ് 5 ശനി | 6.00 p.m. |
| ചമ്പക്കുളം | - | മെയ് 16 ബുധൻ | 9.30 a.m. |
| പുളിങ്കുന്ന് | - | മെയ് 16 ബുധൻ | 11.30 a.m. |
| എടത്വാ | - | മെയ് 16 ബുധൻ | 3.00 p.m. |
| മണിമല | - | മെയ് 17 വ്യാഴം | 10.00 a.m. |
| നെടുങ്കുന്നം | - | മെയ് 17 വ്യാഴം | 3.00 p.m. |
| കൊല്ലം | - | മെയ് 18 വെള്ളി | 9.30 a.m. |
| തിരുവനന്തപുരം | - | മെയ് 18 വെള്ളി | 3.00 p.m. |
| അമ്പൂരി | - | മെയ് 24 വ്യാഴം | 10.00 a.m. |

ഫൊറോനാ സന്ദർശനത്തിനുശേഷം മെയ് 27-ാം തീയതി ഞായറാഴ്ച, ജനറൽ കൺവീനേഴ്സിനും ആനിമേറ്റേഴ്സിനുമായി ഒരു ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം അതിരൂപതാതലത്തിൽ ക്രമീകരിക്കുന്നതാണ്. കൂട്ടായ്മാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രസ്തുത പരിപാടിയോട് ബഹു. വികാരിയച്ചന്മാരും, ബന്ധപ്പെട്ടവരും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

## നന്ദി... സ്വാഗതം

കഴിഞ്ഞ ഏതാനും മാസക്കാലം കുടുംബകൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളിൽ സേവനം അനുഷ്ഠിച്ചതിനുശേഷം ഉപരി പഠനത്തിനായി പോകുന്ന ബ്രദർ ടോമിൻ കിഴക്കേത്തലയ്ക്കൽ, ബ്രദർ ജോയൽ പുന്നശ്ശേരി എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി. പുതുതായി നിയമിതനായിരിക്കുന്ന ബ്രദർ ബിനിൽ പഞ്ഞിപ്പുഴയ്ക്ക് ഹാർദ്ദമായ സ്വാഗതം.

**ജെന്നിയച്ചൻ**

## ‘ജൈവം – 2018’ – ഉദ്ഘാടനം ചെയ്തു

ചങ്ങനാശ്ശേരി അതിരൂപതാ യുവദീപ്തി – എസ്സ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ വിഷമയമില്ലാത്ത പച്ചക്കറികൾ ഉദ്പാദിപ്പിക്കാനും വിഷരഹിത പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനും യുവജനങ്ങളെ ജൈവകൃഷിയിലേക്ക് കൂടുതലായി താത്പര്യപ്പെടുത്തുന്നതിനുമായി യൂണിറ്റുകളിൽ ജൈവകൃഷിത്തോട്ടമത്സരം നടത്തുന്നു. ഇതിന്റെ ഉദ്ഘാടനം ഏപ്രിൽ 14–ാം തീയതി ശനിയാഴ്ച ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്സ് മാനേജർ റവ. ഫാ. മാത്യു പടിഞ്ഞാറേക്കുറ്റ് ‘ജൈവം – 2018’ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവയ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. അഖിൽ ജോർജ് ചാക്കോ, ആൻമരിയ ജോസ്, ടോണി മണിമലപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ജോസ് ജോസഫ് കൊല്ലറാട്ട്, ലീലാമ്മ കല്ലുവെട്ടത്ത്, ലാലിച്ചൻ മറ്റത്തിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സെമിനാറിൽ വച്ച് യുവജനങ്ങൾക്ക് കൃഷിക്കാവശ്യമായ വിത്തുകൾ വിതരണം ചെയ്തു.

## പ്രോജക്ട് ഉദ്ഘാടനം കോട്ടയം ഫൊറോന

കോട്ടയം ഫൊറോനയുടെ 2018 വർഷത്തെ പ്രോജക്ട് ഉദ്ഘാടനം കൂരോപ്പട മാർ സ്ലീബാ യൂണിറ്റിൽ ഫൊറോനാ പ്രസിഡന്റ് റെമിൻ രാജുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ആൻമരിയ ജോസ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ആന്റണി കാച്ചാംകോട് ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം ആശംസകൾ നേർന്നു പ്രസംഗിച്ചു.

## കോട്ടയം ഫൊറോനാ ലീഡേഴ്സ് ക്യാമ്പ്

കോട്ടയം ഫൊറോനാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ഭാരവാഹികൾകൾക്കുവേണ്ടി കൂരോപ്പട ഹോളിക്രോസ് യൂണിറ്റിൽവെച്ച് ത്രിദിന നേതൃത്വപരിശീലന ക്യാമ്പ് നടത്തി. ഇവരോടൊപ്പം യൂണിറ്റ് ലീഡേഴ്സിനെ ‘You Cat’ പഠിപ്പിക്കുക എന്നതും ക്യാമ്പിന്റെ ലക്ഷ്യമായിരുന്നു. ‘You Cat’ പുസ്തകവും, സിഡിയും ഫൊറോനായിലെ ഡയറക്ടർ നൽകി.

## തൃക്കൊടിത്താനം ഫൊറോന പ്രോജക്ട് ഉദ്ഘാടനം

തൃക്കൊടിത്താനം ഫൊറോനായുടെ ഈ വർഷത്തെ പ്രോജക്ട് ഉദ്ഘാടനം ചാഞ്ഞോടി സെബാസ്റ്റ്യൻസ് യൂണിറ്റിൽ ഫൊറോനാ പ്രസിഡണ്ട് മാർട്ടിൻ സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്നു സമ്മേളനത്തിൽവച്ച് ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോസഫ് കുറിയന്നൂർ പറമ്പിൽ പ്രവർത്തനവർഷവും, പ്രോജക്ട് ഉദ്ഘാടനവും നിർവ്വഹിച്ചു. പുളിംങ്കുന്ന് ഫൊറോനായുടെ ഡയറക്ടർ റവ. ഫാ. ജിസ്സൻ പോൾ വേങ്ങാശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. ചാഞ്ഞോടി യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പുത്തനങ്ങാടി ആശംസകൾ അർപ്പിച്ച് സംസാരിച്ചു. 2018 പ്രവർത്തനവർഷത്തെ പ്രസിഡന്റ് ജസ്റ്റിൻ ജോർജ് നയപ്രഖ്യാപനം പ്രസംഗം നടത്തി. അതിരൂപതാ ജന. സെക്രട്ടറി

അഖിൽ ജോർജ് ചാക്കോ, വൈസ് പ്രസിഡന്റ് അജയ് സജീവ് എന്നിവർ പ്രസംഗിച്ചു. കുന്നന്താനം, ചെങ്ങന്നൂർ, പായിപ്പാട്, നാലുകോടി, തൃക്കൊടിത്താനം, ചാഞ്ഞോടി എന്നീ യുവദീപ്തി യൂണിറ്റുകൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

## ചമ്പക്കുളം ഫൊറോനാ പ്രവർത്തനവർഷ ഉദ്ഘാടനം

ചമ്പക്കുളം ഫൊറോനായുടെ പ്രോജക്ട് ഉദ്ഘാടനം നസ്രത്ത് സെന്റ് ജെറോബ് യൂണിറ്റിൽവെച്ച് നടത്തി. ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് ടീനാ ടോമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽവെച്ച് റവ. ഫാ. പീറ്റർ കിഴക്കേൽ നിലവിളക്കു കൊളുത്തിക്കൊണ്ട് പ്രവർത്തനവർഷവും, പ്രോജക്ടും ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ റവ. ഫാ. സിറിയക് വലിയപറമ്പിൽ പുതിയ വർഷത്തെ പ്രവർത്തനപരിപാടികൾ അവതരിപ്പിച്ചു സംസാരിച്ചു. വൈസ് പ്രസിഡന്റ് ഗ്ലോറി വി. ഗ്രിഗറി ആശംസകൾ അർപ്പിച്ചു. ഡീക്കൻ ടിജോ ഇടയാടിൽ ക്ലാസ്സ് നയിച്ചു.

## പുളിംങ്കുന്ന് ഫൊറോനാ പ്രോജക്ട് ഉദ്ഘാടനം

പുളിംങ്കുന്ന് ഫൊറോനായുടെ 2018 വർഷത്തെ പ്രോജക്ട് ഉദ്ഘാടനവും, പ്രവർത്തനവർഷ ഉദ്ഘാടനവും സംയുക്തമായി മിത്രക്കരി സെന്റ് സേവ്യേഴ്സ് ഇടവകയിൽ ഫൊറോനാ പ്രസിഡന്റ് എബിൻ റ്റി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി നിലവിളക്കു കൊളുത്തി പ്രോജക്ട് ഉദ്ഘാടനം നടത്തി. അതിരൂപത പ്രസിഡന്റ് ഷിജോ ഇടയാടി മുഖ്യാതിഥിയായിരുന്നു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ജിസ്സൻ വേങ്ങാശ്ശേരി, യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കാട്ടൂർ, അതിരൂപതാ സെക്രട്ടറി റോസ് മരിയ സെബാസ്റ്റ്യൻ, സിസ്റ്റർ ജയ്സിലി സി.എം.സി. അതിരൂപത വൈസ് പ്രസിഡന്റ് അജയ് സജീവ് എന്നിവർ ഉദ്ഘാടനസമ്മേളനത്തിൽ പ്രസംഗിച്ചു. സമ്മേളനത്തിൽ ബ്ലഡ് ഗ്രൂപ്പ് നിർണ്ണയിച്ച് ഡയറക്ടറി പ്രസിദ്ധീകരിച്ചു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ യൂണിറ്റുകൾക്കും പ്രോജക്ട് ഉദ്ഘാടനത്തോടനുബന്ധിച്ച് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. യുവദീപ്തി പുളിംങ്കുന്ന് ഫൊറോനായിലെ മിത്രക്കരി യൂണിറ്റിലെ ആരംഭകാലപ്രവർത്തകർ സി.സി. കുമ്പൻ ചെറുകാടിനെ സമ്മേളനത്തിൽ ആദരിച്ചു. 'ഡൊണേറ്റ് റെഡ്, സേവ് ബ്ലൂ, ഗോഗ്രീൻ' പരിപാടി ഈ വർഷം നടപ്പിലാക്കാൻ പ്രോജക്ട്വർഷത്തിൽ രൂപരേഖ തയ്യാറാക്കി.

## ആലപ്പുഴ ഫൊറോന പ്രവർത്തനവർഷം ഉദ്ഘാടനം:

ആലപ്പുഴ ഫൊറോനാ യുവദീപ്തി - എസ്സ്.എം.വൈ.എമ്മിന്റെ 2018 പ്രവർത്തനവർഷ ഉദ്ഘാടനം പുത്തനങ്ങാടി സെന്റ് ജോർജ് യൂണിറ്റിൽവെച്ച് ഏപ്രിൽ 15 ഞായറാഴ്ച ഉച്ചയ്ക്കുശേഷം നടത്തി. ഫൊറോനാ പ്രസിഡന്റ് ജീവിൻ കെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജസ്റ്റിൻ പള്ളിക്കൽ ആമുഖ പ്രസംഗം നടത്തി. ഫാ. ജിസ്സൻ പോൾ വേങ്ങാശ്ശേരി ക്ലാസ്സ് നയിച്ചു. അതിരൂപതാ വൈസ് പ്രസിഡന്റ് അഞ്ജലി, പി. തോമസ്, ജെറിൻ ജോസഫ്, ടോണി മൈക്കിൾ, ജോസ്ന വി.എം., കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ സിറിയക് തലച്ചെല്ലൂർ എന്നിവർ പ്രസംഗിച്ചു.

**നെടുംകുന്നം ഫൊറോന ഉദ്ഘാടനം:**

നെടുംകുന്നം ഫൊറോനായുടെ പുതിയ വർഷത്തെ പ്രോജക്ട് ഉദ്ഘാടനം നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് യൂണിറ്റിൽ ഫൊറോനാ പ്രസിഡന്റ് ജോബിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വെരി. റവ. ഫാ. ജോസഫ് പുതുപറമ്പിൽ പുതിയ പ്രവർത്തനവർഷവും, പ്രോജക്ടും ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്ര അനുഗ്രഹ പ്രഭാഷണം നടത്തി. ഫൊറോനാ ഡയറക്ടർ റവ. ഫാ. ലിബിൻ പുത്തൻപറമ്പിൽ പ്രവർത്തനപരിപാടികൾ വിശദീകരിച്ചു സംസാരിച്ചു. ജിതിൻ തോമസ്, ജോഷി തോമസ് എന്നിവർ ആശംസകളർപ്പിച്ചു പ്രസംഗിച്ചു.

**പുന്നമട**

പുന്നമട സെന്റ് മേരീസ് യൂണിറ്റിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം ഏപ്രിൽ 15 ഞായറാഴ്ച ഓഡിറ്റോറിയത്തിൽ വച്ചു നടത്തി. പ്രിസിഡന്റ് ഷാനിമോൾ പി. എസ്സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവെച്ച് ഫൊറോനാ ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ പള്ളിക്കൽ പ്രവർത്തന വർഷ ഉദ്ഘാടനവും, മാർഗ്ഗരേഖാ പ്രകാശനവും നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ഫ്രാൻസീസ് കരുവേലിൽ സന്ദേശം നൽകി. അതിരൂപതാ പ്രസിഡന്റ് ഷിജോ ഇടയാടി ആശംസാ പ്രസംഗം നടത്തി. ഫൊറോനാ പ്രസിഡന്റ് ജിബിൻ കെ. മാത്യു നവാഗതരായ യുവജനങ്ങൾ സ്വാഗതം നേർന്ന് സംഘടനയിൽ അംഗത്വം നൽകി.

**കാവാലം ലിസ്യു**

കാവാലം ലിസ്യൂ യൂണിറ്റിൽ പുതിയ പ്രവർത്തന വർഷത്തോടനുബന്ധിച്ച് അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ബിജോമോൻ ലൂക്കോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡയറക്ടർ ഫാ. തോമസ് കൊച്ചേളേച്ചങ്ങളം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. മുൻ സെനറ്റ് മെമ്പർ ബിജിമോൾ വർഗ്ഗീസ് പുതിയ പ്രവർത്തന വർഷത്തിന്റെ ആശംസകൾ നേർന്നു പ്രസംഗിച്ചു. ലാലിച്ചൻ മറ്റത്തിൽ സെമിനാറിൽ ക്ലാസ്സ് നയിച്ചു. സെമിനാറിൽ വെച്ച് യൂണിറ്റ് ആനിമേറ്ററിന് യാത്ര അയപ്പും നൽകി.

**മണലാടി**

മണലാടി സെന്റ് മേരീസ് യൂണിറ്റിൽ പുതിയ പ്രവർത്തന വർഷത്തിന്റെ തുടക്കമായി മാർച്ച് 31 ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ബിജു മണവത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. ലാലിച്ചൻ മറ്റത്തിൽ ക്ലാസ്സ് നയിച്ചു. അൻപതോളം യുവജനങ്ങൾ പങ്കെടുത്തു.

**മെയ് മാസത്തിലെ പരിപാടികൾ**

മെയ് 1 – മെയ് ദിനം
മെയ് 1 – അഫിലിയേഷൻ ആരംഭം
മെയ് 6 – എടത്വാ ഫൊറോനാ പ്രോജക്ട് ഉദ്ഘാടനം

**11, 12, 13 വർക്ക് ക്യാമ്പ് തേക്കുപാറ**

മെയ് 18 – അതിരൂപതാ ദിന വിളംബരറാലി
മെയ് 19 – അതിരൂപതാ ദിനം
മെയ് 20 – പഠനോപകരണ വിതരണം
ജൂൺ 1, 2, 3– പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് 1 & 2

# ജീവകാരുണ്യനിധി – ട്രസ്റ്റ്

**കളർ എ ഹോം** ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ഏപ്രിൽ 24-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 151 | അടൂർ | 8550 | 3420 |
| 152 | അഞ്ചൽ | 31100 | 12440 |
| 153 | അസംപ്ഷൻ | 81790 | 32700 |
| 154 | ചെറുവാണ്ടൂർ | 86000 | 34400 |
| 155 | കൈതവന | 25000 | 10000 |
| 156 | കല്ലൂപ്പാറ | 13300 | 5320 |
| 157 | കാര്യവട്ടം | 122640 | 49056 |
| 158 | കാട്ടാക്കട | 6550 | 2620 |
| 159 | കായൽപ്പുറം - സെന്റ് ആന്റണീസ് | 12270 | 4900 |
| 160 | കുടമാളൂർ | 417340 | 166936 |
| 161 | കുളത്തൂർ | 21000 | 8400 |
| 162 | കുന്നന്താനം | 75420 | 30170 |
| 163 | മാമ്മൂട് | 23230 | 23230 |
| 164 | മണ്ണാർകുന്ന് | 79346 | 31737 |
| 165 | നെടുമൺ | 17250 | 6900 |
| 166 | പള്ളിക്കൂട്ടുമ്മ | 27600 | 11040 |
| 167 | പാമ്പാടി | 26210 | 10484 |
| 168 | പന്തളം | 2000 | 2000 |
| 169 | ഫിൽഗിരി | 28291 | 11316 |
| 170 | പൊങ്ങുമൂട് | 145150 | 58060 |
| 171 | പുഴവാത് | 12500 | 5000 |
| 172 | തെക്കേക്കര | 75175 | 30069 |
| 173 | തോട്ടുവാത്തല | 20620 | 8250 |
| 174 | വായ്പൂർ - ഓൾഡ് | 31485 | 12593 |
| 175 | വാഴപ്പള്ളി - വെസ്റ്റ് | 54600 | 21840 |
| 176 | വെള്ളായണി | 19800 | 7920 |
| 177 | തിരുവനന്തപുരം - ലൂർദ് | 175350 | 70140 |
| 178 | പുന്നക്കുന്നത്തുശ്ശേരി | 39100 | 15640 |

131 -ാമത് അതിരൂപതാ ദിനത്തോടനുബന്ധിച്ച് 2017-18 കാലയിളവിൽ കളർ എ ഹോം പദ്ധതിയുടെ ഭാഗമായി ഇടവകകൾ നടത്തിയ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഇടവകകളിൽ നിന്നും ഫൊറോനാ അടിസ്ഥാനത്തിൽ ശേഖരിച്ചത് ചുവടെ ചേർക്കുന്നു. ഏതെങ്കിലും ഇടവകകൾ ഇനിയും വിശദാംശങ്ങൾ നൽകിയിട്ടില്ലെങ്കിൽ അവ

മെയ് 10-ാം തീയതിക്കു മുൻപ് അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിച്ചാൽ ഇതോടൊപ്പം ചേർത്ത് മെയ് 19 -ന് നടത്തപ്പെടുന്ന അതിരൂപതാ ദിനത്തിൽ സമർപ്പിക്കുന്നതാണ്. ഇതിനായി താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. Ph: 0481 2410400

| ക്രമ നമ്പർ | ഇടവക | പുതിയ ഭവനങ്ങൾ | ഭൂദാന പാർപ്പിട പദ്ധതി | ഭവന അറ്റകുറ്റപ്പണിക്ക് സഹായം |
|---|---|---|---|---|
| I | **ALAPPUZHA** | | | |
| 1 | PAZHAVANGADY - HOLY CROSS FORANE | 1 | | |
| 2 | KAITHAVANA - IMMACULATE HEART | 1 | | |
| 3 | MUHAMMA - ST. GEORGE | 1 | | |
| 4 | PALLATHURUTHY - ST. THOMAS | 1 | | |
| 5 | POONTHOPE - ST. FRANCIS ASSISSI | 1 | | |
| 6 | PUNNAPRA - ST. GREGORIOS | 1 | | |
| 7 | PUTHANAGADY - ST. GEORGE | 1 | | |
| 8 | THATHAMPALLY - ST. MICHAEL | 2 | | |
| II | **AMBOORY** | | | |
| 9 | AMBOORI - ST. GEORGE FORANE | 2 | | 7 |
| 10 | DALMUGHAM - ST. MARY'S | 1 | | 2 |
| 11 | KUTCHAPURAM - ST. JOSEPH'S | 1 | | |
| 12 | VAVODE - SACRED HEART | 1 | | |
| III | **ATHIRAMPUZHA** | | | |
| 13 | ATHIRAMPUZHA - ST. MARY'S FORANE | 5 | | 9 |
| 14 | ATHIRAMPUZHA - LISIEUX | 1 | | |
| 15 | ETTUMANOOR - CHRIST THE KING | | | 2 |
| 16 | KATTACHIRA - ST. FRANCIS XAVIER | 1 | | 1 |
| 17 | KOTTACKAPURAM - ST. MATHEWS | 1 | | 2 |
| 18 | NALPATHIMALA - ST. THOMAS | | | 5 |
| 19 | PALLIKUNNU - ST. THOMAS | | | 9 |
| 20 | PUNNATHURA - ST. THOMAS | | | 3 |
| 21 | THELLAKAM - ST. JOSEPH'S | | | 5 |
| 22 | VETTIMUKAL - ST. MARY'S | | | 10 |
| IV | **CHAMPAKULAM** | | | |
| 23 | KALLOORKAD - ST. MARY'S FORANE | 3 | | 14 |
| 24 | CHENNAMKARY - ST. JOSEPH'S | 1 | | 2 |
| 25 | KONDACKAL - ST. JOSEPH'S | 3 | | |
| 26 | NAZERETH - ST. JEROM | | | 3 |
| 27 | PADAHARAM - ST. JOSEPH'S | | | 2 |
| 28 | PONGA - MAR SLEEVA | 1 | | 1 |
| 29 | PULLANGADY - HOLY FAMILY | 1 | | 2 |
| 30 | TEKKEKARA - ST. JOHN'S | | | 1 |
| 31 | VAISYAMBHAGOM - ST. ANTONY | | | 1 |
| V | **CHANGANACHERRY** | | | |
| 32 | CHANGANACHERRY - ST. MARY'S CATHEDRAL | 10 | | 14 |
| 33 | CHEERAMCHIRA - ST. GEORGE | | 2 | 6 |
| 34 | CHETHIPUZHA - SACRED HEART | 4 | | |
| 35 | KIDANGARA - ST. GREGORIOS | 1 | | |
| 36 | LAIKADU - ST. JOSEPH'S | 1 | | 2 |

| | | | | |
|---|---|---|---|---|
| 37 | PAREL - ST. MARY'S | 1 | | 4 |
| 38 | VEROOR - ST. JOSEPH'S | 3 | | 11 |
| 39 | PERUNNA EAST - ST. ANTONY | 1 | | |
| 40 | VAZHAPPALLY WEST - ST. MARY'S | 1 | | |
| 41 | VETTITHURUTH - ST. ANTONY | 1 | | |
| **VI** | **EDATHUA** | | | |
| 42 | EDATHUA - ST. GEORGE FORANE | 14 | 12 | 36 |
| 43 | MUTTAR NEW - ST. THOMAS | | | 3 |
| **VII** | **KOLLAM** | | | |
| 44 | CHERIAVELINELLOOR - ST. SEBASTIAN | 1 | | |
| 45 | KOLLAM - ST. THOMAS | | | 1 |
| 46 | PUNALOOR - SACRED HEART | | | 2 |
| **VIII** | **KOTTAYAM** | | | |
| 47 | KOTTAYAM - LOURDES FORANE | | | 2 |
| 48 | AYARKUNNAM - ST. SEBASTIAN | | | 2 |
| 49 | CHEPPUMPARA - MARTHA MARIAM | 1 | | 2 |
| 50 | KOLLAD (KADUVAKULAM) - LITTLE FLOWER | | | 3 |
| 51 | KOOROPADA - HOLY CROSS | 1 | | 2 |
| 52 | PANGADA - SACRED HEART | | | 5 |
| 53 | THAZHATHANGADY - SACRED HEART | | | 1 |
| 54 | VADAVATHOOR - ST. THOMAS | 1 | | 2 |
| **IX** | **KUDAMALOOR** | | | |
| 55 | KUDAMALOOR - ST. MARY'S FORANE | 1 | | 6 |
| 56 | AICKARACHIRA - ST. GEORGE | | | 5 |
| 57<br>58 | ARPOOKARA - CHERUPUSHPAM<br>ARPOOKARA (VILLOONNI) - ST. XAVEIRS | 1<br>1 | | |
| 59 | KUMARAKOM - NAVA NAZERETH | 1 | | 3 |
| 60 | KUMARAKOM VADAKKUMKARA - ST. JOHN'S | | | 4 |
| 61 | MUDIYOORKARA - HOLY FAMILY | 1 | 1 | 1 |
| 62 | PARAMPUZHA BETHLEHEM | 1 | 1 | 1 |
| **X** | **KURUMPANADOM** | | | |
| 63 | KURUMPANADOM - ST. ANTONY'S FORANE | 3 | | 10 |
| 64 | ERAVUCHIRA - ST. MARY'S | 3 | | 4 |
| 65 | KURUMPANADOM - ASSUMPTION | 1 | | 1 |
| 66 | MADAPPALLY - LITTLE FLOWER | 2 | | 5 |
| 67 | MANNILA - HOLY FAMILY | 1 | | 1 |
| **XI** | **MANIMALA** | | | |
| 68 | MANIMALA - HOLY MAGI FORANE | 1 | | 3 |
| 69 | CHUNKAPARA - LITTLE FLOWER | | | 2 |
| 70 | KADAINIKADU - ST. MARY'S | 1 | | 2 |
| 71 | KARIKATTOR - ST. JAMES | | | 10 |
| 72 | KARIMPANAKULAM - SACRED HEART | | | 7 |
| 73 | KOTTANGAL - ST. JOHN | 1 | | |
| 74 | KULATHOOR - LITTLE FLOWER | | | |
| **XII** | **NEDUMKUNNAM** | | | |
| 75 | NEDUMKUNNAM - ST. JOHN THE BAPTIST FORANE | 4 | | 31 |
| 76 | CHAMPAKARA - ST. JOSEPH'S | 1 | 2 | 1 |
| 77 | KALLOOPARA (PUTHUSSERY) - LOURDE MATHA | | | 1 |
| 78 | KOOTHRAPPALLY - ST. MARY'S | 4 | | 9 |

| | | | | |
|---|---|---|---|---|
| 79 | MALLAPPLLY - ST. ATHANASIUS | 1 | | |
| 80 | NEDUMANNY - FATHIMA MATHA | 1 | | |
| 81 | PANAYAMPAMPALA - ST. SEBASTIAN | | | 4 |
| 82 | PULICKAKAVALA - ST. MARY'S | | | 2 |
| 83 | PUNNAVELY - LITLE FLOWER | 2 | | 1 |
| 84 | THAZHATHUVADAKARA - LOURDE MATHA | | | 1 |
| 85 | VAIPUR NEW - ST. JOSEPH'S | 1 | | 1 |
| 86 | VAIPUR OLD - ST. MARY'S | 2 | 2 | 1 |
| 87 | VETTICKAPURAYIDOM - ST. SEBASTIAN | 1 | | 1 |
| **XIII** | **PULINCUNNU** | | | |
| 88 | PULINCUNNU - ST. MARY'S FORANE | 2 | | 6 |
| 89 | KANNADY - ST. RITA | 1 | 1 | 1 |
| 90 | KAVALAM - ST. THERESA | 1 | | 1 |
| 91 | KAVALAM - LISIEUX | 1 | | 2 |
| 92 | MAMPUZHAKARY - LOURDE AMTHA | 3 | | 1 |
| 93 | MANALADY - ST. MARY'S | | | 3 |
| 94 | MONCOMPU - ST. PIOUS X | 1 | | 3 |
| 95 | MITHRAKARY - ST. XAVIER | 1 | | 2 |
| 96 | PALLIKOOTTUMMA - FATHIMA MATHA | | | 1 |
| 97 | PUNNAKUNNATHUSSERY - ST. JOSEPH'S | 1 | | 2 |
| 98 | RAMANKARY - ST. JOSEPH'S | 1 | | 2 |
| 99 | VEZHAPRA - ST. PAUL | 1 | | 1 |
| **XIV** | **THIRUVANANTHAPURAM** | | | |
| 100 | TVM - LOURDE FORANE | | | 1 |
| 101 | MANNANTHALA - RANIGIRI | 1 | | 3 |
| 102 | PEOORKADA - LOURDE'S HILL | | | 4 |
| 103 | SREEKARYAM - EMMAUS | 1 | | |
| 104 | VATTIYOORKAVU - S.F.S. | 2 | | 1 |
| 105 | VIZHINJAM - ST. PETER | 1 | | 1 |
| **XV** | **THRICKODITHANAM** | | | |
| 106 | THRIKODITHANAM - ST. XAVIER'S FORANE | 2 | | 15 |
| 107 | CHANJODY - ST. SEBASTIAN | 1 | | |
| 108 | FATHIMAPURAM - FATHIMA MATHA | 2 | | 4 |
| 109 | KODINATTUKUNNU - ST. SEBASATIAN | 1 | | |
| 110 | KUNNAMTHANAM - ST. JOSEPH'S | 2 | | 1 |
| 111 | NALUKODY - ST. THOMAS | 4 | | 8 |
| 112 | THIRUVALLA - ST. ANTONY | 3 | | |
| **XVI** | **THURUTHY** | | | |
| 113 | THURUTHY - ST. MARY'S | 7 | 4 | 10 |
| 114 | EARA - LOUDE MATHA | 1 | | |
| 115 | ITHITHANAM - ST. MARY'S | 2 | 3 | 14 |
| 116 | KURICHY - ST. JOSEPH'S | 1 | 1 | 2 |
| 117 | PODIPARA - HOLY FAMILY | 1 | | 2 |
| 118 | VADAKKEKARA - ST. MARY'S | 1 | | |
| 119 | YUDAPURAM - ST. JUDE | 2 | 5 | 1 |
| 120 | KAINADY - OUR LADY OF DOLOURS | 1 | | 3 |
| 121 | KAVALAM - ST. JOSEPH'S | | | 1 |
| | **TOTAL** | **157** | **63** | **332** |

# ആവേ മരിയ

## ലീജിയൻ ഓഫ് മേരി

ചങ്ങനാശ്ശേരി അതിരൂപതാ ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ 777 -ാമതും കൂരിയായുടെ 1017 -ാമതും സമ്മേളനം 2018 ഏപ്രിൽ 15 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30 പി.എം.ന് പാറേൽ ലീജിയൻ ഹാളിൽ വച്ച് പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്രയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രാരംഭ പ്രാർത്ഥനയും ജപമാലയും ചൊല്ലി. നിയമഗ്രന്ഥത്തിൽനിന്നും അദ്ധ്യായം 19 പേജ് 158, 159 സമ്മേളനത്തോട് ഉണ്ടായിരിക്കേണ്ട ആദരം എന്ന ഭാഗം പ്രസിഡന്റ് സഭയിൽ വായിച്ചു.

മിനിറ്റ്സ് വായനയും ഹാജർ രേഖപ്പെടുത്തലിനും സ്വാഗതാശംസയ്ക്കും ശേഷം ഖജാൻജി കണക്ക് അവതരിപ്പിച്ചു. റോസരിമാതാ സെന്റ് ആന്റണീസ് പൂമറ്റം മിശിഹായുടെ മാതാവ് തൃക്കൊടിത്താനം എന്നീ പ്രസീദിയങ്ങൾ റിപ്പോർട്ട് അവതരിപ്പിച്ചു. സൈനിക ജപശൃഗല പ്രസിഡന്റ് ചൊല്ലി. മുൻ കമ്മീസിയം പ്രസിഡന്റ് ബ്ര. ജോസ് ജോൺസ് പുതിയാപറമ്പിൽ ഡയറക്ടറച്ചന്റെ അഭാവത്തിൽ പ്രഭാഷണം നടത്തി. നാം സമ്മേളനത്തിൽ സംബന്ധിക്കുമ്പോൾ അമ്മയുടേതാണ് എന്ന ആദ്ധ്യാത്മിക സാന്നിദ്ധ്യം ഉണ്ടാകണം. ദൈവപുത്രനാണെങ്കിൽ കൂടി മാതാവ് സ്വപുത്രനെ ദൈവാനുഭവബോദ്ധ്യത്തിൽ വളർത്തിയിരുന്നു. ദൈവമനുഷ്യന്റെ സ്നേഹഗീത എന്ന പുസ്തകത്തിൽ പ്രത്യേകം പറയുന്നു. കുരിശിന്റെ വഴിയിൽ നാലു കണ്ണുകൾ ഏറ്റുമുട്ടുന്ന ഒരു ഭാഗമുണ്ട്. സുപ്രീം കോടതി ജഡ്ജി കുര്യൻ ജോസ് "എന്റെ അമ്മേ എന്റെ ആശ്രയമേ എന്നെ കൈവിടരുതേ എന്നെ അങ്ങേ തിരുക്കുമാരന്റേതാക്കി മാത്രം മാറ്റിയെടുക്കണമെ" എന്നു പ്രാർത്ഥിക്കുമായിരുന്നു. തിരുക്കുമാരനിൽനിന്നും നാം അകന്നുപോകാതെ ജീവിക്കാൻ സാധിക്കണമെന്ന് തന്റെ പ്രഭാഷണത്തിൽ പറഞ്ഞു. ചടങ്ങുകൾ മെയ് മാസം 13-ാം തീയതി ഞായർ രാവിലെ 10 മണി മുതൽ ധ്യാനം നടത്തുവാൻ തീരുമാനിച്ചു. അവസാന പ്രാർത്ഥനയ്ക്കുശേഷം ഫ്രാങ്ക്ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുള്ള പ്രാർത്ഥന ചൊല്ലി യോഗം സമംഗളം പര്യവസാനിച്ചു.

എന്ന് കമ്മീസിയത്തിനുവേണ്ടി,

**സി. വത്സമ്മ ജോസ് കൂട്ടുമ്മേൽ**
കമ്മീസിയം വൈസ് പ്രസിഡന്റ്

## വിവാഹ ഒരുക്കധ്യാനം

FAMILY APOSTOLATE — ARCHDIOCESE OF CHANGANASSERY

"Change the world from your home"

| 2018 മെയ് | 2018 ജൂൺ | 2018 ജൂലൈ |
|---|---|---|
| 7, 8, 9 (Zion) | 4, 5, 6 (Zion) | 6, 7, 8 (Chry) |
| 14, 15, 16 (Zion) | 18, 19, 20 (Chry) | 16, 17, 18 (Zion) |
| 28, 29, 30 (Chry) | 25, 26, 27 (Chry) | 23, 24, 25 (Chry) |

# ഫ്രാൻസിസ്ക്കൻ അല്മായസഭ

(Secular Franciscan Order-SFO)

"സമാധാനം – സൗഭാഗ്യം"

ഉത്ഥാനം ചെയ്ത ഈശോമിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ. രാജാക്കന്മാരുടെ രാജാവായ മിശിഹാ സ്വർഗ്ഗാരോഹണം ചെയ്ത മഹാരഹസ്യത്തെയും റൂഹാദ്കൂദ്ശായുടെ പ്രവർത്തനങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്ന പന്തക്കുസ്താ തിരുനാളും, തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പുപിതാവിനെ അനുസ്മരിക്കുകയും ചെയ്യുന്ന മാസമാണല്ലോ മെയ് മാസം. ഈ സുദിനങ്ങളുടെ മംഗളങ്ങൾ ആശംസിക്കുന്നതിനോടൊപ്പം തൊഴിലിന്റെ മഹത്വം തങ്ങളുടെ വ്യക്തി ജീവിതത്തിൽ സാംശീകരിച്ചുകൊണ്ട് കർമ്മമണ്ഡലങ്ങളിലേയ്ക്ക് ഇറങ്ങാൻ ഓരോ SFO അംഗത്തിനും ഈ കാലഘട്ടത്തിൽ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണസ്റ്റാൾ

എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിലെ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ച് SFO എടത്വാ റീജണിന്റെ ആഭിമുഖ്യത്തിൽ "ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവിതത്തിലൂടെ" എന്ന പേരിൽ ഒരു അനുസ്മരണ സ്റ്റാൾ ക്രമീകരിക്കുന്നു. ഈ സ്റ്റാൾ മെയ്മാസം 3–ാം തീയതി രാവിലെ 9 മണിക്ക് അതിരൂപതാ വികാരി ജനറൽ വെരി. റവ. ഫാ. ജയിംസ് പാലയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നതും ഫൊറോനാ വികാരി റവ. ഫാ. ജോൺ മണകുന്നേൽ ആശംസ നേരുകയും ചെയ്യുന്നതായിരിക്കും. തൊമ്മച്ചന്റെ ജീവചരിത്രപുസ്തകം, ലഘുലേഖകൾ, നാമകരണ പ്രാർത്ഥനാ കാർഡുകൾ, കേരളാ അസ്സീസി വാർത്താ പത്രിക എന്നിവ ഈ സ്റ്റാളിൽനിന്നും വിതരണം ചെയ്യുന്നതായിരിക്കും. ഈ സ്റ്റാളിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നത്. റീജണൽ പ്രസിഡന്റ് പ്രൊഫ. മാത്യു ജോർജ്, ചാക്കോച്ചൻ കന്നയിൽ, ജോയിച്ചൻ പേരയിൽ എന്നിവരായിരിക്കും.

## SFO ഇന്റർനാഷണൽ പ്രസിഡൻസി കൗൺസിൽ, ജനറൽ സ്പിരിച്ച്വൽ അസിസ്റ്റന്റ് എന്നിവരുടെ സന്ദർശനം

SFO ഇന്റർനാഷണൽ പ്രസിഡൻസി കൗൺസിൽ അംഗങ്ങൾ ജനറൽ സ്പിരിച്ച്വൽ അസിസ്റ്റന്റ് എന്നിവർ ഇന്ത്യയിലെ SFO റീജണൽ, മിനിസ്റ്റർമാരെ കാണാൻ എത്തുന്നു. മെയ്മാസം 3 മുതൽ 16 വരെ വിവിധ കേന്ദ്രങ്ങളിൽ വെച്ചായിരിക്കും സന്ദർശനം. അതിൻപ്രകാരം സീറോമലബാർ സഭയിലെ (കേരളം) വിവിധ പ്രോവിൻസിലെ SFO റീജണൽ മിനിസ്റ്റർമാരെ കാണുന്നതിനും സംസാരിക്കുന്നതിനും മെയ് 5 പാവനാത്മ പ്രോവിൻസ് – മേലെ ചൊവ്വ കണ്ണൂർ, മെയ് 7 സെന്റ് തോമസ് പ്രോവിൻസ് ആലുവ, മെയ് 16 സെന്റ് ജോസഫ് പ്രോവിൻസ്. കോട്ടയം പ്രോവിൻഷ്യലേറ്റിലും മീറ്റിംഗുകൾ ക്രമീകരിച്ചിരിക്കുന്നു. മെയ് 16–ന് ചങ്ങനാശ്ശേരി, പാലാ, കോട്ടയം, കാഞ്ഞിരപ്പള്ളി, ഇടുക്കി എന്നീ രൂപതകളിലെ റീജണൽ മിനിസ്റ്റർമാർ അന്നേദിവസം കോട്ടയം

കപ്പൂച്ചിൻ പ്രൊവിൻഷ്യലേറ്റിൽ എത്തിച്ചേരണമെന്നും ചങ്ങനാശ്ശേരി അതിരൂപതയിലെ റീജണൽ കൗൺസിൽ മിനിസ്റ്റർമാർ തങ്ങളുടെ റീജണൽ കൗൺസിൽ മീറ്റിംഗ് എത്രയും പെട്ടെന്ന് വിളിച്ചുകൂട്ടി ഇന്റർനാഷണൽ പ്രസിഡൻസി കൗൺസിൽ അംഗങ്ങളുടെ സന്ദർശനത്തിന്റെ ആവശ്യകത റീജണൽ കൗൺസിൽ അംഗങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിന്റെ സർക്കുലർ നിങ്ങൾക്ക് അയച്ചുതരുന്നതായിരിക്കും.

## നിര്യാതരായി

SFO ഇരവുചിറ സെന്റ് മേരീസ് ഭ്രാതൃത്വ പ്രസിഡന്റ് എം. സി. തോമസ് മുണ്ടുവേലിയുടെ ഭാര്യ കെ.കെ. മോളിയമ്മ (65). കുറിച്ചി സെന്റ് ജോസഫ് ഭ്രാതൃത്വാംഗവും വൈസ് പ്രസിഡന്റുമായ സെബാസ്റ്റ്യൻ ജോസഫ് കൊച്ചീത്രയുടെ മാതാവ് കൊച്ചുത്രേസ്യാ (76) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ശവസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ!

ഈശോയുടെ സ്വർഗ്ഗാരോഹണത്തിന്റെയും പന്തക്കുസ്താതിരുനാളിന്റെയും മെയ്ദിനത്തിന്റെയും മംഗളങ്ങൾ ഒരിക്കൽക്കൂടി ആശംസിച്ചുകൊണ്ടും ബഹു. ജോമോൻ ആശാംപറമ്പിൽ അച്ചന്റെ രോഗസൗഖ്യത്തിനായി തുടർന്നും പ്രാർത്ഥിക്കണമെന്നും ഓർമ്മിപ്പിച്ചുകൊണ്ട്,


സ്നേഹപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant


# ലോഗോസ് ക്വിസ് പഠനസഹായി 2018

ബഹു. തോമസ് തെക്കേക്കര അച്ചൻ തയ്യാറാക്കിയ ലോഗോസ് ക്വിസ് 2018 ലേയ്ക്കുള്ള പഠന സഹായി പ്രസിദ്ധീകരിച്ചിരിക്കുന്നു.
368 പേജുകളിലായി 3327 ചോദ്യങ്ങൾ
10 എണ്ണത്തിന് മുകളിൽ വാങ്ങുന്നവർക്ക് 20 ശതമാനം ഡിസ്കൗണ്ട് നൽകുന്നു.
വില 70 രൂപ




കുടുംബക്കൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്.

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

പുതിയ പ്രവർത്തനവർഷത്തിൽ പരിപാടികൾ ഏറെ താത്പര്യത്തോടെ സംഘടിപ്പിക്കാൻ സംഘ-യൂണിറ്റ്-മേഖല തലങ്ങളിൽ നടക്കുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. 'ഊർജ്ജിതം-18' പരിപാടിയിലൂടെ സ്വാശ്രയ സംഘങ്ങളുടെ പരിശീലനവും, പുരുഷ SHG കളുടെ ശാക്തീകരണവും ലക്ഷ്യം വയ്ക്കുന്നു. പുരുഷന്മാരുടെ SHG കളുടെ മാസം തോറുമുള്ള ലീഡേഴ്സ് മീറ്റിംഗും, ത്രൈമാസ സംഘമവും കൃത്യമായി നടക്കുന്നില്ല. ഇതുമൂലം പുരുഷ SHG കൾക്ക് ചാസിന്റെ പരിപാടികൾ മനസ്സിലാക്കുവാൻ കഴിയാതെ പോകുന്നു. ഇതു പരിഹരിച്ച് മുമ്പോട്ട് പോകേണ്ടതുണ്ട്. 'ഹരിതവർഷം-ഹരിതഗ്രാമം', ആശാകിരണം പദ്ധതികൾ നടപ്പിലാക്കുവാൻ യൂണിറ്റുകൾ പ്രത്യേകം ശ്രദ്ധിക്കണം. ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ് ജൂൺ 30 ന് മുൻപായി പൂർത്തിയാക്കി, MBS അടയ്ക്കുന്നതിൽ ഒരു കാരണവശാലും വീഴ്ച വരുത്തരുതെന്ന് ഓർമ്മപ്പെടുത്തുന്നു. വളർത്തുകൂട്ടം, ജലസമൃദ്ധി, Help desk പദ്ധതികൾ വിജയകരമായി മുമ്പോട്ടു കൊണ്ടുപോകണം.

മേഖല സമിതികൾ കാലോചിതമായ ഇടപെടലുകൾ നടത്തി യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മേഖലാ പുരുഷ SHG സംഗമങ്ങൾ, പുതിയ SHG കളുടെ പരിശീലനം, Help desk മേഖലാ നിർവ്വാഹക സമിതിയുടെ നടത്തിപ്പ് തുടങ്ങിയവയെല്ലാം മേഖലാ സമിതിയുടെ ചുമതലകളാണ്.

യൂണിറ്റ്-മേഖലാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് മുമ്പോട്ട് പോകുവാൻ നമുക്കൊന്നുചേർന്നു പ്രവർത്തിക്കാം.

ആശംസകളോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**(1) കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ ആരോഗ്യ ഇൻഷുറൻസ് പോളിസി പുതുക്കൽ**

ചാസ് കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ ആരോഗ്യ ഇൻഷുറൻസ് പോളിസി 2018 മെയ് മാസം പുതുക്കേണ്ടതാണ്. കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ വിഹിതമായ 500 രൂപ ചാസ് യൂണിറ്റും ബാക്കി തുക ചാസ് കേന്ദ്രഓഫീസും വഹിക്കുന്നതാണ്.

**(2) നാടൻ മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം**

മെയ് 21 ന് ചാസ് കേന്ദ്രഓഫീസിൽ വച്ച് നാടൻ മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യും. 55 ദിവസം പ്രായമായ കുഞ്ഞ് ഒന്നിന് 100/-

നിരക്കിൽ **എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ച** കോഴിക്കുഞ്ഞുങ്ങൾ ചാസിൽനിന്നും ലഭിക്കുന്നതാണ്.

**(3) കോഴിക്കൂട്**

ചാസിൽ 25 കോഴിയെ വളർത്താവുന്ന കൂട് 8000 രൂപയ്ക്ക് മെയ് 21 മുതൽ ലഭ്യമാണ്. കൂട് ആവശ്യമുള്ളവർ 4000/- രൂപ അടച്ച് മെയ് 5 ന് മുമ്പായി ബുക്ക് ചെയ്യുക. ഫോൺ : 9539701153

**(4) മഴക്കൊയ്ത്ത്**

**മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി (പലിശ രഹിത വായ്പ)**

ചാസ് യൂണിറ്റുകളിൽ ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നതിന് പലിശരഹിത ധനസഹായം ഒരു വർഷ കാലാവധിയിൽ ലഭ്യമാക്കുന്നു. 5000 ലിറ്റർ മുതൽ നിർമ്മിച്ചു നൽകി വരുന്നു. വിശദവിവരങ്ങൾ ഏപ്രിൽ ലക്കം 'ഒരുമ' യിലും യൂണിറ്റ് ഡയറക്ടർമാർക്കുള്ള കത്തിലും നൽകിയിട്ടുണ്ട്. ആവശ്യമുള്ളവർ അതാത് ചാസ് യൂണിറ്റു ഭാരവാഹികൾ മുഖേനയോ കോ-ഓർഡിനേറ്റർ മുഖേനയോ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ 9539701153

**(5) ചങ്ങാതിക്കൂട്ടം ക്യാമ്പ് മെയ് -17, 18 തീയതികളിൽ**

5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ചാസ് ചങ്ങാതിക്കൂട്ടം കുട്ടികൾക്കായി മെയ് 17, 18 തീയതികളിൽ ചാസ് കേന്ദ്ര ഓഫീസിൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. കുട്ടികളുടെ വ്യക്തിത്വവികസനത്തിനും അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന ക്ലാസുകളും കളികളും ക്യാമ്പിൽ ക്രമീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് 100 രൂപ. താത്പര്യമുള്ളവർ മെയ് 10 ന് മുമ്പായി പേര് ചാസ് കേന്ദ്രഓഫീസിൽ കോ ഓർഡിനേറ്റർ മുഖാന്തിരം അറിയിക്കേണ്ടതാണ്.

**(6) 2018 മെയ് മാസത്തെ പ്രധാന മേഖല/യൂണിറ്റുതല പരിപാടികൾ**

| Date | മേഖല | യൂണിറ്റ് | പരിപാടി |
|---|---|---|---|
| 01. | അമ്പൂരി | അമ്പൂരി | മേഖല SHG സംഗമം |
| 03. | എടത്വാ | പാണ്ടി | ഊർജ്ജിതം-SHG സംഗമം |
| 03. | കൊല്ലം | ഫിൽഗിരി | SHG വിസിറ്റ് |
| 03. | കോട്ടയം | പാമ്പാടി | ചക്കസംസ്ക്കരണ പരിശീലനം |
| 03. | നെടുംകുന്നം | നെടുംകുന്നം | സ്വാശ്രയസംഘ രൂപീകരണം |
| 04. | അമ്പൂരി | മായം | കുടനിർമ്മാണ പരിശീലനം |
| 04. | എടത്വാ | തായങ്കരി, ചങ്ങങ്കരി | FAT |
| | | മരിയാപുരം | അഗ്രിക്കൾച്ചർ സെമിനാർ |
| 04. | നെടുംകുന്നം | പനയമ്പാല | |
| | | നെടുംകുന്നം | പുതിയ സംഘ സംഗമം |
| 04. | നെടുംകുന്നം | നെടുംകുന്നം | മേഖല ഹെൽപ്പ് ഡസ്ക്ക് വോളണ്ടിയേഴ്സ് മീറ്റിംഗ് |
| 04. | മണിമല | മണിമല ന്യൂ | ആശാകിരണം കാൻസർ ബോധവത്ക്കരണം |
| 04. | അതിരമ്പുഴ | പുന്നത്തുറ | ബേക്കറി പരിശീലനം |
| 05. | എടത്വാ | കോയിൽമുക്ക് | മേഖലാ എക്സിക്യൂട്ടീവ് |
| | | എടത്വാ | FAT |

| | | | |
|---|---|---|---|
| 05. | കോട്ടയം | ലൂർദ്ദ് | മേഖലാ എക്സക്യൂട്ടീവ് മീറ്റിംഗ് |
| 05. | കുട്ടനാട് | കാവാലം | സൗജന്യ നേത്രപരിശോധനാ ക്യാമ്പ് |
| 06. | അതിരമ്പുഴ | അതിരമ്പുഴ | പുരുഷ സ്വാശ്രയസംഘ മേഖലാസംഗമം |
| 07. | എടത്വാ | കരുമാടി | കുടനിർമ്മാണ പരിശീലനം |
| 07. | ആലപ്പുഴ | ആറാട്ടുവഴി | പുതിയ സ്വാശ്രയ സംഘ പരിശീലനം |
| 07. | ചങ്ങനാശ്ശേരി | കത്തീഡ്രൽ | മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 07. | അതിരമ്പുഴ | ചെറുവാണ്ടൂർ | ചക്കസംസ്ക്കരണ പരിശീലനം |
| 08. | കുറുമ്പനാടം | ഇരവുചിറ | FAT |
| 08. | കുട്ടനാട് | പള്ളാത്തുരുത്തി | ഊർജ്ജിതം - പുതിയ സംഘ പരിശീലനം |
| 08. | അതിരമ്പുഴ | ഏറ്റുമാനൂർ | കുടനിർമ്മാണ പരിശീലനം |
| 11. | തൃക്കൊടിത്താനം | തൃക്കൊടിത്താനം | റീജിയണൽ എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 11. | അമ്പൂരി | വാവോട് | സ്വയംതൊഴിൽ പരിശീലനം |
| 12. | ആലപ്പുഴ | പുറക്കാട് | ഹരിതവർഷം ഹരിതഗ്രാമം ബോധവത്ക്കരണം |
| 12. | കൊല്ലം | ഫിൽഗിരി | PME & സ്വാശ്രയസംഘസംഗമം |
| 12. | കുട്ടനാട് | പള്ളാത്തുരുത്തി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 12. | കോട്ടയം | പങ്ങട | നേത്രപരിശോധനാക്യാമ്പ് |
| 13. | ആലപ്പുഴ | ആറാട്ടുവഴി | ചങ്ങാതിക്കൂട്ടം |
| | | പുത്തനങ്ങാടി | പുരുഷ SHG മേഖലാ സംഗമം |
| 13. | കുട്ടനാട് | കൈനകരി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 13. | കോട്ടയം | അയർക്കുന്നം | കാൻസർ നിർണ്ണയക്യാമ്പ് |
| 14. | ആലപ്പുഴ | തത്തംപള്ളി | ജലസാക്ഷരതാ സദസ് |
| 14. | കുട്ടനാട് | കൈനകരി | ഊർജ്ജിതം - SHG വിസിറ്റ് |
| 14. | അതിരമ്പുഴ | കട്ടച്ചിറ | ചക്കസംസ്ക്കരണ പരിശീലനം |
| 15. | ആലപ്പുഴ | പുറക്കാട് | ബേക്കറി നിർമ്മാണ പരിശീലനം |
| 15. | അതിരമ്പുഴ | നാൽപ്പാത്തിമല | തയ്യൽ പരിശീലനം ഉദ്ഘാടനം |
| 17. | ആലപ്പുഴ | കൈതവന | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 17. | അതിരമ്പുഴ | വെട്ടിമുകൾ | SAFP കേന്ദ്രതല മീറ്റിംഗ് |
| 17. | നെടുംകുന്നം | കൂത്രപ്പള്ളി | മേഖലാ എക്സിക്യൂട്ടീവ് |
| 18. | കുട്ടനാട് | പള്ളാത്തുരുത്തി | മേഖലാ കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം |
| 18. | അതിരമ്പുഴ | അതിരമ്പുഴ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മേഖലാസംഗമം |
| 19. | കുട്ടനാട് | കായൽപുറം | നേത്രപരിശോധനാ ക്യാമ്പ് |
| 19. | കൊല്ലം | മീൻകുളം | കാർപെറ്റ് നിർമ്മാണ പരിശീലനം |
| 20. | കോട്ടയം | കോട്ടയം | പുരുഷസ്വാശ്രയസംഘ മേഖലാ സംഗമം |

| | | | |
|---|---|---|---|
| 20. | തുരുത്തി | പൊടിപ്പാറ | റീജി. എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 20. | ചങ്ങനാശ്ശേരി | പാറേൽ | കാൻസർനിർണ്ണയക്യാമ്പ് |
| 22. | കോട്ടയം | ലൂർദ്ദ് | ഊർജ്ജിതം-പുതിയ സംഘങ്ങളുടെ മേഖലാതല പരിശീലനം |
| 22. | ആലപ്പുഴ | പുന്നമട | ബേക്കറി നിർമ്മാണ പരിശീലനം |
| 25. | തൃക്കൊടിത്താനം | മു രുപാലം | കുടനിർമ്മാണ പരിശീലനം |
| 25. | നെടുംകുന്നം | പനയമ്പാല | ചക്കസംസ്ക്കരണ പരിശീലനം |
| 25. | കൊല്ലം | ഫിൽഗിരി | കാർഷിക സെമിനാർ |
| 25. | കോട്ടയം | അയർക്കുന്നം | EAP & ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 25. | കുടമാളൂർ | മുടിയൂർക്കര | നാട്ടുചന്ത മീറ്റിംഗ് |
| 26. | തൃക്കൊടിത്താനം | നാലുകോടി | SAFP കേന്ദ്രതല മീറ്റിംഗ് |
| 26. | നെടുംകുന്നം | ചമ്പക്കര | ക്രെഡിറ്റ് യൂണിയൻ ആഡിറ്റ് |
| 26. | മണിമല | മണിമല ഓൾഡ് | മേഖലാ എക്സിക്യൂട്ടീവ് |
| 26. | കൊല്ലം | ഫിൽഗിരി | സ്വയംതൊഴിൽപരിശീലനം |
| 26. | തൃക്കൊടിത്താനം | നാലുകോടി | SAFP കേന്ദ്രതല മീറ്റിംഗ് |
| 27. | കുറുമ്പനാടം | കുറുമ്പനാടം | പുരുഷ സംഘ മേഖല സംഗമം |
| 27. | കുടമാളൂർ | മുടിയൂർക്കര | Men SHG മീറ്റിംഗ് |
| 28. | ആലപ്പുഴ | ആറാട്ടുവഴി | കടലോരസംഗമം |
| 28. | തൃക്കൊടിത്താനം | കൊടിനാട്ടുകുന്ന് | കാർഷിക സെമിനാർ & സ്വാശ്രയസംഘ സംഗമം |
| 28. | കുറുമ്പനാടം | മാന്നില | മേഖലാ എക്സിക്യൂട്ടീവ് |
| 29. | കുട്ടനാട് | പള്ളിക്കൂട്ടുമ്മ | മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 29. | ചങ്ങനാശ്ശേരി | വെരൂർ | ബിഗ്ഷോപ്പർ നിർമ്മാണ പരിശീലനം |
| 29. | അതിരമ്പുഴ | അതിരമ്പുഴ | മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 30. | ചങ്ങനാശ്ശേരി | ചങ്ങനാശ്ശേരി | ഊർജ്ജിതം- പുതിയ സംഘങ്ങളുടെ പരിശീലനം |
| 31. | ആലപ്പുഴ | പഴവങ്ങാടി | മേഖലാഎക്സിക്യൂട്ടീവ് മീറ്റിംഗ് |
| 31. | നെടുംകുന്നം | പുളിക്കൽകവല | ആശാകിരണം - കാൻസർ ബോധവത്ക്കരണം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 ഏപ്രിൽ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 362. സണ്ണി സേവ്യർ കൂട്ടക്കര | ബ്രദേഴ്സ് | പറാൽ | ചങ്ങനാശ്ശേരി |
| 363. മേരിക്കുട്ടി തോമസ് പൊട്ടുകുളം | മരിയൻ | ളായിക്കാട് | ചങ്ങനാശ്ശേരി |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

• **മരണാനന്തരസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 156. ജോൺ മാത്യു വല്യാറ | തത്തംപള്ളി | ആലപ്പുഴ |
| 157. ദീപ എസ്, തടത്തരികത്ത് | മായം | അമ്പൂരി |

(3) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2018 ഏപ്രിൽ മാസം 6** കുടുംബങ്ങൾക്ക് ചികിത്സാചെലവായി 35132/- രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| രാജൻ ജോസഫ് ചെന്നിക്കര | ചമ്പക്കര | 7020 |
| ബിനു ജോസഫ് വാലുപറമ്പിൽ | രാമങ്കരി | 4172 |
| ചാക്കോ ജോർജ്ജ് വെട്ടുപറമ്പിൽ | മുട്ടാർ | 7260 |
| ജോസഫ് വർഗ്ഗീസ് കറുകയിൽ | പറാൽ | 3580 |
| കെ.എം. തോമസ് കിഴക്കേവെളിയിൽ | മുഹമ്മ | 650 |
| ബിന്ദു ജോസഫ് ചിറയിൽ | മാടപ്പള്ളി | 7050 |

(4) **ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ഏപ്രിൽ മാസം 24 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 43 അപേക്ഷകർക്ക് 66,500/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### നബാർഡിന്റെ 'ഇ-ശക്തി' പ്രവർത്തന പുരോഗതി വിലയിരുത്തലും തുടർ നടത്തിപ്പിനായി പരിശീലന പരിപാടിയും

സ്വാശ്രയ സഹായസംഘങ്ങളുടെ പ്രവർത്തനം ഇ-ഗവേർണൻസ് മോഡിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി ദേശീയ ഗ്രാമീണ കാർഷിക വികസന ബാങ്കിന്റെ (NABARD) ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന ഇ-ശക്തി, ഡാറ്റാ ഡിജിറ്റലൈസേഷൻ പ്രോഗ്രാമിന്റെ പരിശീലന പുരോഗതി അവലോകനയോഗം ഏപ്രിൽ 20 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. നബാർഡ് കോട്ടയം ജില്ലാ വികസന മാനേജർ ശ്രീമതി കെ.ബി. ദിവ്യ, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. ശ്രീ. തോമസ് ജോസഫ് പങ്ങട, ഡോ. ജോസഫ് എബ്രഹാം എന്നിവർ ക്ലാസുകൾ നയിച്ചു. ഇ-ശക്തിയിൽ ഇപ്പോൾ പങ്കാളികളായിട്ടുള്ള 83 സ്വാശ്രയസംഘങ്ങളുടെ ഭാരവാഹികൾ പരിശീലനത്തിൽ പങ്കെടുത്തു.

## മേഖലാവാർത്തകൾ

### കൊയ്ത്ത് മഹോത്സവം

**വില്ലൂന്നി** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'നവോത്ഥാനം' പുരുഷ സ്വാശ്രയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നെൽകൃഷിയുടെ കൊയ്ത്ത് മഹോത്സവത്തിന്റെ ഉദ്ഘാടനം 23.03.2018 ൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. വില്ലൂന്നി മൂലങ്കരി പാടത്തെ 2.5 ഏക്കർ നിലത്താണ് സംഘം കൃഷി നടത്തിയത്.

**വ്യവസായ സംരംഭകത്വ പരിശീലന പരിപാടി**

വ്യക്തികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി **കൈനകരി** യൂണറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്കും ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്കും വേണ്ടി ഏപ്രിൽ 13 ന് വ്യവസായ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.പി. രാജീവ്, ശ്രീ. ജോജോ കെ.സി. ക്ലാസ് നയിച്ചു. 48 അംഗങ്ങൾ പങ്കെടുത്തു.

**മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം**

**പാറേൽ** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 13 ന് 'ഗ്രാമശ്രീ' ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം സംഘടിപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**കാൻസർ ബോധവത്ക്കരണ സെമിനാറും രോഗനിർണ്ണയ ക്യാമ്പും**

**ഫിൽഗിരി** യൂണിറ്റിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഏപ്രിൽ 14 ന് കാൻസർ ബോധവത്ക്കരണ സെമിനാറും രോഗനിർണ്ണയ ക്യാമ്പും സംഘടിപ്പിച്ചു. ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് ആരംഭത്തിലെ രോഗനിർണ്ണയം നടത്തിയാൽ രോഗത്തിൽനിന്നും പൂർണ്ണമായും മോചനം നേടാനാവുമെന്ന് വ്യക്തമാക്കി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഐബിൻ കൊറ്റത്തിൽ ഉദ്ഘാടനം നിർവഹിച്ചു. 1400 രൂപ ചെലവുവരുന്ന പരിശോധനകൾ തീർത്തും സൗജന്യമായിരുന്നു. 300 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**കാൻസർ സ്ക്രീനിംഗ് ചെക്കപ്പ്**

**പായിപ്പാട് ലൂർദ്ദ് മാതാ** യൂണിറ്റിൽ കാൻസർ കെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഏപ്രിൽ 8 ന് കാൻസർ സ്ക്രീനിംഗ് ചെക്കപ്പ് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തിക്കളവും, യൂണിറ്റ് ഭാരവാഹികളും നേതൃത്വം നൽകി. 79 അംഗങ്ങൾ ചെക്കപ്പിന് വിധേയരായി.

**നാലുകോടി** യൂണിറ്റിൽ കാൻസർ കെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഏപ്രിൽ 15 ന് കാൻസർ സ്ക്രീനിംഗ് ചെക്കപ്പ് നടത്തി. 97 പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി.

**സൗജന്യ നേത്രപരിശോധനാ ക്യാമ്പും തിമിര ശസ്ത്രകിയയും**

കൂരോപ്പട യൂണിറ്റ്, കോട്ടയം മെഡിക്കൽ കോളേജ് നേത്രവിഭാഗം, ഇടിമണ്ണിക്കൽ ഒപ്റ്റിക്കൽസ് & ഐ ക്ലിനിക്ക് കോട്ടയം & ചങ്ങനാശ്ശേരി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ 14 ന് കൂരോപ്പട സാന്താ മരിയ ആഡിറ്റോറിയത്തിൽ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം അദ്ധ്യക്ഷതവഹിച്ചു. 102 അംഗങ്ങൾ പങ്കെടുത്തു. 7 അംഗങ്ങളെ തിമിര ശസ്ത്രക്രിയയ്ക്ക് വിധേയരാക്കി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**മേഖലാ എക്സിക്യൂട്ടിവ്**

**കുടമാളൂർ** മേഖലാ എക്സിക്യൂട്ടിവ് ഏപ്രിൽ 8 ന് കുടമാളൂർ യൂണീറ്റിൽ

വച്ചു നടത്തുകയുണ്ടായി. യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. മാത്യൂസ് മുട്ടത്തുപാടം അദ്ധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി ശ്രീ. ജോളി കളമ്പു കാട്ടുശ്ശേരി റിപ്പോർട്ട് അവതരിപ്പിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. പി. വർക്കി യൂണിറ്റുകളിലും, മേഖലകളിലും നടപ്പാക്കേണ്ട പദ്ധതികൾ വിശദീകരിച്ചു.

**സ്വാശ്രയസംഘസംഗമം**

**നാലുകോടി** യൂണിറ്റിൽ ഏപ്രിൽ 9 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് അസി. ഡയറക്ടർ റവ. ഫാ. ജീമോൻ മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. 53 അംഗങ്ങൾ പങ്കെടുത്തു.

**മഹിളാസമാജം വാർഷികം**

**ഏറ്റുമാനൂർ** യൂണിറ്റിലെ 'മദർതെരേസാ' മഹിളാസമാജത്തിന്റെ വാർഷികം ഏപ്രിൽ 17-ാം തീയതി നടത്തി. യൂണിറ്റ് മഹിളാസമാജം പ്രസിഡന്റ് അന്നമ്മ ദേവസ്യാ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുമ്പുറം അനുഗ്രഹ പ്രഭാഷണം നടത്തി. ആരോഗ്യ രംഗത്തെ വെല്ലുവിളികൾ എന്ന വിഷയത്തെ കുറിച്ച് ഡോ. ഡൊമനിക് പാലേട്ട് ക്ലാസ് നയിച്ചു. 95 അംഗങ്ങൾ ക്ലാസ്സിൽ പങ്കെടുത്തു. മേഖലാ കോ-ഓർഡിനേറ്റർ യൂണിറ്റ് ഭാരവാഹികൾ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. 95 പേർ പങ്കെടുത്തു.

**ഊർജ്ജിതം-2018**

എടത്വാ മേഖലയിലെ 2017-18 കാലഘട്ടത്തിൽ രൂപീകൃതമായ പുതിയ SHG കൾക്കുള്ള പരിശീലന പരിപാടി മരിയാപുരം യൂണിറ്റിൽ ഏപ്രിൽ 17 ചൊവ്വാഴ്ച നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷത വഹിച്ചു. SHG കളുടെ പ്രവർത്തനരീതിയെക്കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു. 124 അംഗങ്ങൾ പങ്കെടുത്തു.

**കുറുമ്പനാടം** മേഖലയിലെ 2017-18 കാലഘട്ടത്തിൽ രൂപീകൃതമായ SHG കൾക്കുള്ള പരിശീന പരിപാടി കുറുമ്പനാടം ഫൊറോനാ പാരീഷ് ഹാളിൽ ഏപ്രിൽ 24 ന് നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. SHG കളുടെ പ്രവർത്തനരീതിയെ കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു. 52 അംഗങ്ങൾ പങ്കെടുത്തു.

**ഹെൽപ്പ് ഡസ്ക്ക് മീറ്റിംഗ്**

നമ്മുടെ അതിരൂപതയുടെ ഹെൽപ്പ് ഡസ്ക്ക് സംവിധാനം സജീവമാക്കുന്നതിന്റെ ഭാഗമായി ഫൊറോനാതലങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. ഇതോടനുബന്ധിച്ച് ഫൊറോനാ കോൺസിൽ അംഗങ്ങൾ, മാതൃ-പിതൃ വേദി, യുവദീപ്തി, കത്തോലിക്കാ കൺഗ്രസ്, സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി എന്നീ സംഘടനകളുടെ യൂണിറ്റ് പ്രസിഡന്റ്/ സെക്രട്ടറിമാരുടെയും ചാസ് യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സംയുക്തയോഗം നടത്തപ്പെടുകയും ഫൊറോനാ നിർവ്വാഹക സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**ആലപ്പുഴ, ചമ്പക്കുളം, പുളിംകുന്ന്, എടത്വാ** ഫൊറോനകളിലെ ഹെൽപ്പ് ഡസ്ക്ക് ഭാരവാഹികളുടെ മീറ്റിംഗ് ഏപ്രിൽ 14 ന് കൈതവന പള്ളി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. 84 അംഗങ്ങൾ പങ്കെടുത്തു.

**അതിരമ്പുഴ, കോട്ടയം, കുടമാളൂർ** ഫൊറോനകളിലെ ഹെൽപ്പ് ഡസ്ക്ക് ഭാരവാഹികളുടെ മീറ്റിംഗ് ഏപ്രിൽ 21 ന് കോട്ടയം ലൂർദ്ദ് പള്ളിയിൽ സംഘടിപ്പിച്ചു. 55 അംഗങ്ങൾ പങ്കെടുത്തു.

**ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം, നെടുംകുന്നം, മണിമല** ഫൊറോനകളിലെ ഹെൽപ്പ് ഡസ്ക്ക് ഭാരവാഹികളുടെ മീറ്റിംഗ് ഏപ്രിൽ 22 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. 40 അംഗങ്ങൾ പങ്കെടുത്തു.

**പുരുഷസ്വാശ്രയസംഘസംഗമം**

**ചങ്ങനാശ്ശേരി തുരുത്തി** മേഖലകളിലെ പുരുഷസ്വാശ്രസംഘാംഗങ്ങളുടെ സംഗമം ഏപ്രിൽ 22 ന് പസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. സംഘങ്ങളുടെ 2017-18 വർഷത്തെ വരവ് ചെലവ് കണക്കുകളും റിപ്പോർട്ടും അവതരിപ്പിച്ചു. 140 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 27.03.2018 | കൃപ | മുണ്ടുപാലം | 14 |
| 27.03.2018 | അമല | മുണ്ടുപാലം | 19 |
| 28.03.2018 | തേജസ് | ആറാട്ടുവഴി | 14 |
| 03.03.2018 | എയ്ഞ്ചൽ | കായൽപുറം | 11 |
| 12.04.2018 | തേജസ് | ഫിൽഗിരി | 10 |
| 18.04.2018 | മരിയ | നെടുങ്ങാടപ്പള്ളി | 17 |
| 18.04.2018 | സ്നേഹ | നെടുങ്ങാടപ്പള്ളി | 20 |

**ആശാകിരണം**

താഴെപ്പറയുന്ന തീയതികളിൽ കാൻസർ ബോധവത്ക്കരണത്തെക്കുറിച്ച് ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു.

| തീയതി | സ്ഥലം | അംഗങ്ങൾ |
|---|---|---|
| 22.03.2018 | NSS കോളേജ് | 120 |
| 06.04.2018 | കലവൂർ | 45 |
| 07.04.2018 | വേഴപ്രാ | 268 |
| 09.04.2018 | നാലുകോടി | 782 |
| 10.04.2018 | പള്ളിക്കൂട്ടുമ്മ | 264 |
| 17.04.2018 | KSS കോട്ടയം | 125 |

**പരിശീലന പരിപാടി**

| തീയതി | യൂണിറ്റ് | പരിപാടി | പങ്കെടുത്തവർ |
|---|---|---|---|
| ഏപ്രിൽ 16 | പനയമ്പാല | ചക്കസംസ്ക്കരണം | 16 |

# ആത്മതാകേന്ദ്രം

**മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം.**

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് അതിരൂപതയിലെ വിവിധ സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

## ജലം ഇല്ലാതെ മദ്യസുലഭതക്കെതിരെ പ്രതിഷേധം

ചങ്ങനാശ്ശേരി അതിരൂപതാ കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ നാട്ടിൽ ജനം ഒരു തുള്ളി വെള്ളംകുടിക്കാൻ വേണ്ടി ബുദ്ധിമുട്ടുമ്പോൾ മദ്യത്തിന്റെ ലഭ്യത വീട്ടുമുറ്റത്തേക്ക് വരെ എത്തിക്കുന്ന സർക്കാരിന്റ മദ്യനയത്തിനോതിരെ ഒഴിഞ്ഞ കലങ്ങളും, വെള്ളക്കുപ്പികളും മദ്യം നിറഞ്ഞ കുപ്പികളുമായി പ്രതിഷധസമരം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് ഉത്ഘാടനം ചെയ്തു. രൂപതാ ഭാരവാഹികൾ നേതൃത്വം നല്കി.

## സർക്കാരിനെതിരെ മദ്യവിരുദ്ധ സംഗമം ചെങ്ങന്നൂരിൽ

സർക്കാരിന്റെ മദ്യനയത്തിനെതിരെ കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ മദ്യവിരുദ്ധസംഗമം ചെങ്ങന്നൂരിലെ വൈ.എം.സി.എ. ഹാളിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മേളനം ഉത്ഘാടനം ചെയ്തു. അഭിവന്ദ്യ യൂഹാന്നാൻ മാർ ക്രിസോസ്റ്റം അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറ്കടർ ഫാ.തോമസ് താന്നിയത്തിന്റെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രവർത്തകരായ 75 പേർ ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും പങ്കെടുത്തു.

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

2004 – ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി. അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 88,000/–ൽ അധികം രൂപാ സഹായമായി നല്കി വരുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ്. സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞ മാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 140 പേർക്ക് 90200/ രൂപയുടെ സഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുള്ളേച്ചംകളം, ഫാ. തോമസ് താന്നിയത്ത്, എന്നിവരുടെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നൽകി വരുന്നു. അടുത്ത **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം** 2018 മെയ് 28 മുതൽ മെയ് 31 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല**
**ഫോൺ നമ്പർ : 0469 2693413, 2690414, 9495193406**

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

NB. *ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാതലത്തിലും, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0481 2411819 / 8921505386*

# ദലിത് കത്തോലിക്കാ മഹാജനസഭ

## DCMS ചങ്ങനാശ്ശേരി അതിരൂപതാ കമ്മറ്റി

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട DCMS അതിരൂപതാ ഭാരവാഹികളുടെ ആദ്യയോഗം 15.04.2018 ഞായറാഴ്ച 11 എ.എം. ന് ഓഫീസിൽകൂടി. പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി ആമുഖപ്രസംഗം നടത്തി.

### പ്രമേയം

ദലിത് സമൂഹത്തിനുനേരേ രാജ്യത്ത് വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെയും കൊലപാതകങ്ങളെയും പീഢനങ്ങളെയും DCMS അതിരൂപതാ കമ്മറ്റി ശക്തമായി പ്രതിഷേധിച്ചു. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണം എന്നും യോഗം ആവശ്യപ്പെട്ടു.

### 2018 – ലെ പ്രവർത്തന പരിപാടികൾ

DCMS യൂണിറ്റ് ഉള്ള ഇടവകകളിൽ അഭിവന്ദ്യ പിതാവ് തീരുമാനമെടുത്ത പിന്നോക്കക്ഷേമഫണ്ട് സ്വരൂപിക്കുന്നതിന് ബഹു. വികാരിയച്ചന്മാരെകണ്ട് DCMS ഭാരവാഹികൾ ഓർമ്മിപ്പിക്കണം.

### കരിയർ ഗൈഡൻസ് സെമിനാർ

SSLC, +1, +2, ഡിഗ്രി പരീക്ഷ എഴുതി നിൽക്കുന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കരിയർ ഗൈഡൻസ് സെമിനാർ 28.04.2018 ശനിയാഴ്ച 10 എ.എം. മുതൽ ചങ്ങനാശ്ശേരി എസ്.ബി. എച്ച്.എസ്.എസ്. – ൽ നടക്കും. പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ് 25–ാം തീയതിക്കു മുൻപ് DCMS ഓഫീസിൽ എത്തിക്കണം.

### യുവജന ക്യാമ്പ്

DCYL –ന്റെ നേതൃത്വത്തിൽ 2018 മെയ് 11, 12, 13 തീയതികളിൽ യുവജന ക്യാമ്പ് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചു നടത്തുന്നു. എല്ലാ ദലിത് കത്തോലിക്കാ യുവജനങ്ങളെയും പങ്കെടുപ്പിക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കണം. പങ്കെടുക്കുന്ന യുവജനങ്ങളുടെ ലിസ്റ്റ് മെയ് 11 വെള്ളിയാഴ്ച 2 മണിക്കു മുമ്പ് DCMS ഓഫീസിൽ എത്തിക്കണം.

### വിദ്യാർത്ഥി ക്യാമ്പ്

7, 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന ദലിത് കത്തോലിക്കാ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ത്രിദിന പഠന ക്യാമ്പ് DCMS-ന്റെ നേതൃത്വത്തിൽ മെയ് 24, 25, 26 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ നടക്കും. എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നതിന് യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കണം. പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ് മെയ് 15–ാം തീയതിക്കുമുൻപ് ഓഫീസിൽ എത്തിക്കണം.

### നോമിനേറ്റു ചെയ്തു

2018 – 2021 പ്രവർത്തന വർഷത്തേക്കുള്ള DCMS ചങ്ങനാശ്ശേരി അതിരൂപതാ കമ്മിറ്റിയിലേക്ക് സി. സി. കുഞ്ഞുകൊച്ച് ചീരംകുളം,

ഇരവിനെല്ലൂർ, ആന്റണി എം.സി. നെടുംചിറ ചങ്ങനാശ്ശേരി എന്നിവരെ ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി നോമിനേറ്റു ചെയ്തു.

**ഫൊറോനാ തിരഞ്ഞെടുപ്പ്**

DCMS ഫൊറോന തിരഞ്ഞെടുപ്പ് നടക്കാതിരുന്ന അതിരമ്പുഴ, പുളിങ്കുന്ന് ഫൊറോന തെരഞ്ഞെടുപ്പ് 29.04.2018 ഞായറാഴ്ച നടക്കും. ത്രേസ്യാമ്മ ജോസഫ്, സെബാസ്റ്റ്യൻ ജോസഫ് എന്നീ അതിരൂപതാ കമ്മറ്റിയംഗങ്ങളുടെ നേതൃത്വത്തിൽ പി. ഡി. ജോസഫ് അരുവിക്കുഴി റിട്ടേണിംഗ് ഓഫീസർ ആയിരിക്കും.

പുളിങ്കുന്ന് ഫൊറോനാ തിരഞ്ഞെടുപ്പ് ലെനിൻ ജോസഫ് കായൽപ്പുറം, റോബി കണ്ണാട്ട് കൊടുപ്പുന്ന എന്നീ അതിരൂപതാ കമ്മറ്റിയംഗങ്ങളുടെ നേതൃത്വത്തിൽ DCMS അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് റിട്ടേണിംഗ് ഓഫീസർ ആയിരിക്കും.

**അതിരൂപതാ കമ്മറ്റിയുടെ യൂണിറ്റു സന്ദർശനം**

DCMS അതിരൂപതാ ഡയറക്ടർ, കമ്മറ്റിയംഗങ്ങൾ എന്നിവർ 2018 ജൂലൈ 1, 8, 15, 22, 29 തീയതികളിലായി എല്ലാ DCMS യൂണിറ്റുകളും സന്ദർശിക്കും. യൂണിറ്റ്, ഫൊറോനാ കമ്മറ്റികളുടെ പ്രവർത്തന റിപ്പോർട്ട് എല്ലാ മാസവും 15-ാം തീയതി അതിരൂപതാ ഓഫീസിൽ എത്തിക്കണം.

**സംസ്ഥാന കമ്മറ്റിയിലേയ്ക്ക്**

DCMS ചങ്ങനാശ്ശേരി അതിരൂപതാ പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കൽ സംസ്ഥാന പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് തീരുമാനിച്ചു.

മെയ് 4, 5, 6, തീയതികളിൽ കാഞ്ഞിരപ്പള്ളി രൂപതാ പൊടിമറ്റം പള്ളിയിൽ വെച്ച് തെരഞ്ഞെടുപ്പ് നടക്കും.

സ്നേഹപൂർവ്വം,

| | |
|---|---|
| **മാത്യു ജോസഫ്** | **ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി** |
| (ജ. സെക്രട്ടറി DCMS) | (ഡയറക്ടർ DCMS) |


# ഗർഭിണികളുടെ ധ്യാനം

ജൂൺ 9,10 (ശനി, ഞായർ)

# ദമ്പതി ധ്യാനം

ജൂലൈ 13,14,15

**അന്വേഷണത്തിന്:**

9447030814, 8281453527

# കെ. സി. എസ്. എൽ.

**പ്രിയ കൂട്ടുകാരേ,**

അവധിക്കാലം ഉപകാരപ്രദമായി ഉപയോഗിക്കുന്നു എന്നു കരുതുന്നു. മാനസിക ഉല്ലാസത്തിനും, പ്രാർത്ഥനയ്ക്കും അറിവു നേടുന്നതിനും കൂടുതൽ പ്രാധാന്യം കൊടുക്കുക.

2018 വർഷത്തിൽ കെ.സി.എസ്.എൽ. പ്രസ്ഥാനത്തെ അത്യുന്നതിയിലേയ്ക്ക് കൈ പിടിച്ച് ഉയർത്താൻ നിയമിതനായ ബ്രദർ ജോജോ പള്ളിച്ചിറയ്ക്ക് അതിരൂപതാ കെ.സി.എസ്.എൽ. കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

ഈ വർഷത്തെ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് 2018 ഏപ്രിൽ 23 മുതൽ 26 വരെയുള്ള തീയതികളിൽ വരാപ്പുഴ രൂപതയുടെ നേതൃത്വത്തിൽ മഞ്ഞുമ്മേൽ കാർമ്മൽ റിട്രീറ്റ് സെന്ററിൽവെച്ച് നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയിൽനിന്നും 33 കെ.സി.എസ്.എൽ. അംഗങ്ങൾ പങ്കെടുത്തു. വിവിധ വിഷയങ്ങളെക്കുറിച്ച് പ്രഗത്ഭർ നയിച്ച ക്ലാസ്സുകൾ, ഉല്ലാസയാത്ര തുടങ്ങിയവ ഈ ക്യാമ്പിന്റെ സവിശേഷതകളായിരുന്നു. ക്യാമ്പിൽ പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങൾക്കും അവരെ അതിനായി ഒരുക്കിയ ആനിമേറ്റേഴ്സിനും, മാതാപിതാക്കൾക്കും അനുമോദനം.

നമ്മുടെ അതിരൂപതയുടെ 131-ാമത് അതിരൂപതാ ദിനാഘോഷം മെയ് 19 ശനിയാഴ്ച തുരുത്തി ഫൊറോന പള്ളിയിൽ ആഘോഷിക്കുന്നു. നാം ഒരു കുടുംബമെന്ന ആ വലിയ അനുഭവത്തിൽ അന്നേദിവസം നമുക്കും പങ്കുകൊള്ളാം. നമ്മുടെ അതിരൂപതാ കുടുംബത്തിന്റെ പൊതു നിയോഗങ്ങൾ വി. കുർബാനയിൽ സമർപ്പിച്ചു സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

അവധിക്കാലത്ത് അനുദിന വിശുദ്ധ ബലിയിൽ പങ്കെടുത്തു ദൈവാനുഗ്രഹത്തിൽ ആഴപ്പെടാനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുക.

സ്നേഹാശംസകളോടെ,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ

## Bible Study Forum for Priests

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at the Spirituality Centre, Manganam, on 8th May 2018. The course will begin at 9.30 a.m. and come to a close at 4.00 p.m.
Fr. Mathew Vellanickal

# വിൻസെൻഷ്യൻ വേദി

"നിത്യ സൗഭാഗ്യം ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന നാമോരോരുത്തരും
നിത്യതയുടെ തീരത്ത് എത്തിച്ചേരുവാൻ കടക്കേണ്ട കടലാണ്
പരിശുദ്ധ മറിയം. അതുകൊണ്ട് എപ്പോഴും
സ്വർഗ്ഗീയ അമ്മയോട് ചേർന്നിരിക്കുക."

- വിശുദ്ധ പാദ്രെ പിയോ

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

പരിശുദ്ധ അമ്മയെ കൂടുതലായി ആദരിക്കുന്നതിനും വണങ്ങുന്നതിനുമായി സഭ ക്രമപ്പെടുത്തിയിരിക്കുന്ന മാസമാണല്ലോ മെയ്മാസം. നമുക്കതിനായി കൂടുതൽ സമയം കണ്ടെത്താൻ പരിശ്രമിക്കാം. അമ്മയോടൊത്തു ചേർന്ന് ദൈവമഹത്വത്തിനായി നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ അനുഗ്രഹ പ്രദമാക്കാം.

"നമുക്ക് പാവങ്ങളുടെ പക്കലേയ്ക്കു പോകാം" എന്ന ആഹ്വാനവുമായാണ് ആദ്യത്തെ കോൺഫറൻസ് സ്ഥാപിതമായത്. പാവങ്ങളുടെ പുണ്യവാനായ വി. വിൻസെന്റ് ഡി പോളിനെ മാതൃകയായി സ്വീകരിച്ച് പാരീസിലെ തെരുവുകളിൽ ചെറ്റക്കുടിലുകളിൽ ആരോരുമില്ലാതെ കഴിഞ്ഞിരുന്നവരെയാണ് ഓസനാമും സഹപ്രവർത്തകരും ആദ്യമായി സഹായിച്ചു തുടങ്ങിയത്. സുവിശേഷത്തിന്റെ സന്ദേശമാണ് ഇതിന് അവർക്കു പ്രചോദനം നൽകിയത്. സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും ആദ്ധ്യാത്മികതയുടെയും ബന്ധത്തിൽ ഉറച്ചുനിന്നതുകൊണ്ട് അവർക്കു വളരെയേറെ ചെയ്യുവാൻ കഴിഞ്ഞു. ഭൗതിക ജീവിതത്തിൽ മുഴുകിയിരിക്കുമ്പോഴും ലോകത്തെ സുവിശേഷവൽക്കരിക്കുന്നതിനുള്ള കടമ അൽമായർക്കുമുണ്ടെന്ന് അവർ മനസിലാക്കിയിരുന്നു. വൈദികരോടും സഭാധികാരികളോടും വിശ്വസ്തത പുലർത്തിക്കൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് പാവങ്ങളുമായി വ്യക്തിപരമായി ബന്ധം പുലർത്തി സുവിശേഷ ദൗത്യം നിർവഹിച്ചുകൊണ്ട് പ്രവർത്തിച്ചാലെ നമ്മുടെ പ്രവർത്തനങ്ങൾ ഫലമണിയുകയുള്ളു.

യുവജനങ്ങൾക്ക് ഏറെ പ്രവർത്തന സാധ്യതയുള്ള ഒരു സംഘടനയാണ് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി. ഇതിലെ അംഗത്വം ഒരിക്കലും അതിന്റെ പ്രവർത്തകരിൽ നഷ്ടബോധം ഉളവാക്കുന്നില്ല. മറിച്ച് കാലം കഴിയുന്തോറും ഈ പ്രസ്ഥാനത്തോട് ഗാഢമായി ബന്ധപ്പെടുവാനുള്ള പ്രേരണയാണുണ്ടാക്കുന്നത്. ഒരു വ്യക്തി ഒരിക്കൽ ഒരു വിൻസെൻഷ്യൻ ആയിക്കഴിഞ്ഞാൽ അന്ത്യം വരേയും അയാൾ അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. കുട്ടിക്കാലം മുതൽതന്നെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ പ്രവർത്തിച്ചുപോന്ന പലരും മരണംവരെ അതിലെ അംഗത്വം നിലനിർത്തിയിരുന്ന സംഭവങ്ങൾ ഓരോ കോൺഫറൻസിനും പറയാനുണ്ടാകും."യുവാക്കൾക്കു വേണ്ടി യുവാക്കളാൽ സ്ഥാപിതമായ യുവാക്കളുടെ സംഘടന" എന്നാണ് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി നിർവചിക്കപ്പെട്ടിരിക്കുന്നത്."

അതുകൊണ്ട് കൂടുതൽ യുവാക്കളെ സംഘടനയിലേക്ക് കൊണ്ടുവരാൻ കോൺഫറൻസ് തലങ്ങളിൽ പരിശ്രമിക്കണമേ എന്നു ഓർമ്മിപ്പിക്കുന്നു. അതുപോലെതന്നെ വനിതകളുടെ അംഗത്വവും കൂടുതൽ ഉണ്ടാകുവാനുള്ള പ്രവർത്തനങ്ങൾ ഫലമണിയട്ടേ എന്നു ആശംസിക്കുന്നു.

**സി. സി. വാർഷികം**

നമ്മുടെ സി. സി. യുടെ 64-ാമത് വാർഷികം 2018 മെയ് മാസം 20-ാം തീയതി ഞായറാഴ്ച ചങ്ങനാശ്ശേരി പാറേൽ മരിയൻ സെന്ററിൽ വെച്ച് നടത്തുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ എല്ലാ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരും യുവാക്കളും ജൂനിയർ അംഗങ്ങളും പങ്കെടുത്ത് വാർഷിക സമ്മേളനം വിജയപ്രദമാക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഓരോ എ. സി. കളുടെ പരിധിയിൽനിന്നും പങ്കെടുക്കുന്നവരുടെ എണ്ണം സി.സി. സെക്രട്ടറിയെ മുൻകൂട്ടിയറിയിക്കണം.

**എ. സി. വാർഷികം**

എ.സി. കളുടെ വാർഷികം സി.സി. വാർഷികത്തിനു മുൻപ് നടത്താൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത വാർഷിക സമ്മേളനങ്ങളുടെ റിപ്പോർട്ടുകൾ സി.സി. യിൽ ഏല്പിക്കുമല്ലോ.

എന്ന്,

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**

സി. സി. പ്രസിഡന്റ്

## ആലപ്പുഴ ഫൊറോന കൗൺസിൽ 'പിതാവിനോടൊത്ത്'

ആലപ്പുഴ ഫൊറോന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'പിതാവിനോടൊത്ത്' പരിപാടി 2018 മാർച്ച് 3-ാം തീയതി തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളി സെമിനാർ ഹാളിൽ നടന്നു. ആലപ്പുഴ ഫൊറോന വികാരി വെ. റവ. ഫാ. ജോസഫ് തൂമ്പുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്തു. പിതാവ് സന്ദേശം നൽകുകയും ഫൊറോന കൗൺസിൽ അംഗങ്ങളെ പരിചയപ്പെടുകയും അംഗങ്ങളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും മറുപടി നൽകുകയും ചെയ്തു. നവമാധ്യമങ്ങളും കുടുംബങ്ങളും എന്ന വിഷയത്തിൽ റവ. ഫാ.ആന്റണി ഏത്തയ്ക്കാട്ട്, ഫ്രാൻസീസ് മാർപാപ്പായുടെ സ്നേഹത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക പ്രബോധനത്തെ ആസ്പദമാക്കി റവ. ഡോ. ആന്റണി മൂലയിൽ എന്നിവർ ക്ലാസ്സ് നയിച്ചു. ഫൊറോന കൗൺസിൽ റിപ്പോർട്ട് ശ്രീ. ഷാജി ഉപ്പൂട്ടിൽ അവതരിപ്പിച്ചു. റവ. ഫാ. മോർളി തൈപ്പറമ്പിൽ, റവ. ഫാ. മാർട്ടിൻ കുരിശിങ്കൽ, ഡോ. സോണി കണ്ടങ്കരി എന്നിവർ പ്രസംഗിച്ചു. സൗമി ജോസഫ്, ബിനു കെ. ജോസഫ്, ജെറിൻ ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ശ്രീ. ഷാജി ഉപ്പൂട്ടിൽ** (സെക്രട്ടറി)

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശ്ശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതലകൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേകസ്മാരകമായി തുടക്കംകുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 മാർച്ച് മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരുംമാസങ്ങളിലെ പ്രധാന പരിപാടികളും.

**1. ഉത്ഥാനസന്ദേശവുമായി ഈസ്റ്റർകെയർ (മത്താ. 25:40)**

"ഈ എളിയ സഹോദരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കുതന്നെയാണ് സഹായം ചെയ്തത് എന്ന വചനപൂർത്തീകരണത്തിനും ഉത്ഥാനത്തിന്റെ സന്ദേശം ജനമനസ്സുകളിലേയ്ക്ക് നൽകുക എന്ന ലക്ഷ്യത്തിനായും കെയർഹോംസ് ഫെല്ലോഷിപ്പ് (സിഎഫ്സിഎ) യുടെയും മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും, വിവിധ സംഘടനകളുടെയും, ഇടവകകൾ, കൂട്ടായ്മകൾ, വ്യക്തികൾ തുടങ്ങിയവയുടെയും സംയുക്താഭിമുഖ്യത്തിൽ ഈസ്റ്ററിനോടനുബന്ധിച്ച് സംഘടിപ്പിച്ച ഈസ്റ്റർ കെയർ പദ്ധതി വിവിധ സ്ഥലങ്ങളിൽ വിജയകരമായി നടപ്പാക്കി. ഇതിനായി അഹോരാത്രം കഷ്ടപെട്ട ബഹു. വൈദികർ, അൽമായസുഹൃത്തുക്കൾ, പദ്ധതിക്ക് വേണ്ട ഇതര ക്രമീകരണങ്ങൾ നടത്തിയ കെയർ ഹോം പ്രവർത്തകർ, സിസ്റ്റേഴ്സ് തുടങ്ങിയവർക്ക് ഹൃദയം നിറഞ്ഞ നന്ദി.

**2. സെന്റ് ജോസഫ് ബോയ്സ് ഹോം, കല്ലൂപ്പാറ**

ചങ്ങനാശ്ശേരി അതിരൂപതയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1927 മുതൽ പ്രവർത്തിക്കുന്ന കല്ലൂപ്പാറ സെന്റ് ജോസഫ് ബോയ്സ് ഹോമിന്റെ വാർഷികവും കുടുംബസംഗമവും 2018 ഏപ്രിൽ 4 ബുധനാഴ്ച വൈകുന്നേരം 6 മുതൽ കല്ലൂപ്പാറ സെന്റ് ജോസഫ്സ് ഹോമിൽവെച്ച് നടന്നു. മാർ ജോസഫ് പെരുംന്തോട്ടം, മാർ തോമസ് തറയിൽ, വികാരി ജനറാൾ റവ. ഡോ. ഫിലിപ്സ് വടക്കേക്കളം പ്രൊക്യുറേറ്റർ റവ. ഫാ. ഫിലിപ്പ് തയ്യിൽ, റവ. ഫാ. ഐസക് ആലഞ്ചേരി റവ. ഫാ. റോജൻ നെൽപുരയ്ക്കൽ, റവ. ഫാ. തോമസ് താന്നിയത്ത്, രാഷ്ട്രീയ - സാമൂഹിക നേതാക്കന്മാർ, തുടങ്ങിയവർ പങ്കെടുത്തു. ഡയറക്ടർ റവ. ഫാ. സിറിയക് പഴയമഠം, സെന്റ് ജോസഫ് ബോയ്സ് ഹോമിലെ കുട്ടികൾ, സ്ഥാപനത്തിലെ സന്നദ്ധ പ്രവർത്തകർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

**3. സമരിറ്റൻ പ്രയർമീറ്റ് - ഇത്തിത്താനം ആഷാഭവനിൽ**

കെയർ ഹോം ഫെല്ലോഷിപ്പ്, പാലിയേറ്റിവ് കെയർ ശുശ്രൂഷകളുടെ സമർപ്പണത്തിനും ദൈവാനുഗ്രഹ പ്രാർത്ഥനയ്ക്കുമായി എല്ലാ മാസവും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രത്യേക പ്രാർത്ഥനാകൂട്ടായ്മയായ സമരിറ്റൻ 2018 ഏപ്രിൽ 25 ബുധനാഴ്ച വൈകുന്നേരം 6.30 മുതൽ 8.30 വരെ ഇത്തിത്താനം ആഷാ ഭവനിൽവെച്ച് നടന്നു. പ്രാർത്ഥനാശുശ്രൂഷ, അനുഭവങ്ങൾ പങ്കുവയ്ക്കൽ തുടങ്ങി പരിപാടികൾക്ക്

അഭി. മാർ തോമസ് തറയിൽ, ഫാ. സോണി മുണ്ടുനടയ്ക്കൽ, പ്രൊഫ. പി. സി. അനിയൻകുഞ്ഞ്, ജോമോൻ തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഫ്രണ്ട്സ് ഓഫ് ആഷാ ഭവൻ രൂപീകരിച്ചു**

അതിരൂപതയുടെ കീഴിലുള്ള എല്ലാ കെയർ ഹോമുകളോടും അനുബന്ധിച്ച് അതാത് പ്രദേശത്തെ സേവനതൽപരരായ അൽമായ സുഹൃത്തുക്കളെ ഉൾപ്പെടുത്തി അതാത് പ്രസ്ഥാനത്തിന്റെ അധികാരികളോട് ഒപ്പം ഒന്നുചേർന്ന് പ്രവർത്തിക്കാൻ കഴിയുന്ന ഒരു ഗ്രൂപ്പിനെ രൂപപ്പെടുത്തിയെടുക്കുക എന്ന അതിരൂപതാതലതീരുമാനപ്രകാരം ഇത്തിത്താനം ആഷാഭവനിൽ ഫ്രണ്ട്സ് ഓഫ് ആഷാഭവൻ ഗ്രൂപ്പ് രൂപീകരിച്ചു. സമരിറ്റൻ പ്രാർത്ഥനാകൂട്ടായ്മയോട് അനുബന്ധിച്ച് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ സമീപപ്രദേശത്തെ 30 ഓളം അൽമായർ ഒന്നുചേർന്ന് തുടർപ്രവർത്തനങ്ങൾക്കായി ജനറൽ കൺവീനറായി ബിനു മുണ്ടകത്തിലിനെ തിരഞ്ഞെടുക്കുകയും തുടർപദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**5. പാലിയേറ്റീവ് കെയർ വാർഷികം**

മാർ തോമസ് തറയിലിന്റെ മെത്രാഭിഷേക സ്മാരകമായി ആരംഭിച്ച മാർ കാവുകാട്ട് പാലിയേറ്റീവ് ആൻഡ് ഫാമിലി ഹെൽത്ത് കെയറിന്റെ ഒന്നാം വാർഷികവും സന്നദ്ധ പ്രവർത്തക സംഗമവും 28 ന് രാവിലെ പത്തിന് ആർച്ച് ബിഷപ്സ് ഹൗസിലെ സന്ദേശനിലയം ഹാളിൽ നടക്കും. മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവഹിക്കും.

നിലവിൽ പാലിയേറ്റീവ് കെയർ പദ്ധതിയുള്ള ഇടവകകളിലെ സന്നദ്ധ പ്രവർത്തകർ, പുതുതായി പദ്ധതി ആരംഭിക്കാൻ ആഗ്രഹിക്കുന്ന ഇടവകകളിലെ പ്രതിനിധികൾ എന്നിവർ സംഗമത്തിൽ പങ്കെടുക്കും. അതിരൂപത പ്രൊക്യൂറേറ്റർ ഫാ. ഫിലിപ്പ് തയ്യിൽ, ചാരിറ്റിവേൾഡ് പ്രത്യാശാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, പാലിയേറ്റീവ് കെയർ ഹോം ഡയറക്ടർ ഫാ. സോണി മുണ്ടുനടക്കൽ, ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ജോസ് മുകളേൽ, ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി ഡയറക്ടർ ഫാ. തോമസ് മംഗലത്ത്, ആലപ്പുഴ സഹൃദയ ആശുപത്രി ഡയറക്ടർ തോമസ് മാളിയേക്കൽ, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് വർഗീസ് ആന്റണി, കോ ഓർഡിനേറ്റർ സണ്ണിച്ചൻ ഇടിമണ്ണിക്കൽ എന്നിവർ പ്രസംഗിക്കും. കാൻസർ രോഗ വിദഗ്ധൻ ഡോ. പരമേശ്വരൻ, ഡോ. സാറാമ്മ ജോസഫ്, ഡോ. വിജയാ പുതുശേരി എന്നിവർ ക്ലാസുകൾ നയിക്കും.

**5. അതിരൂപതാതല ഹെൽപ് ഡെസ്ക്ക്**

കെയർ ഹോംസ്, പാലിയേറ്റീവ് കെയർ ശുശ്രൂഷകളുടെ വിശദവിവരങ്ങൾക്കും തുടർസഹായങ്ങൾക്കും ഇതര ക്രമീകരണങ്ങൾക്കുമായി അതിരൂപതാതലത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഓഫീസിന്റെയും ഹെൽപ് ഡെസ്കിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് താൽപര്യപ്പെടുന്നു.

സ്നേഹത്തോടെ,

**റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ**
(ഡയറക്ടർ)

കൂടുതൽ വിവരങ്ങൾക്ക്: 9961049933, 9946000599

# കത്തോലിക്ക കോൺഗ്രസ് AKKC

**ശദാബ്ദി മഹാസമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത ശതാബ്ദി സമാപന അല്മായ മഹാസമ്മേളനം എസ്.ബി. കോളേജിലെ മാർ കാവുകാട്ട് ഹാളിൽ അതിരൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. മാതൃരാജ്യത്തിന്റെ ഭരണഘടനയും സംസ്കാരവും സംരക്ഷിക്കാനും മൂല്യങ്ങളും ധാർമ്മികതയും ഉയർത്തിപ്പിടിക്കാനും സഭാംഗങ്ങൾ പ്രതിബദ്ധതയുള്ളവരായി മാറണമെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. പ്രസിഡന്റ് വർഗ്ഗീസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു, സഹായമെത്രാൻ മാർ തോമസ് തറയിൽ സന്ദേശം നല്കി. ഒളിബ്യൻ പത്മശ്രീ ഷൈനി വിൽസൻ മുഖ്യാത്ഥിയായിരുന്നു. ആന്റോ ആന്റണി എം.പി., ഫാ. ജോസ് മുകളേൽ, ഫാ. കുര്യൻ പുത്തൻപുര, ടോണി പുഞ്ചക്കുന്നേൽ, സെലിൻ സിജോ, ജാൻസൺ ജോസഫ് എന്നിവരും ഇതര അതിരൂപതാ നേതാക്കന്മാരും സന്നിഹിതരായിരുന്നു.

**ശതാബ്ദി ജ്വാലാപ്രയാണം.**

കത്തോലിക്കാ കോൺഗ്രസ് ശതാബ്ദി സമാപനത്തോടനുബന്ധിച്ച് അതിരൂപതയിലെ 16 ഫൊറോനകളിലൂടെയും ശതാബ്ദി ജ്വാലാപ്രയാണം. കടന്നുപോയി. ഏപ്രിൽ 13 ന് അമ്പൂരി ഫൊറൊനപ്പള്ളിയിൽ നിന്നും ആരംഭിച്ച പ്രയാണം റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ ഉദ്ഘാടനം ചെയ്തു, ശതാബ്ദി ജ്വാലാപ്രയാണം ക്വാപ്റ്റൻ സർഗ്ഗീസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോസ് മുകളേൽ ആമുഖ പ്രഭാഷണം നടത്തി. എ.കെ.സി.സി. ഭാരവാഹികളും പ്രവർത്തകരും സണ്ടേസ്കൂൾ വിദ്യാർത്ഥികളുമടക്കം നൂറുകണക്കിനാളുകൾ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് 2 മണിക്ക് തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാസമിതി ശതാബ്ദി ജ്വാലാ പ്രയാണത്തിന് വൻ വരവേൽപ്പ് നല്കി. ഫൊറോനപ്രസിഡന്റ് ജേക്കബ് നിക്കോളാസ് അധ്യക്ഷത വഹിച്ച സമ്മേളനം തിരുവനന്തപുരം ഫൊറോന വികാരി വെരി റവ. ഫാ. ജോസ് വിരുപ്പേൽ ഉദാഘാടനം ചെയ്തു. ഫൊറോന ഭാരവാഹികൾ പ്രസംഗിച്ചു. വൈകുന്നേരം 5.30 ന് കൊല്ലം-ആയൂർ ഫൊറോനാ ഓഡിറ്റോറിയത്തിൽ ഫൊറോനസംഗമവും മതസൗഹാർദ്ദ സമ്മേളനവും നടത്തി. ഫൊറോന പ്രസിഡന്റ് സാംസൺ പോൾ അധ്യക്ഷത വഹിച്ച സമ്മേളനം ഫൊറോനവികാരി വെരി. റവ. ഫാ. അനിൽ കരിപ്പിങ്ങാപ്പുറം ഉദ്ഘാടനം ചെയ്തു. ഫൊറോന ഭാരവാഹികൾ നേതൃത്വം നല്കി.

ഏപ്രിൽ 12 വ്യാഴം രാവിലെ 10 ന് തത്തംപള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ ജ്വാലാപ്രയാണത്തെ സ്വീകരിച്ചു. ഫൊറോന സമിതിയുടെ നേതൃത്വത്തിൽ തുടർന്ന് നടത്തിയ ഇരുചക്രവാഹന റാലി നഗരം ചുറ്റി ആലപ്പുഴ മാർശ്ലീവാ ഫൊറോനപ്പള്ളിയിൽ സമാപിച്ചു. തുടർന്നുനടന്ന സ്വീകരണയോഗം ആലപ്പുഴ മുനിസിപ്പൽ ചെയർമാൻ തോമസ് ജോസഫ് ഉദ്ഘാടനം ചെയ്തു.

ചമ്പക്കുളം കല്ലൂർക്കാട് ബസിലിക്കയിൽ നടത്തിയ ഫൊറോന സംഗമം

ബസിലിക്ക റെക്ടർ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. പഞ്ചവത്സര അജപാലന കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന സമ്മേളനത്തിൽ സി.ടി. തോമസ് കാച്ചാംകോട് അധ്യക്ഷത വഹിച്ചു, അതിരൂപതാ ഫൊറോനാ ഭാരവാഹികൾ പ്രസംഗിച്ചു.

12 ന് ഉച്ചകഴിഞ്ഞ് 2.30 ന് എടത്വാ ഫൊറോന പള്ളി തീർത്ഥാടനകേന്ദ്രം ഓഡിറ്റോറിയത്തിൽ എടത്വാ ഫൊറോന സംഗമം ഫൊറോന വികാരി വെരി റവ. ഫാ. ജോൺ മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് മോഡി തോമസ് അദ്ധ്യക്ഷത വഹിച്ചു. 'അൽമായ നേതൃത്വം കേരളസഭയിൽ' എന്ന വിഷയത്തിൽ പ്രൊഫ. മാത്യു ജോർജ് പ്രബന്ധം അവതരിപ്പിച്ചു. എടത്വാ ഫൊറോനയിലെ വിവിധ യൂണിറ്റ് പ്രസിഡന്റുമാർ ജ്വാലാ ക്യാപ്റ്റനെ ബൊക്കെ നൽകി സ്വീകരിച്ചു.

വൈകുന്നേരം 4-ന് പുളിങ്കുന്ന് ഫൊറോന സംഗമവും - ന്യൂനപക്ഷാവകാശ സംരക്ഷണ സെമിനാറും പുളിങ്കുന്ന് ഫൊറോന പള്ളി ഹാളിൽ ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് സിബി മുലംകുന്നം അധ്യക്ഷത വഹിച്ചു. പ്രൊഫ. റോണി കെ. ബേബി കാഞ്ഞിരപ്പള്ളി സെമിനാർ നയിച്ചു. ഏപ്രിൽ 13 ന് തുരുത്തി ഫൊറോന സംഗമവും കരിയർ ഗൈഡൻസ് സെമിനാറും തുരുത്തി മർത്ത് മറിയം ഫൊറോന പള്ളിയിൽ നടത്തി. ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി. കരിയർ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ജോസ് തേക്കേക്കര അദ്ധ്യക്ഷത വഹിച്ചു. ഫൊറോന വികാരി വെരി ഫാ. ഗ്രിഗറി ഓണംകുളം അനുഗ്രഹപ്രഭാഷണം നടത്തി. എസ്.ബി. കോളേജ് എം.ബി.എ. കോർഡിനേറ്റർ ശ്രീ. സനീഷ് എബ്രഹാം കരിയർ സെമിനാർ നയിച്ചു.

ഉച്ചകഴിഞ്ഞ് 3 ന് കുടമാളൂർ - കോട്ടയം ഫൊറോന സംഗമവും, 'ഭരണഘടനയും ന്യൂനപക്ഷാവകാശങ്ങളും' എന്ന വിഷയത്തിലുള്ള സെമിനാറും കോട്ടയം ഐ.എം.എ. ഹാളിൽ നടന്നു. ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി വിഷയാവതരണം നടത്തി. ജോസ് കെ. മാണി എം.പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., കടയ്ക്കൽ നിസാമുദ്ദീൻ മൗലവി എന്നിവർ പ്രഭാഷണം നടത്തി. അഡ്വ. വി.പി. ജോസഫ്, രാജേഷ് ജോൺ, ഷെയ്ൻ ജോസഫ്, ഫാ. ജോർജ് കപ്പാമൂട്ടിൽ എന്നിവർ പ്രസംഗിച്ചു. 13 ന് വൈകുന്നേരം 5ന് അതിരമ്പുഴയിൽ ന്യൂനപക്ഷ പീഢനങ്ങൾക്കെതിരെയുള്ള സായാഹ്ന കൂട്ടായ്മ നടത്തി. ജോസ് കെ. മാണി എം. പി. ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് കെ.എം. ചാക്കോ കൈനക്കരി അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ വികാരി വെരി റവ. ഫാ. സിറിയക് കോട്ടയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി ആമുഖ പ്രസംഗം നടത്തി. യുണിറ്റ് പ്രസിഡന്റ് ജ്വാലാ ക്യാപ്റ്റനെ ഷാൾ അണിയിച്ച് സ്വീകരിച്ചു.

14ന് രാവിലെ 10 ന് മണിമല ഫൊറോന സംഗമവും കരിയർ സെമിനാറും മണിമല ഹോളി മജെയ് ഫൊറോന പള്ളിയിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. ജോർജ് കൊച്ചുപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. മണിമല പഞ്ചായത്ത് പ്രസിഡന്റ് ലിത ഷാജി ഉദ്ഘാടനം നിർവഹിച്ചു. റവ. ഫാ. ജോസഫ് കട്ടപ്പുറം. ജോസ് പാലത്തിനാൽ, നൈജിൽ തോമസ് എന്നിവർ പ്രസം

ഗിച്ചു. ഫൊറോന പ്രസിഡന്റ് വി.ജെ. ജോസഫുകുഞ്ഞ് അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 3 ന് നെടുംകുന്നം ഫൊറോന സംഗമവും കാർഷിക സെമിനാറും നെടുംകുന്നം സെന്റ് ജോൺസ് സ്കൂൾ ഹാളിൽ നടന്നു. ഫൊറോന പ്രസിഡന്റ് പി.ടി. ജോസഫ് പേഴത്താനിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. എൻ. ജയരാജ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി റവ. ഡോ. ജോസഫ് പുതുപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. ജോൺസി കാട്ടൂർ, ബിജു സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. മികച്ച കർഷകരേയും ക്ഷീര കർഷകരെയും യോഗത്തിൽ ആദരിച്ചു. കർഷക സമഗ്രസംഭാവനയ്ക്കുള്ള പ്രത്യേക പുരസ്കാരം ശ്രീ. ജോസ് ജോൺ വെങ്ങാന്തറയ്ക്കു ഡോ. എൻ. ജയരാജ് എം.എൽ.എ. നൽകി.

വൈകുന്നേരം 4 ന് തൃക്കൊടിത്താനം ഫൊറോന സംഗമം നടത്തി. പ്രസിഡന്റ് ജോഷി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ചർച്ച് ക്വയർ മത്സരവും ഇതോടൊപ്പം സംഘടിപ്പിച്ചു. ജോയി തോമസ്, ബാബു തോമസ്, ആനീസ് ജോർജ്, സിബി മുക്കാടൻ എന്നിവർ നേതൃത്വം നൽകി. വൈകുന്നേരം 6 ന് തെങ്ങണാ കവലയിൽ റബ്ബർ വിലയിടിവിനെതിരെ നടന്ന സമരജ്വാല ജോയി എബ്രഹാം എം.പി. ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് മാത്തുക്കുട്ടി മൂലയിൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. വി.സി. സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ഫൊറോന വികാരി വെരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ അനുഗ്രഹപ്രഭാഷണം നടത്തി. ജിൻസൻ തോമസ്, സേവ്യർ കൊണ്ടോടി, ജോർജുകുട്ടി എന്നിവർ പ്രസംഗിച്ചു.

**പ്രതികരണം**

കേരളത്തെ മദ്യാലയമാക്കി മാറ്റി ജനങ്ങളെ ലഹരിക്കടിമയാക്കുന്ന മദ്യനയം പിൻവലിക്കാൻ സർക്കാർ തയ്യാറാകണമെന്ന് കത്തോലിക്ക കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതി ആവശ്യപ്പെട്ടു. ഫോർസ്റ്റാർ ബാറുകൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുള്ള ദൂരപരിധി 50 മീറ്ററായി കുറച്ച സർക്കാർ മദ്യനയത്തിൽ ജനപക്ഷ ചിന്തകളെ അവഗണിക്കുന്നത് ശക്തമായ പ്രതിഷേധത്തിന് ഇടയാക്കുമെന്ന് കത്തോലിക്ക കോൺഗ്രസ് അതിരൂപതാസമിതി പ്രസ്താവനയിൽ അറിയിച്ചു. പ്രസിഡന്റ് വർഗീസ് ആന്റണി അധ്യക്ഷത വഹിച്ചു. രാജേഷ് ജോൺ, സിബി മുക്കാടൻ, ടോം കയ്യാലകം, ജോയി പാറപ്പുറം, സൈബി അക്കര, ജോസ് വേങ്ങാന്തറ, ജോർജുകുട്ടി മുക്കത്ത്, ടോണി കോയിത്തറ, ആനീസ് ജോർജ്, അച്ചാമ്മ യോഹന്നാൻ, ജോസ് പാലത്തിനാൽ, ബിജു സെബാസ്റ്റ്യൻ, ഷെയ്ൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. മദ്യലഭ്യത വർധിപ്പിച്ച് ജനകീയ വിഷയങ്ങൾ തമസ്ക്കരിക്കുന്ന സർക്കാർ ശൈലിക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികൾ പറഞ്ഞു.

**വർഗീസ് ആന്റണി** (പ്രസിഡന്റ്)    **ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)
**രാജേഷ് ജോൺ** (ജനറൽ സെക്രട്ടറി)    **സിബി മുക്കാടൻ** (ട്രഷറർ)

# പുരോഹിതനും സഭാശുശ്രൂഷയും

(തിരുവചനഭാഗം: ശ്ലീഹ 3,1-26)

"എല്ലാവരിലും ഭീതി ഉളവായി. ശ്ലീഹന്മാർവഴി പല അത്ഭുതങ്ങളും അടയാളങ്ങളും സംഭവിച്ചു" (ശ്ലീഹ 2,43) എന്ന പ്രസ്താവന പ്രായോഗികമായി പ്രാവർത്തികമാകുന്ന ഒരു സന്ദർഭമാണ് ശ്ലീഹ 3-ാം അദ്ധ്യായം അവതരിപ്പിക്കുന്നത്. സുവിശേഷപ്രഘോഷണവും അതിനെ ബലപ്പെടുത്തുന്ന അടയാളങ്ങളും ശ്ലീഹന്മാരുടെ സഭാശുശ്രൂഷയുടെ അവശ്യഘടകങ്ങളായിരുന്നു. വി. മർക്കോസിന്റെ സുവിശേഷം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: "അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾക്കൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു" (മർക്കോ 16,20). സഭയുടെ ആരംഭഘട്ടത്തിൽത്തന്നെ അപ്രകാരം സംഭവിക്കുന്നതായി നടപടിഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ഈ അദ്ധ്യായത്തിൽ രണ്ടു ഭാഗങ്ങളാണുള്ളത്: 1. മുടന്തനു സൗഖ്യം (3,1-10); 2. പത്രോസിന്റെ പ്രസംഗം (3,11-26). ശ്ലൈഹിക പിന്തുടർച്ചക്കാരനെന്ന നിലയിൽ പുരോഹിതൻ സഭാശുശ്രൂഷ നിർവഹിക്കേണ്ടവനാണ്. സഭാശുശ്രൂഷ എപ്രകാരമാണു നിർവഹിക്കേണ്ടതെന്നും സഭാസമൂഹത്തെ എപ്രകാരമാണ് കെട്ടിപ്പടുക്കേണ്ടതെന്നും ഈ വചനഭാഗം വ്യക്തമാക്കുന്നുണ്ട്.

**1. സഭ: പ്രാർത്ഥിക്കുന്ന സമൂഹം**

"*ഒരു ദിവസം ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്കു പത്രോസും യോഹന്നാനും ദൈവാലയത്തിലേക്കു പോവുകയായിരുന്നു. ജന്മനാ മുടന്തനായ ഒരാളെ എടുത്തുകൊണ്ടു ചിലർ അവിടെയെത്തി. ദൈവാലയത്തിൽ പ്രവേശിക്കുന്നവരോടു ഭിക്ഷയാചിക്കാനായി സുന്ദരകവാടം എന്നു വിളിക്കപ്പെടുന്ന ദൈവാലയ വാതിൽക്കൽ അവനെ കിടത്തുക പതിവായിരുന്നു*" (3,1-2).

ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്ക് പത്രോസും യോഹന്നാനും ദൈവാലയത്തിലേക്കു പോവുകയായിരുന്നു. യഹൂദസമൂഹത്തിലെ നിയമമനുസരിച്ച് പന്ത്രണ്ടു വയസ്സിനു മുകളിലുള്ള പുരുഷന്മാർ എല്ലാ ദിവസവും ഉരുവിടേണ്ട പ്രാർത്ഥനകളാണ് 'ഷ്മാ'യും 'തിഫില്ലാ'യും. സൂര്യോദയത്തിനു തൊട്ടുമുമ്പും സൂര്യാസ്തമയത്തിനുശേഷവുമാണ് 'ഷ്മാ' പ്രാർത്ഥന ചൊല്ലേണ്ടത് (നിയ 6,4-9). സൂര്യോദയത്തിനുശേഷവും ഉച്ചയ്ക്കും സൂര്യാസ്തമയത്തിനുമുമ്പുമാണ് 'തിഫില്ല' പ്രാർത്ഥന ചൊല്ലുന്നത് (പുറ 29,41; മർക്കോ 12,29-30). അതുപോലെ ഭക്തയഹൂദർ രാവിലെയും വൈകുന്നേരവും പ്രാർത്ഥനയ്ക്കും ബലിയർപ്പണത്തിനുമായി ദൈവാലയത്തിൽ പോകുന്ന പതിവും ഉണ്ടായിരുന്നു. യഹൂദപാരമ്പര്യങ്ങളാണല്ലോ ആദിമസഭയെ സ്വാധീനിച്ചത്. അപ്രകാരമായിരിക്കണം സഭയുടെ യാമപ്രാർത്ഥനകൾ നിലവിൽവന്നത്. ആദിമസഭയുടെ രൂപരേഖയിൽ, "അവർ നിശ്ചിതപ്രാർത്ഥനകളിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ

2,42) എന്നു പറയുമ്പോൾ സഭയുടെ പ്രാർത്ഥനാസ്വഭാവമാണ് വ്യക്തമാക്കുന്നത്. സഭ പ്രാർത്ഥിക്കുന്ന ഒരു സമൂഹമാണെന്നുള്ളത് സഭയുടെ അടിസ്ഥാന സ്വഭാവമാണ്. അതുകൊണ്ട് സഭാംഗങ്ങളെല്ലാവരും സഭയുടെ പ്രാർത്ഥന ചൊല്ലുവാൻ കടപ്പെട്ടവരാണ്. ഈ ബോദ്ധ്യം സഭാംഗങ്ങൾക്കു നല്കുവാനും അവരെ അതിൽ പരിശീലിപ്പിക്കുവാനും പുരോഹിതനു കഴിയണം.

എല്ലാവർക്കും ശരിയായ പ്രാർത്ഥനയിൽ പരിശീലനം ആവശ്യമാണ്. പ്രാർത്ഥിക്കുവാൻ നമുക്കറിഞ്ഞുകൂടാ. നാമെല്ലാവരും പ്രാർത്ഥിക്കുവാൻ പഠിക്കണം എന്ന് തിരുലിഖിതങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട് "വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു" (റോമാ 8,26). പരിശുദ്ധാത്മാവ് ഇന്നു മിശിഹായുടെ ആത്മാവായി പ്രവർത്തിക്കുന്നത് സഭയിലാണ്. സഭ പ്രാർത്ഥിക്കുമ്പോൾ, മിശിഹായും പരിശുദ്ധാത്മാവും നമ്മോടൊത്തു പ്രാർത്ഥിക്കുന്നു. കാരണം സഭ മിശിഹായുടെ ശരീരമാണ് (1 കൊറി 12,12). മാർപാപ്പാമാരുടെ പ്രബോധനങ്ങളിലും നാം പ്രാർത്ഥിക്കാൻ പരിശീലിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറയുന്നുണ്ട്. പ്രാർത്ഥനയുടെ കളരി സഭയുടെ ലിറ്റർജിയാണെന്നും അവർ പഠിപ്പിക്കുന്നു (ചങ്ങക 34). സഭയുടെ ലിറ്റർജിയ്ക്ക് നേതൃത്വം കൊടുക്കുന്നത് പുരോഹിതരാണ്. അതുകൊണ്ട് സഭാംഗങ്ങളെ പ്രാർത്ഥിക്കുവാൻ പരിശീലിപ്പിക്കേണ്ടത് പുരോഹിതന്മാർതന്നെയാണ്. അതുകൊണ്ട് പുരോഹിതർ സഭയുടെ പ്രാർത്ഥനകൾ ചൊല്ലുന്നവരും സഭയുടെ പ്രാർത്ഥനകൾ ചൊല്ലുവാൻ സഭാംഗങ്ങൾക്ക് പരിശീലനവും നേതൃത്വവും നല്കുന്നവരുമാകണം.

**2. സഭ: മിശിഹായുടെ സാന്നിദ്ധ്യത്തിനു സാക്ഷ്യം വഹിക്കുന്ന സമൂഹം**

*"പത്രോസ് യോഹന്നാനോടൊപ്പം അവനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: ഞങ്ങളുടെ നേരേ നോക്കുക. അവരുടെ പക്കൽനിന്ന് എന്തെങ്കിലും കിട്ടുമെന്നു പ്രതീക്ഷിച്ച് അവൻ അവരെ നോക്കി. പത്രോസ് പറഞ്ഞു: വെള്ളിയോ സ്വർണമോ എന്റെ കയ്യിലില്ല. എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസറായനായ ഈശോമിശിഹായുടെ നാമത്തിൽ എഴുന്നേറ്റു നടക്കുക. പത്രോസ് വലത്തുകൈയ്ക്കു പിടിച്ച് അവനെ എഴുന്നേല്പിച്ചു. ഉടൻതന്നെ അവന്റെ പാദങ്ങളും കണങ്കാലുകളും ബലംപ്രാപിച്ചു. അവൻ ചാടി എഴുന്നേറ്റു നടന്നു. നടന്നും കുതിച്ചുചാടിയും ദൈവത്തെ സ്തുതിച്ചുംകൊണ്ട് അവൻ അവരോടൊപ്പം ദൈവാലയത്തിൽ പ്രവേശിച്ചു"* (3,4-8).

മനുഷ്യർ പ്രാർത്ഥിക്കുവാൻ ഒരുമിച്ചുകൂടുന്നിടത്ത് ഭിക്ഷക്കാർ കടന്നുവരിക സ്വാഭാവികമാണ്. കാരണം, പ്രാർത്ഥന ദൈവവുമായുള്ള സ്നേഹസംഭാഷണമാണല്ലോ. ദൈവവുമായി സ്നേഹസംഭാഷണം നടത്തുന്നവൻ മനുഷ്യരെ സ്നേഹിക്കുന്നവനായിരിക്കും. അതുകൊണ്ടുതന്നെയായിരിക്കും പ്രാർത്ഥനയ്ക്കു ദൈവാലയത്തിൽ പ്രവേശിക്കുന്നവരോടു ഭിക്ഷ യാചിക്കാനായി ജന്മനാ മുടന്തനായ മനുഷ്യനെ അവിടെ കിടത്തിയത്. പത്രോസിനോടും യോഹന്നാനോടും ഭിക്ഷ യാചിച്ച മനുഷ്യനെ അവർ സുഖപ്പെടുത്തുന്നു. സുഖപ്പെടുത്തുന്നത് ഒരു പ്രത്യേക രീതിയിലാണ്. എല്ലാവരെയും വിസ്മയിപ്പിക്കത്തക്ക രീതിയിൽ മാന്ത്രികമായിട്ടല്ല. പത്രോസ് യോഹന്നാനോടൊപ്പം അവനെ സൂക്ഷിച്ചുനോക്കുന്നു. അവരുടെനേരെ നോക്കാൻ ആവശ്യപ്പെടുന്നു. എന്തെങ്കിലും കിട്ടുമെന്നു പ്രതീക്ഷിച്ച് അവൻ നോക്കുമ്പോൾ, വെള്ളിയോ സ്വർണ്ണമോ

തന്റെ കയ്യിലില്ലെന്നും തനിക്കുള്ളത് ഈശോമിശിഹായുടെ അരൂപിയിലുള്ള സാന്നിദ്ധ്യമാണെന്നും അവനെ അറിയിക്കുന്നു. അതിനുശേഷം വലത്തു കൈയ്ക്കു പിടിച്ച് അവനെ എഴുന്നേല്പിക്കുന്നു. ഉത്ഥിതനായ മിശിഹായുടെ സഭയിലുള്ള സ്നേഹസാന്നിദ്ധ്യത്തിലേക്ക് അവന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടും, സ്നേഹസ്പർശം നല്കിക്കൊണ്ടുമാണ് പത്രോസും യോഹന്നാനും മുടന്തനെ സുഖപ്പെടുത്തുന്നത്.

ഈശോയുടെ അത്ഭുതങ്ങളും ഇപ്രകാരം അരൂപിയുള്ള സ്നേഹസ്പർശനങ്ങളായിട്ടാണ് സുവിശേഷങ്ങൾ അവതരിപ്പിക്കുന്നത്. തന്റെ പിശാചുബഹിഷ്കരണാത്ഭുതങ്ങളെ ഫരിസേയർ പൈശാചികശക്തിയുടെ പ്രവർത്തനങ്ങളായി ചിത്രീകരിച്ചപ്പോൾ ഈശോ വ്യക്തമായി പറഞ്ഞു: "ദൈവാത്മാവിനെക്കൊണ്ടാണു ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ, ദൈവരാജ്യം നിങ്ങളിൽ വന്നു കഴിഞ്ഞിരിക്കുന്നു" (മത്താ 12,28). ശിമയോൻ പത്രോസിനെ ഈശോ ശിഷ്യത്വത്തിലേക്കു വിളിച്ചതും സ്നേഹസ്പർശം ഉൾക്കൊള്ളുന്ന ഒരത്ഭുതപ്രവർത്തനത്തോടുകൂടിയാണ്. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാതിരുന്ന പശ്ചാത്തലത്തിൽ ശിമയോന്റെ വള്ളത്തിൽത്തന്നെ കയറുകയും അത്ഭുതകരമായ മീൻപിടുത്തത്താൽ അനുഗ്രഹിക്കുകയും ചെയ്തുകൊണ്ടാണ് ഈശോ തന്റെ ശിഷ്യഗണത്തിൽ പത്രോസിനെ സ്വീകരിച്ചത്. ഇന്നും സഭയിൽ ജീവിക്കുന്ന മിശിഹായുടെ രക്ഷാകരമായ ഈ സ്നേഹസാന്നിദ്ധ്യം വെളിപ്പെടുത്തുന്നതിനാണ് അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കുന്നത്. ഇപ്രകാരം അത്ഭുതകരമായ രോഗശാന്തികൾ നല്കാനുള്ള അധികാരം പുരോഹിതർക്കു നല്കപ്പെട്ടിട്ടുണ്ട്. അവയെ വേണ്ടവിധം പ്രയോജനപ്പെടുത്തി രോഗശാന്തിശുശ്രൂഷ തന്റെ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാക്കാൻ പുരോഹിതൻ പരിശ്രമിക്കണം. സഭയിലെ രോഗശാന്തിശുശ്രൂഷകളെല്ലാം മിശിഹായുടെ സ്നേഹസാന്നിദ്ധ്യത്തിന്റെ അടയാളങ്ങളാക്കിത്തീർക്കുവാനുള്ള ആഭിമുഖ്യം സഭാസമൂഹത്തിനു നല്കുകയും വേണം.

### 3. സഭ: ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം നടക്കുന്ന സമൂഹം

"*ഇതുകണ്ട് പത്രോസ് അവരോടു പറഞ്ഞു: ഇസ്രായേൽജനമേ, നിങ്ങൾ എന്തിന് ഇതിൽ അത്ഭുതപ്പെടുന്നു? ഞങ്ങൾ സ്വന്തം ശക്തിയോ സുകൃതമോ കൊണ്ട് ഇവനു നടക്കാൻ കഴിവുകൊടുത്തു എന്ന മട്ടിൽ ഞങ്ങളെ സൂക്ഷിച്ചു നോക്കുന്നതെന്തിന്? അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം, തന്റെ ദാസനായ ഈശോയെ മഹത്ത്വപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ അവനെ ഏല്പിച്ചുകൊടുത്തു. പീലാത്തോസ് അവനെ വിട്ടയയ്ക്കാൻ തീരുമാനിച്ചിട്ടും അവന്റെ മുമ്പിൽവച്ച് നിങ്ങൾ അവനെ തള്ളിപ്പറഞ്ഞു*" (3,12-13).

ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന മുടന്തൻ നടന്നും കുതിച്ചുചാടിയും ദൈവത്തെ സ്തുതിച്ചുംകൊണ്ട് പത്രോസിനോടും യോഹന്നാനോടുമൊപ്പം ദൈവാലയത്തിൽ പ്രവേശിക്കുകയും അവരെ വിട്ടുമാറാതെ നില്ക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ ജനങ്ങളെല്ലാം അവരുടെ അടുത്ത് ഓടിക്കൂടി (3,11). അവരുടെ മാന്ത്രികശക്തികൊണ്ട് ഈ രോഗശാന്തി നടന്നാലെന്നതുപോലെ അവരെ സമീപിച്ച ജനത്തോട് പത്രോസ് പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചത് ഇത് നിത്യം ജീവിക്കുന്ന ദൈവത്തിന്റെ മിശിഹായിലൂടെയുള്ള രക്ഷാകരപ്രവർത്തനത്തിന്റെ ഭാഗമാണെന്നാണ്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും

ദൈവം' എന്ന് ദൈവത്തെയും 'തന്റെ ദാസൻ' എന്ന് ഈശോമിശിഹായെയും വിശേഷിപ്പിച്ചുകൊണ്ട്, ഈശോയുടെ മഹത്ത്വീകരണത്തിന്റെ അടയാളമായി ഈ അത്ഭുതത്തെ മനസ്സിലാക്കണമെന്ന് പത്രോസ് അവരെ ഉദ്ബോധിപ്പിക്കുന്നു (3,13-14). അബ്രാഹത്തിലൂടെ തുടക്കംകുറിച്ച് ഈശോമിശിഹായിൽ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ഭാഗമായി ഈ അത്ഭുതത്തെ അംഗീകരിക്കുവാൻ പത്രോസ് ജനത്തെ ആഹ്വാനം ചെയ്യുകയാണ്.

ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണം സംഭവിച്ചത് ഈശോമിശിഹായുടെ ഉത്ഥാനത്തിലാണെന്നും അതിന് ശ്ലീഹന്മാർ സാക്ഷികളാണെന്നും പത്രോസ് ഇവിടെ എടുത്തുപറയുന്നു (3,15). മിശിഹായുടെ ഉത്ഥാനമാണല്ലോ സുവിശേഷപ്രഘോഷണത്തിന്റെയും ക്രിസ്തീയവിശ്വാസത്തിന്റെയും അടിസ്ഥാനം. മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ഇന്ന് സഭയിലൂടെ നടക്കുന്നു എന്നതിന്റെ തെളിവായി ഈ അത്ഭുതത്തെ കാണുവാൻ പത്രോസ് ജനങ്ങളെ ക്ഷണിക്കുന്നു: "അവന്റെ നാമത്തിലുള്ള വിശ്വാസംമൂലം, അവന്റെ നാമമാണ് നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഈ മനുഷ്യനെ സുഖപ്പെടുത്തിയത്" (3,16). ഉത്ഥിതനായ മിശിഹാ ഇന്നു സഭയിൽ ജീവിക്കുന്നു. വിശ്വാസത്തിലൂടെ മിശിഹായോട് ഐക്യപ്പെട്ടു ജീവിക്കുന്നവർക്കെല്ലാം ദൈവത്തിന്റെ രക്ഷ അനുഭവവേദ്യമായിത്തീരുന്നുവെന്ന് പത്രോസ് ഇവിടെ അനിഷേധ്യമായി പ്രസ്താവിക്കുകയാണ്. അതുകൊണ്ട് മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം നടക്കുന്ന സമൂഹമായി നാം സഭയെ അംഗീകരിക്കണം. ദൈവത്തിന്റെ ഈ രക്ഷാകരപ്രവർത്തനം ജനങ്ങൾക്ക് അനുഭവവേദ്യമാകത്തക്കവിധം സഭയിലുള്ള നമ്മുടെ പുരോഹിതശുശ്രൂഷകളെല്ലാം നാം നിർവഹിക്കുകയും വേണം.

**4. സഭ: പശ്ചാത്തപിച്ച് മാനസാന്തരപ്പെടേണ്ട സമൂഹം**

"*അതിനാൽ, നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ചു ദൈവത്തിലേക്കു തിരിയുവിൻ. നിങ്ങൾക്കു കർത്താവിന്റെ സന്നിധിയിൽനിന്നു സമാശ്വാസത്തിന്റെ കാലം വന്നെത്തുകയും, നിങ്ങൾക്കുവേണ്ടി മിശിഹായായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈശോയെ അവിടുന്ന് അയയ്ക്കുകയും ചെയ്യും. ആദിമുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർവഴി ദൈവം അരുളിച്ചെയ്തതുപോലെ, സകലത്തിന്റെയും പുനഃസ്ഥാപനകാലംവരെ സ്വർഗ്ഗം അവനെ സ്വീകരിക്കേണ്ടിയിരിക്കുന്നു*" (3,19-21).

ഈശോയെ വധശിക്ഷയ്ക്ക് ഏല്പിച്ചുകൊടുത്ത യഹൂദനേതാക്കന്മാരെപ്പോലെ അവരും അജ്ഞതകൊണ്ടാണ് ജീവന്റെ നാഥനായ ഈശോയെ അംഗീകരിക്കാതെ പോയതെന്ന് പത്രോസ് തന്റെ ശ്രോതാക്കളോടു പറയുന്നു. എന്നാൽ അതിലൂടെ ദൈവം തന്റെ രക്ഷാപദ്ധതി പൂർത്തിയാക്കുകയായിരുന്നു (3,17-18). ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പൂർത്തീകരണത്തിൽ മനുഷ്യന്റെ അജ്ഞതയ്ക്കും സ്ഥാനമുണ്ട് എന്ന് ഇവിടെ ഒരു സൂചനയുണ്ട്. അറിവില്ലായ്മകൊണ്ടാണല്ലോ മനുഷ്യൻ പാപം ചെയ്യുന്നത്. അറിവില്ലായ്മയും മനുഷ്യന്റെ പാപാവസ്ഥയും ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമാണ്. അതുകൊണ്ട് മനുഷ്യന് ഉത്തരവാദിത്വമില്ല എന്നു ചിന്തിക്കുന്നതു തെറ്റായിരിക്കും. പാപം ചെയ്യുന്നതിൽ മനുഷ്യന് തീർച്ചയായും ഉത്തരവാദിത്വമുണ്ട്. മനുഷ്യന്റെ സ്വാതന്ത്ര്യവും ദൈവത്തിന്റെ പദ്ധതിയും തമ്മിലുള്ള ബന്ധം നമ്മുടെ അറിവിനതീതമാണ്. ഏതായാലും രക്ഷയുടെ വഴി എല്ലാ മനുഷ്യർക്കും തുറന്നുകിടക്കുന്നു എന്ന

താണ് പ്രധാനം. അതുകൊണ്ട് പത്രോസ് അവരെ പശ്ചാത്താപത്തിലേക്കും മാനസാന്തരത്തിലേക്കും ക്ഷണിക്കുകയാണ്: "അതിനാൽ നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ" (3,19). പന്തക്കുസ്താദിനത്തിൽ പത്രോസ് നല്കിയ അതേ ആഹ്വാനമാണ് ഇവിടെയും നല്കുന്നത് (2,38). മാനസാന്തരമാണ് വിശ്വാസത്തിനു തുടക്കം കുറിക്കുന്നത്. മാനസാന്തരം വിശ്വാസത്തിന്റെ ആരംഭമാണ്. വിശ്വാസം മാനസാന്തരത്തിന്റെ തുടർച്ചയാണ്. അതുകൊണ്ട് മാനസാന്തരപ്പെട്ട് ഈശോയിൽ വിശ്വസിക്കുവാനാണ്, പത്രോസ് ഇവിടെ യഹൂദരെ ആഹ്വാനം ചെയ്യുന്നത്.

സഭയിൽ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കേണ്ട ഒന്നാണ് മാനസാന്തരം. കാരണം സഭ പാപബദ്ധരായ മനുഷ്യരുടെ സമൂഹമാണ്. സഭ ഒരേസമയം വിശുദ്ധയും പാപിനിയുമാണെന്നാണല്ലോ സഭയുടെ പ്രബോധനം. സഭ വിശുദ്ധരായവരുടെ സമൂഹമാണ്. കാരണം സഭ ദൈവജനമാണ്; പരിശുദ്ധനായ ദൈവം തനിക്കുവേണ്ടി മാറ്റിവച്ചവരുടെ സമൂഹമാണ്: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്" (1 പത്രോ 2,9). മാമ്മോദീസായിലൂടെ വിശുദ്ധീകരിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. അതേസമയം പാപബദ്ധമായ മനുഷ്യപ്രകൃതിയാണ് സഭാംഗങ്ങൾക്കെല്ലാവർക്കുമുള്ളത്. ആ സ്ഥിതിക്ക് അവർ എപ്പോഴും പാപം ചെയ്യുന്നവരാണ്. അതേസമയം വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരുമാണ്. ഇപ്രകാരം വിശുദ്ധരായവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരു (1 കൊറി 1,2) മായതുകൊണ്ട് സഭാംഗങ്ങൾക്കെല്ലാവർക്കും നിരന്തരമായ മാനസാന്തരത്തിന്റെ അവശ്യകതയുണ്ട്. മാനസാന്തരമെന്നത് ഈശോമിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിലേക്കുള്ള നിർണായകമായ മനസ്സുതിരിവാണെങ്കിൽ, ആ മനസ്സുതിരിവിൽ നിലനില്ക്കുന്നതാണ് വിശ്വാസം. ഇപ്രകാരം നിരന്തരമായി മാനസാന്തരപ്പെട്ടുകൊണ്ടിരിക്കേണ്ട ഒരു സമൂഹമാണ് സഭ. സഭാനേതൃത്വശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതൻ ഇപ്രകാരം മാനസാന്തരാനുഭവമുള്ളവനായിരിക്കണം. മാനസാന്തരാനുഭവത്തിലൂടെ ജനങ്ങളെ വിശ്വാസത്തിൽ വളർത്തുന്നവനുമായിരിക്കണം.

### 5. സഭ: ഉടമ്പടിജനത

"*നിങ്ങൾ പ്രവാചകന്മാരുടെയും നമ്മുടെ പിതാക്കന്മാരോടു ദൈവം ചെയ്ത ഉടമ്പടിയുടെയും സന്തതികളാണ്. അവിടുന്ന് അബ്രാഹത്തോട് അരുളിച്ചെയ്തു: ഭൂമിയിലെ എല്ലാ കുടുംബങ്ങളും നിന്റെ സന്തതിവഴി അനുഗൃഹീതമാകും. ദൈവം തന്റെ ദാസനെ ഉയിർപ്പിച്ച്, ആദ്യം നിങ്ങളുടെ അടുക്കലേക്കാണ് നിയോഗിച്ചയച്ചത്. നിങ്ങൾ ഓരോരുത്തരെയും ദുഷ്ടതയിൽനിന്നു പിന്തിരിപ്പിച്ച് അനുഗ്രഹിക്കാൻവേണ്ടിയാണത്*" (3,25-26).

പത്രോസ് തന്റെ പ്രസംഗത്തിൽ ഈശോയെ മോശയെപ്പോലുള്ള പ്രവാചകനായി അവതരിപ്പിക്കുന്നുണ്ട്: "മോശ ഇപ്രകാരം പറഞ്ഞു: ദൈവമായ കർത്താവ് നിങ്ങൾക്കായി, നിങ്ങളുടെ സഹോദരന്മാരുടെ ഇടയിൽനിന്ന്, എന്നെപ്പോലെ ഒരു പ്രവാചകനെ ഉയർത്തും. അവൻ നിങ്ങളോടു പറയുന്നതെല്ലാം നിങ്ങൾ കേൾക്കണം" (3,22). യഹൂദർ യോഹന്നാൻ സ്നാപകന്റെ അടുത്ത് ആളയച്ച്, സ്നാപകൻ അപ്രകാരമുള്ള പ്രവാചകനാണോ എന്നു ചോദിച്ചതായി യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (യോഹ 1,21). നിയമാവർത്തനപുസ്തകം 18,18 മുതലുള്ള വാക്യങ്ങളിൽ അപ്രകാരമൊരു പ്രവാച

കനെ ദൈവം അയയ്ക്കും എന്നും ആ പ്രവാചകനെ കേൾക്കുന്നില്ലെങ്കിൽ അവർക്ക് അത് നാശത്തിനു കാരണമാകുമെന്നും ദൈവം ഇസ്രായേൽജനതയെ അനുസ്മരിപ്പിക്കുന്നുണ്ട്. ഇവിടെ പത്രോസ് ആ പ്രവാചകനായി ഈശോയെ അവതരിപ്പിച്ചുകൊണ്ട് ഈശോയെ രക്ഷകനായി സ്വീകരിക്കുവാൻ യഹൂദരെ ആഹ്വാനം ചെയ്യുകയാണ്. അവർ ഉടമ്പടിയുടെ സന്തതികളാണെന്നുള്ള വസ്തുതയും പത്രോസ് അവരെ അനുസ്മരിപ്പിക്കുന്നുണ്ട് (3,25). ഉടമ്പടിയുടെ ജനതയിലൂടെ ഭൂമിയിലെ എല്ലാ കുടുംബങ്ങളും അനുഗൃഹീതമാകുമെന്നുള്ള വാഗ്ദാനവും (ഉല്പ 12,3;22,18) അവരെ ഓർമ്മിപ്പിക്കുന്നുണ്ട് (3,25). അതുകൊണ്ട് യഹൂദജനത മിശിഹായിലുള്ള വിശ്വാസം സ്വീകരിച്ച് ഉടമ്പടിജനത എന്ന നിലയിലുള്ള അവരുടെ വിളിയോടു വിശ്വസ്തത പുലർത്തണമെന്നാണ് പത്രോസ് ആഹ്വാനം ചെയ്യുന്നത്.

ആദിമക്രൈസ്തവസമൂഹം യഹൂദക്രൈസ്തവസമൂഹമായിരുന്നല്ലോ. അതുകൊണ്ട് ക്രൈസ്തവസമൂഹം അടിസ്ഥാനപരമായി ഉടമ്പടിജനതയാണ് - പഴയ ഉടമ്പടിജനതയായ ഇസ്രായേലിന്റെ തുടർച്ചയായ പുതിയ ഉടമ്പടിജനത. അതുകൊണ്ട് ഉടമ്പടിജനതയുടെ സവിശേഷതകളെല്ലാം സഭയ്ക്കുണ്ട്. പഴയ ഉടമ്പടിയുടെ പൂർത്തീകരണമാണ് പുതിയ ഉടമ്പടി. ഇപ്രകാരം സഭയെ പുതിയ ഉടമ്പടിജനമായും മിശിഹായെ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായും ഹെബ്രായ ലേഖനം അവതരിപ്പിക്കുന്നുണ്ട് (ഹെബ്രാ 8,1-13). സ്നേഹത്തിന്റെ പുതിയ കല്പന നല്കിക്കൊണ്ട് യോഹന്നാന്റെ സുവിശേഷത്തിൽ ഈശോതന്നെ അതു സ്ഥിരീകരിക്കുന്നുമുണ്ട് (യോഹ 13,34-35). അതുകൊണ്ട് ഉടമ്പടിജനതയെന്ന സഭയുടെ സ്വഭാവം സഭാംഗങ്ങൾ മനസ്സിലാക്കണം. സഭയെ ഉടമ്പടിജനതയായി കർത്താവു സ്വന്തമാക്കിയത് മനുഷ്യകുലം മുഴുവൻ അനുഗൃഹീതമാകാനാണ് (3,25). ഉടമ്പടിബന്ധം ശരിയായ രീതിയിൽ പുലർത്തിക്കൊണ്ട് ജീവിക്കുമ്പോൾ സഭാംഗങ്ങൾ അനുഗ്രഹിക്കപ്പെടും (3,26). അതുവഴി മനുഷ്യകുലം മുഴുവനും അനുഗൃഹീതമാകും. സഭയാകുന്ന ഉടമ്പടിജനതയുടെ ശുശ്രൂഷകനാണ് പുരോഹിതൻ. ഉടമ്പടിജനത എന്ന നിലയിലുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് സഭാംഗങ്ങളെ ബോധവൽക്കരിക്കുവാനുള്ള ഉത്തരവാദിത്വം സഭാശുശ്രൂഷകനായ പുരോഹിതനുണ്ട്.

**ജീവിതസൂചിക**

1. സഭയുടെ പ്രാർത്ഥനകൾ ചൊല്ലുവാനും അതിന് സഭാംഗങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?

2. സഭയെ ഭൂമിയിലുള്ള മിശിഹായുടെ രക്ഷാകരസ്നേഹസാന്നിദ്ധ്യമാക്കാൻ നമുക്ക് എങ്ങനെ സാധിക്കും?

3. മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ജനങ്ങൾക്ക് അനുഭവവേദ്യമാകത്തക്കവിധം പുരോഹിതശുശ്രൂഷകൾ നിർവഹിക്കുവാൻ നാം എങ്ങനെ പരിശ്രമിക്കണം?

4. മാനസാന്തരാനുഭവത്തിലൂടെ ജനങ്ങളെ വിശ്വാസത്തിൽ വളർത്തുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കണം?

5. ഉടമ്പടിജനതയെന്ന നിലയിലുള്ള ഉത്തരവാദിത്വബോധം സഭാംഗങ്ങളിൽ ഉളവാക്കാൻ നമുക്ക് എപ്രകാരം സാധിക്കും?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**2018 മാർച്ച്**

26 രാവിലെ കർദ്ദിനാൾ ആന്റണി പടിയറ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് മണിമല സെന്റ് ബേസിൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് മണിമല ഹോളി മജെയ് ഫൊറോന പള്ളിയിൽ പുതിയതായി ആരംഭിച്ച വെബ്സൈറ്റിന്റെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു.

27 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

29 പെസഹാവ്യാഴം

30 പീഡാനുഭവവെള്ളി

**2018 ഏപ്രിൽ**

1 ഉയിർപ്പുതിരുനാൾ

2 ചെത്തിപ്പുഴ പള്ളിയിൽ വിവാഹ വാഗ്ദാന കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

3 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്റേറിയത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് വേഴപ്രയിൽ കൈതപ്പറമ്പിൽ സണ്ണിയുടെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് വീട്ടിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. തുടർന്ന് കൈനകരിയിൽ സി. റോമിയൂസ് മമ്പലം സി.എം.സി. യുടെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം കുറിച്ചി സെമിനാരിയിൽ വെക്കേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളെ സന്ദർശിച്ച് സംസാരിച്ചു. തുടർന്ന്, തൈപ്പറമ്പിൽ ബഹു. ജോബിൻ അച്ചന്റെ ഭവനം സന്ദർശിച്ച് ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

4 കുറിച്ചി സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വാഴപ്പള്ളി ആരാധന മഠത്തിൽ സി. സിസ്സിലി ചെറുകോട്ടു വടക്കേത്തലയ്ക്കൽ SABS-ന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കല്ലൂപ്പാറ സെന്റ് ജോസഫ് ബോയ്സ് ഹോമിലെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

5 ഇടുക്കി വാഴത്തോപ്പ് കത്തീഡ്രലിൽ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മെത്രാഭിഷേക ശുശ്രൂഷയിൽ പങ്കെടുത്തു. വൈകുന്നേരം കോതമംഗലം ബിഷപ്പ് ഹൗസിൽ നടന്ന യോഗത്തിൽ പങ്കെടുത്തു.

6 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നാൽപ്പാത്തിമല സെന്റ് തോമസ് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ചു നടന്ന വി. കുർബാന മദ്ധ്യേ വചനസന്ദേശം നൽകി.

8 രാവിലെ കരുമാടി സെന്റ് നിക്കോളാസ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. വിശ്വാസോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ കലാപരിപാടികൾ സന്ദർശിച്ച് പ്രോത്സാഹിപ്പിച്ചു. എടത്വാ ജൂബിലി ആശുപത്രിയിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. പറപ്പള്ളിൽ അച്ചനെ സന്ദർശിച്ചു

സംസാരിച്ചു. കൊടുപ്പുന്ന സെന്റ് ജോസഫ് സൺഡേ സ്കൂൾ വിശ്വാസോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികളെ സന്ദർശിച്ചു സന്ദേശം നൽകി. അസംപ്ഷൻ സൺഡേസ്കൂളിൽ വിശ്വാസോത്സവത്തിന്റെ ഭാഗമായി നടന്ന പേരന്റ്സ് മീറ്റിംഗിൽ പങ്കെടുത്ത് മാതാപിതാക്കൾക്ക് സന്ദേശം നൽകി.

9 വൈകുന്നേരം പള്ളാത്തുരുത്തി സെന്റ് തോമസ് ഇടവകയുടെ ശതാബ്ദിയാഘോഷ സമാപനസമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

10 കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടന്ന മിഷൻലീഗ് ഡയറക്ടേഴ്സിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് തെള്ളകം സൺഡേ സ്കൂൾ വിശ്വാസോത്സവത്തിൽ പങ്കെടുക്കുന്നവരെ സന്ദർശിച്ച് സന്ദേശം നൽകി.

11 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

12 'മാരിയോസ്' സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബൈബിൾ കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണവും പുതിയ ബാച്ചിന്റെ കോഴ്സ് ഉദ്ഘാടനവും നടത്തി. കുളത്തൂർ ലിറ്റിൽ ഫ്ളവർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. വൈകുന്നേരം പാസ്റ്ററൽ കൗൺസിലിന്റെ എക്സിക്യൂട്ടീവ് യോഗത്തിൽ സംബന്ധിച്ചു.

13 രാവിലെ കുറിച്ചി ഇടവകയിൽ തൈപ്പറമ്പിൽ ജോയ്സന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്കു നേതൃത്വം നൽകി. സന്ദേശനിലയത്തിൽ മീഡിയ ഹാളിൽ പെൺകുട്ടികൾക്കായി നടത്തപ്പെട്ട ഏകദിന ദൈവവിളി സെമിനാറിൽ പങ്കെടുക്കുന്നവരെ കണ്ടു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പൊങ്ങ മാർ സ്ലീവാ സൺഡേസ്കൂളിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

14 രാവിലെ സിഎംസി ചങ്ങനാശ്ശേരി പ്രോവിൻസിന്റെ ശതാബ്ദിയാഘോഷത്തോടനുബന്ധിച്ച് സെന്റ്ജോസഫ് മഠത്തിൽ വി. കുർബാനയർപ്പിച്ചു. കോട്ടയം ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങൾക്കായി കോട്ടയം ലൂർദ്ദ് പള്ളിയങ്കണത്തിൽ നടത്തപ്പെട്ട ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ ഇടവകയിൽ വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് സിഎംസി ഹോളി ക്വീൻസ് പ്രോവിൻസിന്റെ ശതാബ്ദിയാഘോഷ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം പൊടിപ്പാറ പള്ളിയിൽ ജോസഫ് നടുവിലേഴം അച്ചന്റെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

15 രാവിലെ കായൽപ്പുറം സെന്റ് ജോസഫ് പള്ളിയിൽ പുതിയതായി സ്ഥാപിച്ച കൊടിമരത്തിന്റെ വെഞ്ചരിപ്പു നിർവ്വഹിച്ചു സന്ദേശം നൽകി. പുലിമുഖം മർത്ത് മറിയം ഇടവകദിനാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജിൽ എ.കെ.സി.സി. ശതാബ്ദിയാഘോഷ സമാപനസമ്മേളനത്തിൽ സംബന്ധിച്ചു. വൈകുന്നേരം ഫിൽഗിരി പള്ളിയിൽ മേജർ സെമിനാരി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ നടന്ന സ്നേഹോത്സവം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സെമിനാരിക്കാരൊടൊപ്പം അത്താഴത്തിൽ പങ്കുചേർന്നു.

16 തിരുവനന്തപുരത്തുനിന്നും രാവിലെ ഡൽഹി സിബിസിഐ ആസ്ഥാനത്തെത്തി. വി. കുർബാനയർപ്പണത്തിനുശേഷം ഉച്ചയോടെ വത്തിക്കാൻ എംബസ്സിയിലെത്തി നുൺഷ്യോയുമായി കൂടിക്കാഴ്ച നടത്തുകയും, തുടർന്ന് വൈകു

ന്നേരം സാഗറിലേക്കായി യാത്രയായി.

17 രാവിലെ സാഗറിൽ മാർ ജയിംസ് അത്തിക്കളം പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു. വൈകുന്നേരം, ഭോപ്പാൽ ബിഷപ്സ് ഹൗസിൽ താമസിച്ചു.

18 ഭോപ്പാൽ രൂപതയിലെ മിഷൻകേന്ദ്രങ്ങൾ സന്ദർശിച്ചു.

19,20 ബോംബെ അന്ധേരിയിൽ എക്യുമെനിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന കോൺഫ്രൻസിൽ പങ്കെടുത്തു.

21 രാവിലെ കരുവാറ്റ പള്ളിയിൽ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു. കൂത്രപ്പള്ളി ആരാധനാ മഠത്തിൽ എസ്എബിഎസ് സന്യാസസമൂഹാംഗങ്ങളുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചയ്ക്ക് കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് മുട്ടാർ സെന്റ് ജോർജ് ഇടവകയിൽ, സ്രാമ്പിക്കൽ ബഹു. ജോർജ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

22 രാവിലെ തിരുവനന്തപുരം നെടുമങ്ങാട് പുതിയതായി ആരംഭിക്കുവാനാഗ്രഹിക്കുന്ന മദർ തെരേസാ വൃദ്ധസദനത്തിനുള്ള ശില ആശിർവ്വദിച്ചു സ്ഥാപിച്ചു. കേശവദാസപുരം മാർ ഗീവർഗ്ഗീസ് സഹദാ പാസ്റ്ററൽ സെന്ററിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. കഴക്കൂട്ടം ജോൺ പോൾ സെക്കന്റ് യൂത്ത് സെന്റർ സന്ദർശിക്കുകയും സെന്റ് ജൂഡ് ഇടവകയിൽ പ്രാരംഭകൂദാശ പരികർമ്മം ചെയ്യുകയും ചെയ്തു. വെഞ്ഞാറമ്മൂട് അമല പാസ്റ്ററൽ സെന്ററിൽ അവധിക്കാല ക്യാമ്പിൽ സംബന്ധിക്കുന്ന കുട്ടികളെ സന്ദർശിച്ച് സന്ദേശം നൽകി.

23 രാവിലെ പുന്നത്തുറ ഇടവകയിൽ കരിങ്ങോട്ടിൽ മറിയക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വെരൂർ ഇടവക പള്ളിയിൽ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ക്ലാര സന്ന്യാസ സമൂഹാംഗങ്ങൾക്കായി (എഫ്.സി.സി. സിസ്റ്റേഴ്സ്) ആശീർവാദവും സന്ദേശവും നൽകി. ഉച്ചകഴിഞ്ഞ് മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂരിൽ സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. വൈകുന്നേരം കത്തീഡ്രൽ പള്ളിയിൽ വിവാഹ വാഗ്ദാന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

24 രാവിലെ നെടുമണ്ണി ഫാത്തിമാമാതാ പള്ളിയിൽ കുടുംബത്തിലെ 8-ാമത്തെ ശിശുവിന് പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്ത് സന്ദേശം നൽകി. മുഹമ്മയിൽ ദീപ്തി സ്പെഷ്യൽ സ്കൂളിനോടനുബന്ധിച്ച് നിർമ്മിച്ച ചാപ്പലിന്റെ കൂദാശ നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് അവസാനവർഷ മൈനർ സെമിനാരിക്കാരെ കണ്ട് അവർ ഫിലോസഫി പഠിക്കേണ്ട മേജർ സെമിനാരി അവരെ അറിയിച്ചു. എസ്.ബി. കോളേജിൽ സംഘടിപ്പിക്കപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ഇന്റർ-ഡിപ്പാർട്ട്മെന്റൽ മീറ്റിംഗിൽ പങ്കെടുത്തു.

25 രാവിലെ അതിരൂപതയിലെ മിഷൻലീഗ് കുട്ടികൾക്കായി ഫാത്തിമാപുരം എസ്എച്ച് സ്കൂളിൽ നടത്തപ്പെടുന്ന ക്യാമ്പിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പാറേൽ തിരുഹൃദയ സന്ന്യാസിനികളുടെ സുവർണ്ണ-രജതജൂബിലി ആഘോഷിക്കുന്നവർക്ക് ആശീർവ്വാദം നൽകി. ഉച്ചകഴിഞ്ഞ് ആറുമാനൂരിൽ ക്ലാരസന്ന്യാസിനികളുടെ (എഫ്.സി.സി. സിസ്റ്റേഴ്സ്) നേതൃത്വത്തിൽ നടത്തപ്പെടുന്ന റിഹാബിലിറ്റേഷൻ സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

## മാർ തോമസ് തറയിൽ

**2018 മാർച്ച്**

24 അതിരൂപതയ്ക്കായി വൈദിക പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് മ്ശംശാനപട്ടം നല്കുന്ന ശുശ്രൂഷയിൽ സഹകാർമ്മികനായിരുന്നു. എസ്. ബി. ഹൈസ്കൂളിൽ കോർപ്പെറേറ്റ് മാനേജ്മെന്റിലെ സ്റ്റാഫംഗങ്ങൾക്ക് നല്കിയ യാത്രയയപ്പ് സമ്മേളനത്തിൽ ആശംസനേർന്ന് സംസാരിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ പ്രോലൈഫ് മിനിസ്ട്രിയുടെ ഭാഗമായി നടത്തുന്ന റാലി ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

25 ആര്യങ്കാവ് സെന്റ് മേരീസ് ഇടവകയിൽ നടന്ന ഓശാന തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നല്കി.

26 എസ്.ബി. ഹയർസെക്കണ്ടറി സ്കൂളിൽ സ്റ്റാഫംഗങ്ങളോട് സംസാരിച്ചു. ഫാദർ തോമസ് ഇല്ലിക്കാട്ടിൽ എം.എസ്.എഫ്.എസ്.ന്റെ മരണാനന്തര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ച് അനുശോചനമറിയിച്ചു.

27 പുളിങ്കുന്ന് സെന്റ് മേരീസ് ദൈവാലയത്തിൽ സിസ്റ്റർ അഗസ്സാ നടുവാലേപ്പറമ്പിൽ സി.എം.സി.യുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

28 നെടുങ്കുന്നം ആരാധനാമഠത്തിൽ വി.കുർബാനയർപ്പിച്ച് സന്ദേശം നല്കി. നെടുംങ്കുന്നം ഫൊറോനപള്ളിയിൽ പഞ്ചവത്സര അജപാലനപദ്ധതി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

29 നെയ്യാർഡാം ഓപ്പൺ ജയിൽ സന്ദർശിച്ച് അന്തേവാസികൾക്കുവേണ്ടി പെസഹാ തിരുകർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അമ്പൂരി സെന്റ് ജോർജ്ജ് ഫെറോന ദൈവാലയത്തിൽ പെസഹാ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് സന്ദേശംനല്കി.

30 തിരുവനന്തപുരം നഗരത്തിൽ വിവിധ സഭകളുടെ നേതൃത്വത്തിൽ നടത്തിയ കുരിശിന്റവഴിയിൽ പങ്കെടുത്ത് ആമുഖ പ്രഭാഷണം നടത്തി. വൈകുന്നേരം തിരുവനന്തപുരം ലൂർദ്ദ് ഫെറോന ദൈവാലയത്തിലെ പീഢാനുഭവവെള്ളികർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

31 തിരുവനന്തപുരം പേരൂർക്കട ദൈവാലയത്തിൽ ദുഃഖശനിയാഴ്ച്ച കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

**2018 ഏപ്രിൽ**

1 തിരുവനന്തപുരം ലൂർദ്ദ്ഫെറോന ദൈവാലയത്തിൽ ഈസ്റ്റർ കുർബാനയർപ്പിച്ച് സന്ദേശം നൽകി. യുവജനങ്ങളുടെ നേതൃത്വത്തിൽ നടന്ന ഈസ്റ്റർ മുട്ടവിതരണം ഉദ്ഘാടനംചെയ്തു.

2 രാജമറ്റം ഡി.എസ്.ജെ. മഠത്തിൽ വി.കുർബാനയർപ്പിച്ചു. കുറിച്ചി മൈനർസെമിനാരിയിൽ ദൈവവിളി സെമിനാറിൽ സന്ദേശംനൽകി. പാലാ രൂപത വികാരി ജനറൽ എബ്രഹാം കൊല്ലിത്താനത്തുമലയിലിന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലിപ്രാർത്ഥിച്ചു.

3 അതിരൂപതാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. കടയിനിക്കാട് സെന്റ് മേരീസ് ദൈവാലയത്തിൽ ചങ്ങനാശ്ശേരി ഇടവകാംഗങ്ങളായ

വൈദികരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

4 ബഹു. കാലായിൽ ജോസഫച്ചന്റെ നവതി ആഘോഷങ്ങൾ ഉദ്ഘാടനം നിർവഹിച്ച് ആശംസകളറിയിച്ചു. പുതുശ്ശേരി ബോയ്സ് ഹോമിന്റെ ഹോംഡേ പരിപാടികളിൽ പങ്കെടുത്തു സന്ദേശം നല്കി.

5 ഇടുക്കി രൂപതയുടെ പുതിയ മെത്രാൻ മാർ ജോൺ നെല്ലികുന്നേലിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ പങ്കെടുത്തു.

6 വിശ്വാസോത്സവത്തോടനുബന്ധിച്ച് തോട്ടയ്ക്കാട് സൺഡേസ്കൂൾ വിദ്യാർത്ഥികളുമായി സംവദിച്ചു. വൈകുന്നേരം ഖാദി ഈസ്റ്റർ മേള ഉദ്ഘാടനം ചെയ്തു. സാഗർ രൂപതയുടെ നിയുക്ത മെത്രാൻ മാർ ജെയിംസ് അത്തിക്കളം പിതാവിന്റെ ഭവനം സന്ദർശിച്ചു.

7 വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന കാരുണ്യഭവനത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. പ്രീസ്റ്റ്ഹോമിലെത്തി എല്ലാവൈദികരെയും സന്ദർശിച്ചു.

8 വിതുര സകല വിശുദ്ധരുടെയും ദൈവാലയത്തിൽ തിരുനാൾകുർബാനയർപ്പിച്ച് തിരുന്നാൾ സന്ദേശം നല്കി. ബഹു. വർഗ്ഗീസ്സ് നമ്പിമഠം അച്ചന്റെ ഭവനം സന്ദർശിച്ചു. വെഞ്ചെമ്പ് അമ്മവീട് സന്ദർശിച്ച് പുനരധിവാസകേന്ദ്രം ഉദ്ഘാടനം ചെയ്തു.

9 പള്ളാത്തുരുത്തി സെന്റ് തോമസ് ഇടവകയുടെ ശതാബ്ദി ആഘോഷങ്ങളോടനിബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

10 ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വൈദികർക്ക് ക്ലാസെടുത്തു.

11 മല്ലപ്പള്ളിയിലുള്ള എം.സി.ബി.സ്. ദിവ്യകാരുണ്യഭവനിൽ വി.യൗസേപ്പിതാവിന്റെ നാമത്തിലുള്ള പുതിയ കപ്പേളയുടെ വെഞ്ചരിപ്പ് നടത്തി. വെളിയനാട് സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും വി. ഫ്രാൻസീസ് സേവ്യറുടെ നാമത്തിലുള്ള പുതിയ കുരിശടി വെഞ്ചരിക്കുകയും ചെയ്തു.

12 കൊണ്ടാക്കൽ സെന്റ്ജോസഫ് ദൈവാലയത്തിലെ ആഘോഷമായ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. സന്ദേശനിലയത്തിൽ നടന്ന മതബോധന വിഭാഗത്തിന്റെ അവലോകനത്തിൽ പങ്കെടുത്തു തുടർന്ന് അരമനയിൽ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തു.

13 സി.എം.സി. മൗണ്ട് കാർമ്മൽ കോൺവന്റിന്റെ ശതോത്തര രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശംനല്കി. സന്ദേശനിലയത്തിൽ പെൺകുട്ടികൾക്ക് വേണ്ടി നടത്തിയ ദൈവവിളി സെമിനാറിൽ സംസാരിച്ചു.വി.യൗസേപ്പിതാവിന്റെ തിരുനാളും സണ്ടേസ്കൂളിന്റെ വാർഷികവുമാഘോഷിക്കുന്ന പൊങ്ങ, മാർ സ്ളീവാ ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ചു.

14 കൂത്രപ്പള്ളി എസ്.എ.ബി.സ്. മഠത്തിൽ നടത്തിയ 14 സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ വി.കുർബാനയർപ്പിച്ച് മംഗളങ്ങൾ നേർന്നു. വൈകുന്നേരം പൊടിപ്പാറ ഇടവകയിൽ സംഘടിപ്പിച്ച ബ. നടുവിലേഴം

ജോസച്ചന്റെ ജൂബിലി ആഘോഷത്തിൽ ആശംസകൾ നേർന്നു.

15 പറാൽ സെന്റ് ആന്റണീസ് ദൈവാലയത്തിലെ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. ചമ്പക്കര സെന്റ് ജോസഫ് ദൈവാലയത്തിൽ പഞ്ചവത്സര അജപാലനപദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച്, സന്ദേശംനല്കി.

16 ഫിൽഗിരി സെന്റ് ജോസഫ് പള്ളിയിൽ വെച്ച് നടത്തിയ അതിരൂപതയിലെ മേജർ സെമിനാരി വിദ്യാർത്ഥികളുടെ വർക്ക്ക്യാമ്പിൽ പങ്കെടുത്തു. വൈകുന്നേരം വി.കുർബാനയ്ക്ക്ശേഷം ഇടവകയിലെ മുതിർന്നവരെയും രോഗികളായുള്ളവരെയും സന്ദർശിച്ചു.

17 തിരുവനന്തപുരം, കൊല്ലം, അമ്പൂരി ഫൊറോനകളിലെ ബഹു.അച്ചൻമാരുടെ കോൺഫറൻസ് ഫിൽഗിരിയിൽ നടത്തി. കോക്കാടുള്ള 'അമ്മ' അഗതിഭവനം സന്ദർശിച്ച് വി. കുർബാനയർപ്പിച്ചു. വൈകുന്നേരം രോഗീസന്ദർശനം നടത്തി.

18 പ്രീസ്റ്റ്ഹോമിലെത്തി രോഗശയ്യയിലായിരുന്ന ബഹു. സ്രാമ്പിക്കൽ ജോർജ് അച്ചനെ സന്ദർശിച്ചു.

19 എസ്.ബി. ഹയർസെക്കണ്ടറി സ്കൂളിൽ നടന്ന അദ്ധ്യാപകപരിശീലന പരിപാടിയിൽ സംസാരിച്ചു.സന്ദേശനിലയം നവോദയ വിദ്യാർത്ഥികൾക്ക് വേണ്ടിസംഘടിപ്പിച്ച ക്യാമ്പിൽ അംഗങ്ങളോട് സംവദിച്ചു. മാർത്തോമാസഭയിലെ അന്തരിച്ച ഗീവർഗ്ഗീസ് മാർ അത്തനാസിയോസ് തിരുമേനിയുടെ മൃതദേഹത്തിങ്കൽ പ്രാർത്ഥിച്ചു. പ്രീസ്റ്റ്ഹോമിലെത്തി ബഹു. ജോർജ് സ്രമ്പിക്കലച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

2021 ബാംഗ്ളൂർ കർമ്മലരാം ആധ്യാത്മപീഠത്തിൽ ക്ളാസ്സെടുത്തു.

22 കരുവാറ്റ സെന്റ് ജോസഫ് ദൈവാലയത്തിൽ വി.യൗസേപ്പിതാവിന്റെ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നല്കി. കായൽപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ വി.യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് സന്ദേശം നല്കുകയും പുതിയ കൽകുരിശിന്റെ ആശീർവ്വാദം നടത്തുകയും ചെയ്തു. വൈകുന്നേരം പുത്തനങ്ങാടി സെന്റ്ജോർജ് ദൈവാലയത്തിന്റെ ഇടവകദിനം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

23 നാഗ്പൂർ ആർച്ച്ബിഷപ്പ് ഡോ. എബ്രഹാം വിരുതിക്കുളങ്ങര പിതാവിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു.

24 തെള്ളകം സെന്റ് ജോസഫ് ദൈവാലയത്തിൽ ബോപ്പാൽ പ്രൊവിൻസ് സിഎംസി സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണ കർമ്മക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിൽ നടത്തിയ മിഷൻലീഗ് നേതൃത്വക്യാമ്പിൽ പങ്കെടുത്തവരോട് സംവദിച്ചു. അരമനയിൽ നടന്ന ഇന്റർഡിപ്പാർട്ട്മെന്റൽ യോഗത്തിൽ പങ്കെടുത്തു.

25 ആലുവ തോട്ടുമുഖം എസ്.ഡി. ജനറലേറ്റിൽ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. കാക്കനാട് സെന്റ് തോമസ് മൗണ്ടിലെത്തി അഭിവന്ദ്യ ആലഞ്ചേരി പിതാവിനെ സന്ദർശിച്ചു. ഇത്തിത്താനം ആശാഭവനിൽ കെയർഹോംസിന്റെ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്തു.

# ENGAGEMENTS

**2018 MAY**

## Mar Joseph Perumthottam

**Metropolitan Archbishop of Changanacherry**

| | | |
|---|---|---|
| 1 | **03.00 p.m.** | May Day Celebration Inauguration @ Archbishop's house |
| | **04.00 p.m.** | to Bangalore |
| 2 - 4 | | CBCI Standing Committee @ St John's, Bangalore |
| 5 | **06.15 a.m.** | *Qurbana* & Solemn Reception of Holy Communion @ Veroor |
| | **09.15 a.m.** | Course Inauguration- Inter Eparchial Civil Service Institute @ Pala |
| | **06.00 p.m.** | Golden Jubilee Celebration of Gatsemeny Ashramam @ Vazhappally |
| 6 | **06.30 a.m.** | Engaged |
| | **11.00 a.m**. | Parish Festal Message @ Kuttamangalam, St Joseph's |
| | **02.30 p.m.** | Sunday School HM's Retreat @ Kunnamthanam |
| | **04.00 p.m**. | Rededication of *Madbaha* @ Manackachira, St Joseph's |
| 7 | **06.00 a.m.** | Festal *Qurbana* @ Edathua St George Forane |
| | **06.30 p.m.** | Inauguration of Major Seminarians' Gathering @ Kurichy Seminary |
| 8 | **10.00 a.m.** | Final Profession of Josephine Sisters @ Villoonni |
| | **02.30 p.m.** | Conference with SST Sisters @ Palamattam |
| 9 | **09 .00 a.m.** | Interactive Session with Major Seminarians @ Kurichy Seminary |
| | **07.00 p.m.** | Parish Convention @ Athirampuzha St Mary's Forane |
| 10 | **11.30 a.m.** | Engaged |
| | **02.30 p.m.** | Vestition of CMC Sisters @ Carmel Convent, Ithithanam |
| | **06.00 p.m.** | Monthly Recollection for Priests @ Archbishop's House |
| 11 | **06.30 a.m.** | *Qurbana* & Minor Orders, Professors Meet @ Kurichy Seminary |
| | **02.30 p.m.** | Course Inauguration @ Amala Theological College, Parel |
| | **07.00 p.m.** | Charity World Trust Meeting @ Archbishop's House |
| 12 | | Engaged |
| 13 | | Engaged |
| 14 | **02.30 p.m.** | Priestly Ordination of Dn Xavier Vannyamparambil @ Kaithavana |
| | **07.00 p.m.** | CLT, MCC Course @ SBHSS |
| 15 | **10.00 a.m.** | Presbyteral Council |
| 16 | **07.30 a.m.** | *Palliquadasha* & *Qurbana* @ Rajagiri |
| 17 | **10.00 a.m.** | Vestition of ASMI Sisters @ Cheeranchira |
| | **03.00 p.m.** | House Blessing @ Eravuchira |
| | **06.00 p.m.** | Interdepartmental Meeting @ Archbishop's House |

| | | |
|---|---|---|
| 18 | **03.00 p.m.** | Meeting @ SB College |
| | **06.45 p.m.** | Formators' Course Concluding Session @ Denahalaya, Punnapra |
| 19 | **Archeparchial Day** | |
| | **05.00 p.m.** | *Qurbana* @ Manackachira |
| 20 | **06.00 a.m.** | Pastoral Visit @ Ponga Mar Sleeva |
| | **07.00 p.m.** | Home Mission Sisters' Gathering @ Pastoral centre |
| 21 | **09.00 a.m.** | New Admission Day @ Kurichy Seminary |
| 22 | **10.00 a.m.** | Teachers Zonal Convention @ Edathua |
| | **02.30 p.m.** | Sacristians Gathering @ Archbishop's House |
| 23 | Engaged | |
| 24 | Engaged | |
| 25 | **10.00 a.m.** | Sacristians Gathering @ Archbishop's House |
| | **11.30 a.m.** | Teachers' Zonal Convention @ Champakulam |
| | **03.00 p.m.** | *Palliquadasha* @ Athirampuzha, Reetha Chapel |
| 26 | **07.00 a.m.** | Engaged |
| | **11.00 a.m.** | Engaged |
| | **12.15 p.m.** | Catechetical Teachers' Meet @ Sandesanilayam |
| | **03.00 p.m.** | Meeting @ S B College |
| | **06.00 p.m.** | Hall Blessing @ Thrickodithanam |
| 27 | **06.00 a.m.** | Pastoral Visit @ Muhamma St George |
| 28 | Engaged | |
| 29 | **10.00 a.m.** | Sacristians Gathering @ Lourdes, TVM |
| 30 | **p.m.** | Regional Bishop's Conference @ CHY |
| 31 | **a.m.** | Regional Bishop's Conference @ CHY |

# ENGAGEMENTS

**2018 MAY**

## Mar Thomas Tharayil
**Auxiliary Bishop**

| | | |
|---|---|---|
| 1 | **06.30 a.m.** | *Qurbana* @ Pulincunnoo |
| | **04.00 p.m.** | May Day Rally @ Cathedral |
| 2 | **06.00 a.m.** | *Qurbana* @ SD Provincial House |
| | **09.00 a.m. - 04.00 p.m.** | Class @ *Danahalaya* |
| 3 | **09.00 a.m. - 03.00 p.m.** | Class @ *Danahalaya* |
| | **04.30 p.m.** | *Qurbana* @ Vaisyambhagom |
| 4 | **09.00 a.m. - 11.30 p.m.** | Curia |
| | **04.30 p.m.** | *Qurbana* @ Anakulam, Anchal |
| 5 | **11.00 a.m.** | Solemn Holy Communion @ Umikuppa |
| | **05.30 p.m.** | Headmasters' Retreat @ Sandesanilayam |
| 6 | **10.00 a.m.** | Adoor Mondalam Blessing & *Qurbana* |
| | **05.00 p.m.** | Jubilee *Qurbana* @ Gethsemani,Vazhapally |
| 7 | Engaged | |
| 8 | **06.30 a.m.** | Solemn Holy Communion @ Vaipur Old |
| | **09.00 a.m. - 12.00 p.m.** | Major Seminarians Gathering |
| | **02.30 p.m.** | Visitors' Time |
| 9 | **08.30 a.m.** | Curia |
| | **06.30 a.m.** | *Qurbana* @ Kurichy |
| | **10.30 a.m.** | Finance Council |
| | **02.30 p.m. - 04.00 p.m.** | Visitors' Time |
| | **06.00 p.m.** | Major Seminarians' Gathering @ Kurichy |
| 10 | **07.00 a.m.** | Solemn Holy Communion @ Kadayinikkad |
| | **10.00 a.m.** | Message @ Nedumkunnam |
| | **02.30 p.m.** | @ Minor Seminary, Kurichy |
| 11 | **06.30 a.m.** | Vestition @ Kurichy |
| | **10.00 a.m.** | Major Seminary Professors' Meet @ Kurichy |
| | **11.30 a.m.** | New priests' Gathering @ Kurichy |
| | **03.30 p.m.** | Presbytery Blessing @ Champakulam |
| | **06.00 p.m.** | Message @ Athirumpuzha Convention |
| 12 | **09.30 a.m.** | Solemn Holy Communion @ Cathedral |
| 13 | **10.00 a.m.** | Solemn Holy communion @ Anchal |
| | **05.00 p.m.** | Foundation Stone Blessing @ Chenganoor |
| 14 | **06.45 a.m.** | *Qurbana* @ Muttar |
| | **11.00 a.m.** | Marriage @ Kesaria Veliyanadu |
| | **05.00 p.m.** | Parish Hall Blessing @ Thakazhi |
| 15 | **09.30 a.m.** | Presbyteral Concil |
| 16 | **08.30 a.m.** | Curia |
| | **11.30 a.m.** | Jubilee *Qurbana* |

| | | |
|---|---|---|
| | **02.30 p.m.** | Visitors' Time |
| 17 | **10.00 a.m.** | Class for Capuchin Priests @ Bharanganam |
| | **05.00 p.m.** | *Qurbana* @ Manackachira |
| | **06.00 p.m.** | Interdepartmental Meeting |
| 18 | **08.30 a.m.** | Curia |
| | **02.00 p.m. - 05.00 p.m.** Engaged | |
| 19 | **Archdiocesan Day** | |
| | **06.00 p.m.** | *Qurbana* @ Rajamattom DSJ Convent |
| 20 | **07.30 a.m.** | *Qurbana* @ Kattachira |
| | **10.00 a.m.** | Eravuchira Parish Day |
| | **11.45 a.m.** | Vincent De Paul Annual Meeting @ Parel |
| | **03.00 p.m.** | @ Lourde Bhavan Aruvickuzhy |
| 21 | **10.00 a.m.** | Teachers' Training @ Amboori |
| | **02.30 p.m.** | Parish Day @ Mayam |
| 22 | Engaged | |
| 23 | **08.30 a.m.** | Curia |
| | **12.30 p.m.** | Teachers' Training @ Nedumkunnam |
| | **07.00 p.m. - 08.00 p.m.** Palliative Care Meeting @ SH Parel | |
| 24 | **10.00 a.m.** | Teachers' Training @ Athirampuzha |
| | **02.30 p.m.** | Visitors' Time |
| | **04.30 p.m.** | Pastoral Council Agenda Committee |
| 25 | **10.00 a.m.** | Malankara Formators Course @ Tvm |
| | **06.00 p.m.** | Retreat @ Dharmaram, Bangalore |
| 26-30 | | Retreat @ Dharmaram, Bangalore |
| 30-31 | **06.00 p.m.** | Bishops' Monthly Recollection |
| 31 | **03.00 p.m.** | @ TTI Vazhappally |

# ENGAGEMENTS 2018 MAY

## Mar Joseph Powathil
**Archbishop Emeritus**

| | | |
|---|---|---|
| **01** | **04.00 p.m.** | KLM May Day Rally @ S.B College |
| | **06.00 p.m.** | Parish Day @ Mammoodu |
| 11 | **06.30 a.m.** | Vestition @ Kurichy |
| 12 | **07.00 a.m.** | Homily @ Manackachira |
| | **08.45 a.m.** | @ S.B. School Chapel |
| 22 | **10.00 a.m.** | *Samarpitha Sangamam* @ Kurumpanadom |
| 28 | **10.00 a.m** | Chry Teachers' Zone Convention @ S.B School |
| 30 & 31 | | Regional Bishops' Recollection @ Chry |